Reg. No. C. 101 M. 2293

ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 23 | 1125 മേടം 23—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 ഏപ്രിൽ 19 | ലക്കം 32 |
|---|---|---|

## ആ വാടാപ്പൂക്കൾ

(കെ. സി. ചാക്കോ

എം. എ., ബി. ഈ. എ. എം. ഐ. ഈ.)

മനുഷ്യന്റെ വസ്തുജ്ഞാനത്തേയും, തത്വജ്ഞാനത്തേയും പരിഷ്കാരബോധത്തേയും അമ്പരപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന ചില സംഭവങ്ങൾ ലോകത്തിന്റെ ചില ഭാഗങ്ങളിൽ ചിലപ്പോൾ ഉണ്ടാകുന്നതിനു് ദൈവം അനുവദിക്കാറുണ്ടു്. പ്രകൃതിയിൽ കാണപ്പെടുന്ന സകല വസ്തുക്കൾക്കും സംഭവങ്ങൾക്കും ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾ നൽകുവാൻ കഴിയും എന്നു് ചില പണ്ഡിതമ്മന്യന്മാർ അഹങ്കാരപൂർവ്വം വാദിച്ചുവരുന്നു. എത്രമാത്രം സംപൂർണ്ണമായ വ്യക്തിത്വത്തോടുകൂടിയ സൃഷ്ടികളായിരുന്നാൽത്തന്നെയും അവ ഏതോ ഒരു സങ്കല്പലോകത്തിലെ സാമാന്യരൂപത്തിൽനിന്നു് ക്രമേണ പരിണമിച്ചുണ്ടായതാണെന്നു് അവകാശപ്പെടാനും അവർ മടിക്കുന്നില്ല. ഇങ്ങനെ സൃഷ്ടമല്ലാത്തതും സ്വയംഭൂവുമായ ഏതോ ഒരു പൂർവ്വരൂപത്തിലോ, പ്രാചീനാവസ്ഥയിലോനിന്നു് സുജ്ഞാതങ്ങളായ പ്രകൃതിനിയമങ്ങൾ അനുസരിച്ചു് വളന്നും, രൂപഭേദംപ്രാപിച്ചും ഉണ്ടായതാണു് ഇന്നത്തെ ലോകവും അതിലെ സജീവവും നിർജ്ജീവവും ആയ സകല വസ്തുക്കളും എന്നു് വിശ്വസിക്കുന്നതായി അവർ വാദിക്കുന്നു. ഈദൃശമായ ചിന്താഗതിയെ പരിഷ്കാരത്തിന്റെ പുരോഗമനപരമായ ഒരു പ്രവണതയായി കരുതുന്നവരുടെ നേരെ വലിയ ചില ചോദ്യചിഹ്നങ്ങൾ ഉയർത്തിക്കൊണ്ടു് ലോകത്തിൽക്കൂടി പ്രവഹിക്കുന്ന ചില ശക്തികളെ സൂചിപ്പിച്ചാണു് "മനുഷ്യന്റെ പരിഷ്കാരബോധത്തെ വെല്ലുവിളിക്കുന്ന ചില സംഭവങ്ങൾ ഉണ്ടാകുന്നതിനു് ദൈവം അനുവദിക്കാറുണ്ടെ"ന്നു് ലേഖനത്തിന്റെ ആരംഭത്തിൽ ഞാൻ പറഞ്ഞതു്.

ലൂർദ്ദിലെ "ഗവേ"നദീതീരത്തുള്ള മസാബിയേ ഗുഹകളിൽനിന്നു് പൊട്ടിപ്പുറപ്പെട്ട അരുവിയിലെ ജലം ശാസ്ത്രീയമായ സൂക്ഷ്മപരീക്ഷണത്തിൽ "കുടിക്കാൻ കൊള്ളാവുന്ന സാധാരണജലം"മാത്രമായി കാണപ്പെട്ടെങ്കിലും അതു് കുരുടന്മാക്കു കാഴ്ചയും, മുടന്തന്മാക്കു സൗഖ്യവും, തളർവാതരോഗികൾക്കു പൂർണ്ണാരോഗ്യവും കൊടുക്കുവാൻ കഴിവുള്ളതായിരുന്നു എന്നു ലോകം കണ്ടു. ശാസ്ത്രം ഇന്നും അതിന്റെ മുമ്പിൽ മൂകമാണു്. മസാബിയേയിലെ ആ ഗുഹയിൽ പരിശുദ്ധ കന്യക വി. ബെർണ്ണദേക്കു പ്രത്യക്ഷപ്പെട്ടു എന്നു് ഭൗതികവാദികളെപ്പോലും ബോദ്ധ്യപ്പെടുത്തുവാൻ ദൈവം അവിടത്തെ അരുവിയിലെ ജലത്തിനു് ഒരു പ്രത്യേക ശക്തി നൽകിയതാണെന്നു് ഇന്നത്തെ "പരിഷ്കാരികൾ" വിശ്വസിക്കുന്നില്ല.

സൂര്യചന്ദ്രന്മാർ തുടങ്ങിയ ആകാശഗോളങ്ങളുടെ ക്രമം തെറ്റാത്ത ചലനരീതിയെ ശാസ്ത്രജ്ഞന്മാർ പഠിപ്പിക്കുന്നുണ്ടു്. എന്നാൽ എഴുപതിനായിരത്തോളംവന്ന ഒരു ജനക്കൂട്ടത്തിന്റെ തലയ്ക്കു മുകളിൽ സൂര്യഗോളം ആകാശത്തുനിന്നു് വിവിധവർണ്ണോജ്ജ്വലമായ രശ്മികൾ വിതറിക്കൊണ്ടു വട്ടം കറങ്ങുകയും, താഴോട്ടു വീഴാൻ തുടങ്ങുന്നതുപോലെ കുതിച്ചു പാഞ്ഞിട്ടു് തിരിച്ചു് പൂർവ്വസ്ഥാനം പ്രാപിച്ചു് സാധാരണ സൂര്യനായിത്തീരുകയും ചെയ്ത കഥ ഫാത്തിമായിലെ ജനങ്ങൾ മറക്കുകയില്ല. ശാസ്ത്രം അതും അംഗീകരിക്കയില്ലായിരിക്കും. "ഈ സൂര്യൻ കറങ്ങുന്നതു് നിങ്ങൾ കണ്ടോ?" എന്നു് അവർ ധിക്കാരപൂർവ്വം ചോദിക്കും! അതുതന്നെ അവരുടെ വിജയവും!

അതുപോലെതന്നെ സ്റ്റോക്കുപോർട്ടിലെ ആ വാടാപുഷ്പങ്ങളും! മേയ് മാസത്തിൽ പരിശുദ്ധ കന്യകയ്ക്കു് കിരീടമായി തലയിൽ ചാർത്തിയ റോസാപുഷ്പങ്ങൾകൊണ്ടുള്ള ഒരു മുടി—ചെടികളിൽനിന്നു വിച്ഛേദിക്കപ്പെട്ടു് ഒററതിരിഞ്ഞ പുഷ്പങ്ങൾ കമ്പിയിട്ടു് ചുററിക്കെട്ടിയുണ്ടാക്കിയ ഒരു സാധാരണ പുഷ്പമുടി—അതു് നവംബർമാസത്തിലും മേയ്മാസത്തിലേതുപോലെ വാടാതെ, പരിശുദ്ധ കന്യകയുടെ രൂപത്തിൽ സ്ഥിതിചെയ്തു എന്നു പറഞ്ഞാൽ ശാസ്ത്രം നെററി ചുളിക്കും. പക്ഷേ, "അതു നിങ്ങൾ കണ്ടിട്ടുണ്ടോ" എന്നു് എന്നോടു ചോദിച്ചാൽ, ഞാൻ പറയും, "ഉവ്വ്", ഞാൻ അതു കണ്ടു" എന്നു്. ഒരുപക്ഷേ അതു നിങ്ങളും കണ്ടിരിക്കാം. "സത്യദീപ"ത്തിന്റെ പംക്തികളിൽ ഒന്നിലധികം പ്രാവശ്യം പ്രസിദ്ധപ്പെടുത്തിയിരുന്ന ആ വാടാപുഷ്പങ്ങളുടെ ചിത്രം എങ്കിലും നിങ്ങൾ കണ്ടിരിക്കും. ആ പുഷ്പങ്ങൾ കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. "സത്യദീപം" വായനക്കാർക്കു് ആ പുഷ്പങ്ങളെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ ഹൃദ്യമായിരിക്കും എന്നു കരുതുന്നു.



വാടാത്ത രണ്ടു പുഷ്പമുടികൾ

മേനികൂടിയ തുണികൾ നെയ്യുന്നതിനു് പ്രസിദ്ധിനേടിയിട്ടുള്ള ഇംഗ്ലണ്ടിലെ മാഞ്ചെസ്റ്റർ പട്ടണത്തിൽനിന്നും എട്ടുപത്തു മൈൽ അകലെയുള്ള ഒരു സ്ഥലമാണു് സ്റ്റോക്കുപോർട്ടു്. അവിടെ പരിശുദ്ധ കന്യകയുടെ നാമത്തിൽ ഒരു ദേവാലയമുണ്ടു്. 1947 മേയ്മാസത്തിൽ പ്രസ്തുതദേവാലയത്തിൽ പരിശുദ്ധ കന്യകയുടെ ഒരു രൂപം, മദ്ബഹായുടെ മുൻഭാഗത്തു്, വിശ്വാസികൾ ദിവ്യകാരുണ്യസ്വീകരണത്തിനു് അണയുന്ന പടികളുടെ അല്പം പിന്നിൽ, അൾത്താരയിലേക്കു് നോക്കിനില്ക്കുന്നവരുടെ വലത്തുഭാഗത്തു്, ഒരു മേശയിൽ വച്ചു്, പുഷ്പങ്ങൾകൊണ്ടു് അലങ്കരിച്ചു. അവിടെ കിട്ടിയിരുന്ന റോസപ്പൂക്കൾ ശേഖരിച്ചു്, ഒരു പുഷ്പകച്ചവടക്കാരൻ, പുഷ്പങ്ങളുടെ തണ്ടുകളിൽക്കൂടി കമ്പിനൂലു ചുററിക്കെട്ടിയ ഒരു മുടി പ്രസ്തുതദേവാലയാധികൃതർ വാങ്ങി, മേയ്മാസാഘോഷം പ്രമാണിച്ചു് പരിശുദ്ധ കന്യകയുടെ രൂപത്തിൽ ഒരു കിരീടമായി ചാർത്തി. ഒന്നുരണ്ടു ദിവസങ്ങൾ കഴിഞ്ഞു നോക്കിയപ്പോൾ കിരീടമായിരുന്ന പുഷ്പമുടിയിലെ പൂക്കൾ വാടാതെയും മററെല്ലാ പൂക്കളും വാടിയുമിരിക്കുന്നതായി കണ്ടു. പുഷ്പമുടി യഥാസ്ഥാനത്തുനിന്നു നീക്കാതെ, മററു പൂക്കൾമാത്രം മാററി ആ രൂപം അവർ വീണ്ടും അലങ്കരിച്ചു. പുഷ്പമുടിക്കു് ഏതോ ഒരു പ്രത്യേകതയുള്ളതായി അനുഭവപ്പെട്ട തദധികൃതർ ആ മുടിയിൽ ആരും സ്പർശിക്കാതെ പ്രത്യേകം സൂക്ഷിച്ചു. ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞിട്ടും മുടിയിലെ പുഷ്പങ്ങൾ ആദ്യദിവസത്തേതുപോലെ പുത്തനായിരിക്കുന്നതു കണ്ടു് അവർ വിസ്മയിച്ചു. ഒരുമാസത്തോളം വാടാതിരുന്ന പുഷ്പങ്ങളെപ്പററി രണ്ടുമൂന്നു വരികളിൽ ഒരു ചെറിയ കുറിപ്പു് ഇംഗ്ലണ്ടിലെ പ്രമുഖ കത്തോലിക്ക വാരികയായ യൂണിവേഴ്സിൽ പ്രസിദ്ധപ്പെടുത്തി. കത്തോലിക്കരും അകത്തോലിക്കരും ആയ ശാസ്ത്രജ്ഞന്മാരും സാധാരണക്കാരും ഈ വാർത്താശകലത്തിൽ ആകൃഷ്ടരായി. പ്രകൃത്യതീതസംഭവങ്ങളിൽ വിശ്വസിക്കുവാൻ ജനങ്ങൾ എത്ര വിമുഖരായിരുന്നാലും അങ്ങനെയുള്ള ശക്തികളുടെ പ്രകടനം കാണുവാൻ ആളുകൾ ഓടിക്കൂടുക എത്രയും സ്വാഭാവികമാണു്. വളരെവേഗം സ്റ്റോക്കുപോർട്ടു് സന്ദർശകരെക്കൊണ്ടു നിറഞ്ഞു; കത്തോലിക്കരു, വിശ്വാസികളും പരിശുദ്ധ കന്യകയോടുള്ള ബഹുമാനാദരവുകൾകൊണ്ടും, മററുള്ളവർ ജിജ്ഞാസമൂലവും!

സന്ദർശകരുടെ ബഹളം വർദ്ധിച്ചുവന്നതോടുകൂടി, ഈ അത്ഭുതപൂർവ്വമായ അനുഭവത്തിനു് വ്യാഖ്യാനം നല്കാനുള്ളവരും വർദ്ധിച്ചു. ഓരോരുത്തർ മനോധർമ്മം അനുസരിച്ചു് ഓരോന്നു പറഞ്ഞുതുടങ്ങി. മുടികൾ ദിവസംതോറും രാത്രിയിൽ മാററിവയ്ക്കുന്നു എന്നും ദേവാലയാധികൃതരുടെ അറിവോടുകൂടി ഒരു നേരമ്പോക്കോ കൃത്രിമമോ ആണിതെന്നും ചിലർ അഭിപ്രായപ്പെട്ടു. കത്തോലിക്കരും അകത്തോലിക്കരും അടങ്ങിയ ഒരു സംഘം ഈ പുഷ്പമുടി സൂക്ഷിക്കുവാൻ നിയുക്തരായി. തുടന്നു പുഷ്പങ്ങൾ വാടാതിരിക്കുന്നതുകണ്ടു് പലരും ശാസ്ത്രീയമായ ഓരോ വ്യാഖ്യാനങ്ങൾ അന്വേഷിച്ചുതുടങ്ങി.

ദേവാലയത്തിലെ മദ്ബഹായിൽ പ്രത്യേകമായി അനുഭവപ്പെട്ട വായുവിന്റെ നിശ്ചലതയും ശൈത്യവും അതിനു കാരണമായി ചിലർ ചൂണ്ടിക്കാണിച്ചു. എന്നാൽ അവിടെ കൊണ്ടുവന്ന മററു പുഷ്പങ്ങൾ വാടിയതിനു് കാരണം വേറെ ഉണ്ടാകേണ്ടതായിവന്നു.

(ശേഷം 12-ാം പേജിൽ)

പ്രഭാഷണം

# കണ്ണാടി

"മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല ജീവിക്കുന്നതു്; പ്രത്യുത ദൈവത്തിൻ്റെ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടുംകൂടിയാകുന്നു". (മത്താ. IV—4)

ആധുനിക ജീവിതസമ്പ്രദായത്തിൽ ഒരവശ്യഘടകമായിത്തീർന്നിട്ടുണ്ട് മുഖക്കണ്ണാടികൾ. അഗതിത്വത്തിൻ്റെ അടിത്തട്ടിൽ കിടന്നു കരയുന്ന ഒരു വ്യക്തിയായാലും കണ്ണാടിയുടേയും ചീപ്പിൻ്റേയും ഒരു കഷണമെങ്കിലും മറപ്പെട്ടിയിലോ പായക്കെട്ടിലോ സൂക്ഷിച്ചുവയ്ക്കാതിരിക്കയില്ല. ധനാഢ്യരുടെ ഗൃഹങ്ങളിലാണെങ്കിൽ വലിയ കണ്ണാടികൾ വെൺചുമരുകളെ അലങ്കരിക്കുന്നുണ്ടായിരിക്കും. എവിടെ തിരിഞ്ഞാലും സ്വശരീരത്തിൻ്റെ മുഴുവൻ പ്രതിഫലനവും പ്രതിബിംബിച്ചു കാണിക്കത്തക്കവിധത്തിൽ സജ്ജീകരിച്ചിട്ടുള്ള സന്ദർശനമുറികൾ പലയിടത്തും കാണാറുണ്ട്. കണ്ണാടിയിൽ നോക്കേണ്ട കാലം കഴിഞ്ഞെന്നു വിചാരിക്കുന്ന പടുവൃദ്ധന്മാർക്കുപോലും ഒരു കണ്ണാടി കാണുമ്പോൾ അതിൽ ഒന്നു നോക്കുവാൻ സഹജമായ ഒരു വാസന ജനിക്കുന്നു. ശരീരത്തിൻ്റെ ലാവണ്യത്തിലും കേശവേഷഭൂഷാദികളുടെ ക്രമീകരണത്തിലും സ്വയം സംതൃപ്തിനേടുന്നതിനും അഴുക്കോ മററു ക്രമക്കേടുകളോ ഉണ്ടെങ്കിൽ ഉടനെ അവയെ ശരിപ്പെടുത്തുന്നതിനുമുള്ള ഒരുപാധിയാണ് കണ്ണാടി. എന്നാൽ ആദ്ധ്യാത്മിക ജീവിതത്തിലും ഒരു മുഖക്കണ്ണാടിയുണ്ടെന്നാണ് വി. അഗുസ്തീനോസ് അഭിപ്രായപ്പെടുന്നതു്; അതായതു്, ആദ്ധ്യാത്മികഗ്രന്ഥങ്ങൾ. കണ്ണാടിയിൽ നമ്മുടെ യഥാർത്ഥസ്ഥിതി നാം ദർശിക്കുന്നതുപോലെ, ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെ പാരായണം നമ്മുടെ ആത്മാവിൻ്റെ യഥാർത്ഥസ്ഥിതിഗതികളേയും പ്രതിഫലിപ്പിച്ചു കാണിക്കുന്നു. പാപങ്ങളേയും പുണ്യങ്ങളേയുംപററി പ്രതിപാദിച്ചും പാപങ്ങളെ പരിവർജ്ജിക്കുന്നതിനും പുണ്യങ്ങളെ പരിപുഷ്ടമാക്കുന്നതിനും ആഹ്വാനം ചെയ്തും അതിനുള്ള പ്രായോഗികമാർഗ്ഗങ്ങളായി പുണ്യവാന്മാരുടെ കാലടിപ്പാടുകളെ ചൂണ്ടിക്കാണിച്ചും കൊണ്ട് വെട്ടിത്തിളങ്ങുന്ന ഈ ആദ്ധ്യാത്മികകണ്ണാടിയിൽ നോക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ കടന്നുപററിയിട്ടുള്ള കളങ്കങ്ങളേയും താറുമാറുകളേയും തുടച്ചുമാററുന്നതിനും അതിനെ കൂടുതൽ മോടിപിടിപ്പിക്കുന്നതിനും നമുക്ക് എളുപ്പത്തിൽ സാധിക്കുന്നു. ഇന്നത്തെ കുടുംബങ്ങളിൽ കണ്ണാടികളും ചീപ്പുകളും ധാരാളം കാണും—യുവതീയുവാക്കന്മാർ ഓരോരുത്തരും ഓരോന്ന് കൈവശം വയ്ക്കുന്നുണ്ടായിരിക്കും. എന്നാൽ ആ കുടുംബത്തിൽതന്നെ ആദ്ധ്യാത്മികദർപ്പണങ്ങൾ—സദ്ഗ്രന്ഥങ്ങൾ—വല്ലതുമുണ്ടോ? അവയെ ശരിയായി ഉപയോഗിക്കുവാൻ ശ്രമിക്കുന്നുണ്ടോ? അവയെ സ്വായത്തമാക്കുവാൻ യുവതീയുവാക്കന്മാർ വെമ്പൽകൊള്ളുന്നുണ്ടോ?

സുകൃതജീവിതം നയിക്കുവാൻ അഭിലഷിക്കുന്നവർക്കു അവശ്യം കരണീയമായിട്ടുള്ള ഒരു ഭക്താനുഷ്ഠാനമാണ് ആദ്ധ്യാത്മികഗ്രന്ഥപാരായണം. സന്യാസികൾക്കും സംസാരികൾക്കും ഒന്നുപോലെ ഇതാവശ്യമാണ്. സന്യാസികളെപ്പോലെ ധ്യാനനിരതരായിരിപ്പാൻ ഗൃഹസ്ഥാശ്രമക്കാർക്കു സമയമോ സൗകര്യമോ ലഭിച്ചെന്നു വരികയില്ലല്ലോ. ഈ കുറവിനെ പരിഹരിക്കുവാൻ സദ്ഗ്രന്ഥപാരായണം ഉപകരിക്കുമെന്നാണു വി. അമ്മത്രേസ്യാ അഭിപ്രായപ്പെടുന്നത്. ദൈവത്തിൻ്റെ അരുളപ്പാടുകളും ക്രിസ്തുനാഥൻ്റെ ജീവിതസംഭവങ്ങളും ഉപദേശങ്ങളും വിശുദ്ധന്മാരുടേയും സഭാപിതാക്കന്മാരുടേയും താപസശ്രേഷ്ഠന്മാരുടേയും വേദവിദ്യാവിചക്ഷണന്മാരുടേയും ജ്ഞാനസമ്പത്തും ജീവചരിത്രവും കടഞ്ഞെടുത്തു കിട്ടുന്ന അമൂല്യജ്ഞാനം നിക്ഷേപിച്ചിരിക്കുന്ന നിറകുടങ്ങളാണ് ആദ്ധ്യാത്മികഗ്രന്ഥങ്ങൾ. സ്വർഗ്ഗത്തിൽനിന്നു ദൈവം നമുക്കായി അയക്കുന്ന എഴുത്തുകളാണ് ആദ്ധ്യാത്മികഗ്രന്ഥങ്ങൾ എന്നും വിശുദ്ധന്മാർ അഭിപ്രായപ്പെടുന്നു. മഹാനായ കൊൺസ്റ്റൻ്റൈൻ ചക്രവർത്തി തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചുകൊണ്ടുള്ള ഒരു തിരുവെഴുത്ത് വനവാസിയായ വി. അന്തോനീസിനു അയച്ചുകൊടുത്തു. ഇത്ര മഹാനായ ഒരു ചക്രവർത്തി തൃക്കൈവിളയാടിക്കൊണ്ടു ഇപ്രകാരമൊരു തിരുവെഴുത്തു കല്പിച്ചയക്കുവാൻ തിരുവുള്ളമുണ്ടായതിൽ മററു സന്യാസികൾ അത്ഭുതസ്തിമിതരായി. അപ്പോൾ വി. അന്തോനീസ് അവരോടു പറഞ്ഞു: "എന്നെപ്പോലെ ഒരു മനുഷ്യൻതന്നെയായ ചക്രവർത്തിതിരുമനസ്സുകൊണ്ടു എനിക്കു ഒരെഴുത്തയച്ചതിൽ അത്രയൊന്നും ആശ്ചര്യപ്പെടുവാനില്ല. എന്നാൽ ദൈവം അവിടുത്തെ പുത്രൻവഴിയായി നമ്മോടു സംസാരിക്കയും വി. ലിഖിതങ്ങൾ അയക്കുകയും ചെയ്തതോർത്തു നിങ്ങൾ ആശ്ചര്യപ്പെടുവിൻ." മഹാരാജാവിൻ്റെ സന്ദേശം നിയമസഭയിൽ വായിക്കുമ്പോഴെല്ലാം സഭാംഗങ്ങൾ എഴുന്നേററുനിൽക്കുക പതിവായിരുന്നല്ലോ. അങ്ങനെയെങ്കിൽ ദൈവസന്ദേശങ്ങളായ ആദ്ധ്യാത്മികഗ്രന്ഥങ്ങൾ വായിക്കുമ്പോൾ എത്രമാത്രം ഭക്ത്യാദരം നാം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു! പലപ്പോഴും ഗംഭീരങ്ങളായ പ്രസംഗങ്ങളെക്കാൾ വളരെയധികം ഉപകാരപ്രദമാണ് ജ്ഞാനവായന. പ്രസംഗങ്ങൾ എപ്പോഴും ഉണ്ടാകയില്ല; ഉണ്ടാകുന്നവതന്നെയും എല്ലാവർക്കും കേൾക്കുവാൻ സാധിച്ചെന്നും വരുന്നതല്ല. ജ്ഞാനവായനയാകട്ടെ ഇഷ്ടാനുസാരം ഏതു സമയത്തും നടത്താവുന്നതാണ്. നമ്മെ കൂടുതൽ സ്പർശിക്കുന്ന ഭാഗം ഒന്നല്ല ആയിരം പ്രാവശ്യം ആവർത്തിച്ചു വായിക്കുന്നതിനും വിഷമമില്ലതാനും. തണ്യമാർഗ്ഗത്തിൽ തഴമ്പിച്ചവരിൽ ഹൃദയപരിവർത്തനം സാധിച്ചു അവരെ സൽപഥചാരികളാക്കിത്തീർക്കുന്നതിന് ജ്ഞാനവായനയ്ക്കുള്ള ശക്തി ഒന്നു വേറെതന്നെയാണ്. വി. അഗുസ്തീനോസ്, വി. കൊളമ്പാനൂസ്, വി ഇഗ്നേഷ്യസ് തുടങ്ങിയവർ ഇക്കാര്യത്തിൽ മകുടോദാഹരണങ്ങളാണല്ലോ.

പുണ്യജീവിതത്തിനും വിശ്വാസചൈതന്യത്തെ സജീവമായി സംരക്ഷിക്കുന്നതിനും മതഗ്രന്ഥങ്ങളുടെ പാരായണം കൂടിയേ കഴിയൂ. ചെറുപ്പത്തിൽ കുറെ വേദോപദേശം ചോദ്യോത്തരരൂപത്തിൽ മനഃപാഠമാക്കിയതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരിപ്പാൻ പാടില്ല. ചുണ്ടുകൾകൊണ്ട് ഉരുവിട്ടതുകൊണ്ടുമാത്രം അമതല്ലാം, ജീവിതത്തിൽ അലിഞ്ഞുചേരുകയോ പ്രവൃത്തികളിലേക്കു പകരുകയോ ചെയ്കയില്ല. വളർന്നുവരുംതോറും, ജീവിതത്തിലെ യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടിവരുംതോറും, വിശ്വാസചൈതന്യവും മതപരമായ ജ്ഞാനവും ആനുപാതികമായി വർദ്ധിച്ചുവരണം. അല്ലെങ്കിൽ മതപരമായ ജീവിതം അവിശ്വാസത്തിൻ്റേയും അനാസ്ഥയുടേയും കടുത്ത പാറകളിൽ മുട്ടി തകർന്നുപോകും. ഇരുപതോ ഇരുപത്തിയഞ്ചോ വയസ്സു പ്രായമുള്ള ഒരു യുവാവ് ഇന്നും ഒന്നാംക്ലാസ്സിലാണു പഠിക്കുന്നതെങ്കിൽ അവൻ തീർച്ചയായും പരിഹാസവിഷയമാകും. അങ്ങനെയെങ്കിൽ, പ്രായംചെന്നവരുടെ മതപരമായ ജ്ഞാനം കൊച്ചുകുട്ടികളോടൊപ്പംമാത്രമേ ഉള്ളുവെങ്കിൽ അതും പരിഹാസ്യമല്ലേ? വിവാഹമാകുന്ന ആ വലിയ കടത്തു കടക്കുന്ന അവസരത്തിൽ വൈദികൻ്റെ ചോദ്യങ്ങൾക്കു മുക്കിയും മൂളിയും ഉത്തരം നൽകിയതിനുശേഷം ഇന്നേവരേയും ഒരൊററ കത്തോലിക്കാ മതഗ്രന്ഥമെങ്കിലും വായിച്ചുനോക്കിയിട്ടില്ലാത്തവരല്ലേ അധികംപേരും? മതപരമായ അവരുടെ ജ്ഞാനത്തിനു സ്തംഭനാവസ്ഥയോ അധോഗതിയോ അല്ലേ സംഭവിക്കുന്നതു്? തന്നിമിത്തം കുടുംബങ്ങളിൽ മതപരമായ ഗ്രന്ഥങ്ങൾ കൂടിയേ കഴിയൂ. യുവതീയുവാക്കന്മാർ ഇങ്ങനെയുള്ള മതഗ്രന്ഥങ്ങൾ ദിവസേന കുറേശ്ശെ വായിക്കണം. അതിനുള്ള സൗകര്യങ്ങൾ മാതാപിതാക്കന്മാർ ചെയ്തുകൊടുക്കണം. വിശിഷ്ടമായ മേശകസേരകൾ ആദിയായ വീട്ടുസാമഗ്രികൾക്കും മക്കളുടെ വേഷഭൂഷാദികൾക്കും വേണ്ടി പണം ഭേദമെന്യേ ചിലവിടുന്നവർ സദ്ഗ്രന്ഥങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിലും ശ്രദ്ധപതിക്കേണ്ടതാണ്. യുവതീയുവാക്കന്മാർക്കു ഗ്രന്ഥപാരായണത്തിൽ താൽപര്യമുണ്ടായിരിക്കും. എന്നാൽ മനുഷ്യനു തിന്മയിലേക്കു സഹജമായ വാസനയുണ്ടല്ലോ. തന്നിമിത്തം, മനുഷ്യരിൽ അന്തർലീനമായിക്കിടക്കുന്ന ഈ ദുഷിച്ച വാസനകളെ തട്ടിയുണർത്തുവാനും ഉദ്ദീപിപ്പിക്കുവാനും പര്യാപ്തങ്ങളായ ഗ്രന്ഥങ്ങൾ വായിക്കുവാൻ യുവാക്കന്മാർ ഉത്സുകരായിരിക്കും; വികാരാവേശങ്ങളുടെ കാലമാണല്ലോ യുവത്വം. ഈ ദൌർബ്ബല്യത്തെ ചൂഷണം ചെയ്തു മുതലെടുക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ചില ഗ്രന്ഥകാരന്മാരും പുസ്തകക്കമ്പനികളും ഇന്നു പ്രവർത്തനം നടത്തുന്നുണ്ട്. ഇങ്ങനെയുള്ള പുസ്തകങ്ങൾ വായിക്കുന്നതു് പലപ്പോഴും മാതാപിതാക്കന്മാരുടെ കണ്ണുകളിൽ പെടുകയില്ല; ഒളിവിലായിരിക്കും ആ അസാന്മാർഗ്ഗികവിഷം പാനംചെയ്യുന്നതു്. തന്നിമിത്തം കുടുംബങ്ങളിൽ സൽഗ്രന്ഥങ്ങൾ ശേഖരിച്ചുവയ്ക്കയും അവയെ ഉപയോഗിക്കയും ചെയ്യുന്നതിൽ മാതാപിതാക്കന്മാർ ഉത്സുകരാകയും മക്കളെ ഏതദ്വിഷയത്തിൽ പരിശീലിപ്പിക്കയും ചെയ്യട്ടെ. പുസ്തകം വാങ്ങുവാൻ തീരെ നിവൃത്തിയില്ലാത്തവരാണെങ്കിൽ ഇടവകഗ്രന്ഥാലയങ്ങൾ അവരെ സഹായിക്കാതിരിക്കയില്ല. അത്താഴത്തിനു വീട്ടിൽ എല്ലാ അംഗങ്ങളും വട്ടമിട്ടിരുന്നു ശാരീരികഭക്ഷണം കഴിക്കുന്നതുപോലെതന്നെ കുടുംബാംഗങ്ങളെല്ലാവരും കൂടിയിരുന്നു ആദ്ധ്യാത്മികഭക്ഷണമായ ദൈവവചനം ശ്രവിക്കട്ടെ. ഓരോ കുടുംബങ്ങളിലും ഭക്തിപരമായ പുസ്തകപാരായണം ഒരു അനുദിനചടങ്ങായിത്തീരണം. കാരണവന്മാർക്കു വായിക്കുവാൻ വിഷമമാണെങ്കിൽ കുട്ടികൾ വായിക്കട്ടെ. അക്ഷരാഭ്യാസമുള്ളവരാണല്ലോ വളർന്നുവരുന്ന തലമുറ. ജോലിചെയ്തു ക്ഷീണിച്ചിട്ടുണ്ടെങ്കിൽ കിടന്നുകൊണ്ടെങ്കിലും ദൈവവചനം ശ്രവിക്കുക.

കത്തോലിക്കനായ ഒരു കണ്ണടവ്യാപാരിയുടെ അടുക്കൽ ചെന്നപ്പോൾ അയാൾ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കയാണ്. "വിവേകാനന്ദസ്വാമികളുടെ പ്രസംഗങ്ങൾ" ആയിരുന്നു ആ പുസ്തകം. "സ്വാമികൾ പറയുന്നതൊക്കെ എത്ര വിശിഷ്ടതത്വങ്ങളാണ്" എന്നൊരു അഭിപ്രായവും അയാൾ തട്ടിമൂളിച്ചു. "നിങ്ങൾ വേദപുസ്തകം വായിച്ചിട്ടുണ്ടോ"? എന്നു ഞാൻ ചോദിച്ചു. "ഇല്ല" എന്ന് അയാൾ മറുപടി പറഞ്ഞു! ക്രിസ്തുവിൻ്റെ വിശിഷ്ടങ്ങളായ പ്രഭാഷണങ്ങളും പ്രവൃത്തികളും ഒരിക്കലെങ്കിലും വായിച്ചറിഞ്ഞിട്ടില്ലാത്ത ഒരു ക്രിസ്ത്യാനി ചില സ്വാമിമാർ ഉന്നയിക്കുന്ന തത്വങ്ങളുടെ വൈശിഷ്ട്യത്തെപ്പററി പ്രഘോഷിക്കുന്നതുകേട്ടപ്പോൾ വലിയ അത്ഭുതം തോന്നി. ഇതുതന്നെയല്ലേ അഭ്യസ്തവിദ്യരായ പലരുടേയും സ്ഥിതി? മററു പല പുസ്തകങ്ങളും അവർ വാങ്ങി വായിക്കുന്നുണ്ടായിരിക്കും. എന്നാൽ മതപരമായ ഗ്രന്ഥങ്ങൾ അവർ ഒരിക്കലും വാങ്ങുകയോ വായിക്കുകയോ ചെയ്യാറില്ല. ക്രിസ്തുമതത്തിൻ്റെ അടിസ്ഥാനഗ്രന്ഥമായ ബൈബിൾ വായിച്ചിട്ടില്ലാത്തവരും കണ്ടിട്ടില്ലാത്തവരുമായ കത്തോലിക്കർ ധാരാളമില്ലേ? കഴിഞ്ഞുപോയ സമ്പൽസമൃദ്ധിയുടെ കാലടിപ്പാടുകൾ മാത്രമുണ്ടായിരുന്ന ഒരു വീട്ടിൽ ചെന്നപ്പോൾ ഗൃഹനായിക പറയുന്നു: "അച്ചോ, ഇപ്പോൾ ഞങ്ങൾ ദാരിദ്ര്യമനുഭവിക്കുന്നുണ്ടെങ്കിലും ഞങ്ങൾ അതു് സസന്തോഷം സഹിക്കുന്നു. എൻ്റെ അപ്പൻ എനിക്കു നൽകിയ സ്ത്രീധനത്തിൽ ഒരു ബൈബിളും ഒരു "ക്രിസ്താനുകരണ"വും ഉണ്ടായിരുന്നു. പറമ്പും നിലങ്ങളും പണവുമെല്ലാം നഷ്ടപ്പെട്ടുപോയി. എങ്കിലും ആ രണ്ടു പുസ്തകങ്ങൾ ഇപ്പോഴും എൻ്റെ പക്കൽ ഉണ്ട്. ഈ വിഷമസന്ധിയിൽ ആ ഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടു ഞാൻ സമാധാനം കണ്ടെത്തുന്നു." ആയിരത്തിനും അയ്യായിരത്തിനും പുറമെ ആഭരണങ്ങളും വീട്ടുസാമഗ്രികളും സ്ത്രീധനമായി നൽകുന്ന കാരണവന്മാർ അവയോടുകൂടി അരഡസൻ ആദ്ധ്യാത്മികഗ്രന്ഥങ്ങളും നൽകുന്നതു് ഒരു നല്ല പതിവായിരിക്കയില്ലേ?

വേദപുസ്തകം, ക്രിസ്താനുകരണം, തിരുഹൃദയാനുകരണം, കുടുംബക്രമം, അനന്തസ്നേഹം, അനന്തനിക്ഷേപം, ആത്മീയസമരം തുടങ്ങിയ ആദ്ധ്യാത്മികഗ്രന്ഥങ്ങൾക്കു പുറമെ വിശുദ്ധന്മാരുടെ ജീവചരിത്രത്തിനും കുടുംബങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്. അവ വായിക്കുമ്പോൾ അനുഭവപരമായ ഒരു ബോധം നമുക്കു ലഭിക്കയും നമ്മെപ്പോലെ കുററങ്ങളും കുറവുകളും പലപ്പോഴും ഭയങ്കരപാപങ്ങൾതന്നെയും ഉണ്ടായിരുന്ന അനേകർ പുണ്യപൂർണ്ണത പ്രാപിച്ചുവെന്നു നാം അറികയും അവരെ അനുകരിക്കുവാനുള്ള ഒരഭിവാഞ്ഛ നമ്മുടെ ഹൃദയത്തിലുദിച്ചുവളരുകയും ചെയ്യും. (ജെ. ചെമ്മണൂർ)

—

പുസ്തകാഭിപ്രായം

## പരിമളം

ഖണ്ഡകാവ്യം

[ഗ്രന്ഥകർത്താ: പീററർ അയ്യനേത്ത്. പോപ്പുലർ പ്രസ്സ്, തിരുവനന്തപുരം. വില രു 1. 35 + 8 = 43 പേജുകൾ]

"പാപിനി മേരി"യുടെ ജീവചരിത്രമാണു "പരിമള"ത്തിലെ കഥാതന്തു. ആ കഥാപാരായണം ശ്രീമാൻ അയ്യനേത്തിൻ്റെ ഹൃദയതന്ത്രികളെ ചലിപ്പിച്ചു. കവിഹൃദയത്തിൽ അതു പ്രഗാഢം പതിഞ്ഞു. അതിൻ്റെ ബഹിഃസ്ഫുരണമാണു "പരിമള"മെന്നും പറയാം.

അതിലെന്താണത്ഭുതമെന്നല്ലേ? സദാചാരം, ചാരിത്രം, ബ്രഹ്മചര്യം ഇവയെല്ലാം പഴഞ്ചൻ കഥകൾ! ഇന്നു വിലപ്പോകാത്ത ചരക്കുകൾ! ഇങ്ങനെ വാദിക്കുന്ന ഒരു കൂട്ടർ ഇന്നു കേരളത്തിലുണ്ട്. ആ സ്ഥിതിക്കു സാത്വികാശയനായ ശ്രീ അയ്യനേത്ത്, പരിശുദ്ധിയുടെ പരിമളമാസ്വദിച്ചതിലോ, ആ സ്വാദാനുഭൂതി അന്യരിലും പ്രസരിക്കണമെന്നു കാംക്ഷിച്ചതിലോ വിസ്മയത്തിനു സ്ഥാനമില്ലായിരിക്കാം.

"കഥാനായികയുടെ കാപഥസഞ്ചാരത്തെ സസൂക്ഷ്മം വിവരിക്കാതെ, സ്ഥൂലരേഖകൾ മാത്രമുപയോഗിച്ചും, അത്യാവശ്യമുള്ള സംഭവങ്ങൾ വിവരിക്കാമായിരുന്നു" എന്നു് അവതാരികാകർത്താവ് കവിക്കു് ഒരു താക്കീതുനല്കിയിരിക്കുന്നതിനോടു ഈയുള്ളവനും പൂർണ്ണമായി യോജിക്കതന്നെ ചെയ്യുന്നു. ശ്രീ അയ്യനേത്തുതന്നെ "അറിയേണ്ടതില്ലിനിയുള്ള ഭിനയങ്ങൾ" എന്നു ബുദ്ധിപൂർവ്വം പറയുന്നുണ്ട്. എങ്കിലും ആ ദുർമ്മലർഗേഹത്തിൻ്റെ കവാടം അതിനു വളരെ മുമ്പേതന്നെ അടയ്ക്കേണ്ടതായിരുന്നു. ഒരു ക്രൈസ്തവകവിയുടെ തൂലികയിൽനിന്നു് ആ പത്തിരുപതു ഈരടികൾ ബഹിർഗമിക്കേണ്ടിയിരുന്നില്ല. ഇനി ഒരു "പതിപ്പ്" ഉണ്ടാകുന്നപക്ഷം ആ ഭാഗം നിർമ്മാർജ്ജനംചെയ്യപ്പെടുമെന്നുതന്നെ പ്രതീക്ഷിക്കട്ടയോ?

പദവിന്യാസം, ശയ്യാഗുണം, പ്രാസദീക്ഷ, ശബ്ദാർത്ഥാലങ്കാരപ്രയോഗങ്ങൾ, പദങ്ങളുടെ നിർഗ്ഗളപ്രവാഹം എന്നീ ഗുണങ്ങൾ നിതരാം പ്രകാശിക്കുന്നു. "പരിമള"ത്തിൻ്റെ കർത്താവ് ഒരുൽകൃഷ്ടവാസനാകവിയാണെന്നുള്ളതിനു പക്ഷാന്തരമില്ല.

"കരം പൊക്കി രക്ഷസ്സായി കരഞ്ഞുകേണു". കരഞ്ഞുകേണു എന്നുള്ള പ്രയോഗം അത്രപററിയില്ലെന്നാണു തോന്നുന്നതു്. കേഴ ധാതുവിൽനിന്നു് കേഴുക ഉത്ഭവിക്കുന്നു. കേഴ്(ന)ു; കേണു, കേണു; കേഴുക = വിലപിക്കുക; കേഴ്ച = വിലാപം. "കേഴുക, കേഴുക കേഴമാൻ കണ്ണാളെ" എന്നു വള്ളത്തോൾ. കേഴ്ചയുടെ ആധിക്യംകൊണ്ടു കരഞ്ഞെന്നു വരാം. കരച്ചിലിനു മുമ്പാണു കേഴ്ച. കരച്ചിലും കേഴ്ചയും ഒരേ അർത്ഥത്തിലും ചിലർ പ്രയോഗിച്ചു കാണുന്നുണ്ട്. ദുഃഖിച്ചു കരഞ്ഞുവെന്നു പറയുന്നതാണു ശരി. കരഞ്ഞുകേണു എന്നു പറയുന്നതു് അത്ര നന്നല്ലെന്നാണ് എൻ്റെ അഭിപ്രായം.

വേശ്യ, മയക്കത്തിൽ കണ്ട സ്വപ്നത്തിൻ്റെ ഭീകരത സമ്യക്കാകുംവണ്ണം കവി ചിത്രണംചെയ്തിട്ടുണ്ട്. വേശ്യാ

വിമർശനവീഥി

# ക്രിസ്തുവും അവിടുത്തെ മാതാവും

കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ വിമർശിച്ചിരുന്ന മന്യനായ ചോദ്യകാരൻ പരിശുദ്ധ കന്യകാമറിയത്തെപ്പററിയുള്ള തന്റെ സംശയങ്ങൾ ഇപ്രകാരം തുടരുന്നു:—

“അവൻ (കർത്താവായ യേശുക്രിസ്തു) അവരോടു് “എന്റെ അമ്മയും സഹോദരന്മാരും ആർ?” എന്നു പറഞ്ഞിട്ടു് ചുററിലുമിരിക്കുന്നവരെ നോക്കിക്കൊണ്ടു് “എന്റെ അമ്മയും സഹോദരന്മാരും ഇതാ. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻതന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയുമാകുന്നു” എന്നു പറഞ്ഞു. (മാർക്കോസ് III, 33-35) “എന്റെ അമ്മ ആർ? എന്റെ സഹോദരന്മാർ ആർ? എന്നു ചോദിച്ചു ശിഷ്യരുടെ നേരെ കൈനീട്ടി: ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു. (മത്തായി XII, 48-50).”

### അബദ്ധമായ വ്യാഖ്യാനം

മേലുദ്ധരിച്ചിരിക്കുന്ന വേദവാക്യങ്ങളിൽനിന്നു ചോദ്യകാരൻ എടുക്കുന്ന അനുമാനം “യേശുവിന്റെ അമ്മയ്ക്കു തന്നിൽ വിശ്വസിച്ച ഒരു സ്ത്രീയുടെ സ്ഥാനമേ കർത്താവുതന്നെ കല്പിക്കുന്നതായി കാണുന്നുള്ളൂ” എന്നാണ്. ചോദ്യകാരന്റെ ഈ വ്യാഖ്യാനം വേദപുസ്തകവാക്യങ്ങളെ അവയുടെ സന്ദർഭങ്ങളും പൂർവ്വാപരബന്ധങ്ങളും സ്വീകൃതങ്ങളായ മൗലികതത്വങ്ങളും നിശ്ശേഷം അവഗണിച്ചുകൊണ്ടു വ്യാഖ്യാനിക്കുന്ന ഏററവും അബദ്ധമായ സമ്പ്രദായത്തിന്റെ ഒന്നാംതരം ഉദാഹരണമാണ്. പരിശുദ്ധ കന്യകാമറിയം ദൈവത്തിന്റെ മാതാവാണെന്നു വേദപുസ്തകംതന്നെ സാക്ഷീകരിക്കുന്നുണ്ടെന്നു കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ സമർത്ഥിച്ചിരുന്നല്ലോ. ആ നിലയിൽ മറിയത്തിനുള്ള സ്ഥാനവും അവിടുന്നു അർഹിക്കുന്ന ബഹുമാനവും അദ്വിതീയമാണെന്നു ആരാണു സമ്മതിക്കാതിരിക്കുക! പ്രോട്ടസ്റ്റന്റു മതസ്ഥാപകന്മാരിൽ പ്രമുഖരായ ലൂത്തരും കാൽവിനും ഈ വസ്തുത സമ്മതിച്ചിട്ടുള്ളതാണ്. ലൂത്തറിന്റെ വാക്കുകൾ കേട്ടാലും:- “മറിയത്തിന്റെ ഔന്നത്യത്തോടു് അടുക്കുവാൻ കഴിവുള്ള യാതൊരു ബഹുമാനവുമില്ല, യാതൊരു സൗഭാഗ്യവുമില്ല. ഈ ഔന്നത്യമടങ്ങിയിരിക്കുന്നതു് സ്വർഗ്ഗസ്ഥനായ പിതാവിനും തനിക്കും പൊതുവായിരിക്കുന്ന ഒരേ ദിവ്യപുത്രൻ ഉണ്ടെന്നുള്ള മറിയത്തിന്റെ പ്രത്യേകവരത്തിലാണ്. ഈ വരത്തിന്റെ കാര്യത്തിൽ മനുഷ്യവർഗ്ഗം മുഴുവനിലുംവച്ചു മറിയം അദ്വിതീയയായ ആളാണ്, മറെറല്ലാവരെക്കാൾ ഉപരി ആയ ആളാണ്.” കാൽവിൻ പറയുന്നു:— “ഈശോ നമുക്കു പ്രദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങളെ സമ്മതിച്ചു പറയുവാൻ നമുക്കു കഴിയണമെങ്കിൽ ദൈവമാതാവായി തിരഞ്ഞെടുത്തതിൽ ദൈവം മറിയത്തെ എത്രവളരെ ബഹുമാനിക്കുകയും ഗുണസമ്പന്നയാക്കുകയും ചെയ്തുവെന്നുംകൂടി നാം സമ്മതിച്ചു പറയേണ്ടിയിരിക്കുന്നു.” അതെ, ദൈവത്തിന്റെ മാതാവു് എന്ന സ്ഥാനത്തിന്റെ മാഹാത്മ്യം നിഷേധിക്കുവാൻ ലൂത്തറിനും കാൽവിനുംപോലും സാധിച്ചില്ല. ദൈവം തന്റെ മാതാവായി തിരഞ്ഞെടുത്തുവെന്ന വസ്തുതയാൽത്തന്നെ മറിയത്തെ മാലാഖമാരുൾപ്പെടെ സകല സൃഷ്ടികളുടേയും സ്നേഹബഹുമാനങ്ങൾക്കു് അർഹയായി ഉയർത്തിവയ്ക്കുകയും തദനുസരണം ഗുണസമ്പന്നയായി അലങ്കരിക്കുകയും ചെയ്തിട്ടുണ്ടെന്നു സാമാന്യബുദ്ധിക്കുപോലും ഏററവും ന്യായമായി അനുമിക്കാവുന്നതാണ്. തന്മൂലം ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വേദവാക്യങ്ങൾക്കു് അദ്ദേഹം നൽകിയിരിക്കുന്ന വ്യാഖ്യാനം അബദ്ധമാണെന്നു് പ്രഥമദൃഷ്ടിയിൽത്തന്നെ തെളിയുന്നുണ്ടു്. ഈശോ തന്റെ “അമ്മയ്ക്കു തന്നിൽ വിശ്വസിച്ച ഒരു സ്ത്രീയുടെ സ്ഥാനമേ കല്പിക്കുന്നുള്ളൂ” എന്ന വ്യാഖ്യാനം ഏററവും അസംബന്ധമായിരിക്കുകയില്ലയോ?

### ദൈവകല്പന

“അപ്പനേയും അമ്മയേയും ബഹുമാനിക്കണം” എന്ന കല്പന ദൈവംതന്നെ നൽകിയിട്ടുള്ളതാണല്ലോ. ദൈവകല്പന അനുസരിക്കുന്നതിൽ സകല മനുഷ്യർക്കും മാതൃകയായിരിക്കുന്നതു് ഈശോതന്നെയാകുന്നു. മാതൃകയായിരിക്കുവാൻ വേണ്ടിക്കൂടിയാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതുതന്നെ. എന്നിരിക്കെ ഈശോ തന്റെ മാതാവായ മറിയത്തെ ഏററവുമധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നു വിചാരിക്കുവാനാണു ന്യായമുള്ളതു്. “തന്നിൽ വിശ്വസിച്ച ഒരു സ്ത്രീയുടെ സ്ഥാനമേ” തന്റെ മാതാവിനു ഈശോ കല്പിക്കുന്നുള്ളൂ എന്നു പറയുന്നതു് പുത്രന്മാർക്കെല്ലാം മാതൃകയായിരിക്കുന്ന ഈശോയോടു ചെയ്യുന്ന ഏററവും വലിയ നിന്ദനമായിരിക്കുകയില്ലയോ? അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന മഹാസഭാപിതാവായ വിശുദ്ധ അംബ്രോസ് പ്രസ്തുത വേദവാക്യത്തിനു ചോദ്യകാരൻ നൽകിയിരിക്കുന്ന വ്യാഖ്യാനത്തെ ഖണ്ഡിച്ചിട്ടുണ്ടു്. അതിനുള്ള ന്യായം ആ പിതാവു പറഞ്ഞിട്ടുള്ളതു് ഞങ്ങൾ പറഞ്ഞതുതന്നെയാണ്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും:— “തന്റെ മാതാവിന്റെ താല്പര്യങ്ങളെ താൻ നിരാകരിക്കുകയാണെന്നു് ഈശോയുടെ വാക്കിനു് അർത്ഥമില്ല. എന്തുകൊണ്ടെന്നാൽ “തന്റെ പിതാവിനെയോ മാതാവിനെയോ അവമാനിക്കുന്നവൻ മരണശിക്ഷയ്ക്കു പാത്രവാനാകും” എന്നു് അവിടുന്നുതന്നെയാണു കല്പിച്ചിരിക്കുന്നതു്. ചില ഇടത്തൂട്ടുകാർ വഞ്ചനാപരമായി അഭിപ്രായപ്പെടുന്നപോലെ, ഈശോ തന്റെ മാതാവിനു തന്നോടുള്ള ബന്ധത്തെ അവഗണിക്കുകയല്ല ഈ വാക്കുകളാൽ ചെയ്യുന്നതു്. കുരിശിൽ കിടന്നുപോലും അവിടുന്നു ആ മാതൃബന്ധം ഏററുപറയുകയാണു ചെയ്തിട്ടുള്ളതു്.”

### ശരിയായ വ്യാഖ്യാനം

എന്നാൽ പിന്നെ പ്രസ്തുതവേദവാക്യങ്ങളുടെ ശരിയായ അർത്ഥമെന്താണ്? ഈ സഭാപിതാവുതന്നെ പ്രസ്തുത ഉദ്ധരണിയിൽ ശരിയായ വ്യാഖ്യാനം ചൂണ്ടിക്കാണിക്കുന്നുണ്ടു്. “മാതൃസ്നേഹത്തിലുള്ള സന്തോഷം അനുഭവിക്കുന്നതിനെക്കാൾ തന്റെ പിതാവിന്റെ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുവാനാണു് തനിക്കു കടമയുള്ളതെന്ന തത്വം അവിടുന്നു പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതു്.” ഈ തത്വം തന്റെ 12 ാമത്തെ വയസ്സിൽത്തന്നെ ഈശോ പഠിപ്പിച്ചിട്ടുള്ളതാണു്. ഓർശലം ദേവാലയത്തിൽ തിരുനാളിൽ സംബന്ധിക്കുവാൻ തന്റെ മാതാവിനോടും വളർത്തുപിതാവിനോടുംകൂടി പോയശേഷം ഈശോ അവരോടൊരുമിച്ചുമടങ്ങാതെ ദേവാലയത്തിൽ താമസിച്ചു വേദശാസ്ത്രികളുമായി തർക്കിച്ചുകൊണ്ടിരുന്നു. അങ്ങനെ ചെയ്തതിനാൽ അതുമൂലം താനും ഭർത്താവും അനുഭവിച്ച ദുഃഖത്തേയും അനുസ്മരിപ്പിച്ചുകൊണ്ടു് മാതാവു് ആവലാതി പറഞ്ഞപ്പോൾ ഈശോ പറഞ്ഞ മറുപടി, തന്റെ പിതാവിന്റെ കാര്യങ്ങളിൽ ഏർപ്പെടേണ്ടതു് തന്റെ മുഖ്യചുമതലയാണെന്നായിരുന്നല്ലോ. ഇതിന്റെ താല്പര്യം, തന്റെ മാതാവിനോടും വളർത്തുപിതാവിനോടും ഈശോയ്ക്കു് അവർ അർഹിക്കുന്ന സ്നേഹബഹുമാനങ്ങൾ ഇല്ലെന്നാണോ? ഒരിക്കലുമല്ല. പ്രസ്തുത സംഭവം വിവരിക്കുന്ന സുവിശേഷകർ തുടർന്നു പറയുന്നതു് ഈശോ മാതാപിതാക്കന്മാരോടുകൂടി നസ്രത്തിലേക്കു മടങ്ങി. “അവർക്കു കീഴ്‌വഴങ്ങി ജീവിച്ചു” എന്നാണു്.

### സന്ദർഭം

ഇനി പ്രസ്തുത വേദവാക്യങ്ങളുടെ സന്ദർഭമാലോചിക്കാം. ഈശോ ജനങ്ങളോടു പ്രസംഗിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണു് അവിടുത്തെ മാതാവു ചില ചാർച്ചക്കാരുംകൂടി അവിടെ ചെന്നതു്. രക്തബന്ധത്തിനു ദൈവത്തോടും ദൈവകാര്യങ്ങളോടുമുള്ള ബന്ധത്തെക്കാൾ കൂടുതൽ പ്രാമാണ്യം കല്പിക്കുന്ന ഒരു പാരമ്പര്യം സാമാന്യന യഹൂദജനങ്ങൾക്കുണ്ടായിരുന്നു. ആ പശ്ചാത്തലത്തിലാണു് മാതാവിന്റെയും ചാർച്ചക്കാരുടെയും സാന്നിദ്ധ്യത്തെപ്പററി അടുത്തുനിന്നിരുന്നവർ ഈശോയോടു പറഞ്ഞതു്. അതൊരവസരമാക്കിക്കൊണ്ടു് ഈശോ യഹൂദന്മാരുടെ ആ ദുഷിച്ച പാരമ്പര്യത്തെയും മനോഭാവത്തെയും തിരുത്താമെന്നു വിചാരിച്ചു. ആ വിചാരമാണു് ഈശോയുടെ പ്രസ്തുത വാക്കുകളിലടങ്ങിയിരിക്കുന്നതു്. രക്തബന്ധത്തെക്കാൾ ദൈവത്തോടും ദൈവകാര്യത്തോടുമുള്ള ബന്ധത്തിനാണു് പ്രാമാണ്യം കല്പിക്കേണ്ടതെന്നു ഈശോ പഠിപ്പിക്കുന്നു. മൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന തെർത്തുല്യൻ എന്ന മഹാക്രൈസ്തവപണ്ഡിതൻ പ്രകൃതത്തെ സംബന്ധിച്ചു പറയുന്നതു കേട്ടാലും:- “ക്രിസ്തു മററുള്ളവരോടാജ്ഞാപിക്കുന്നതെല്ലാം താൻതന്നെ ചെയ്യുക പതിവാണു്. ദൈവവചനത്തെക്കാൾ മാതാവിനേയോ പിതാവിനേയോ സഹോദരനേയോ വിലമതിക്കരുതെന്നാണു് അവിടുന്നു മററുള്ളവരെ പഠിപ്പിച്ചുകൊണ്ടിരുന്നതു്. അങ്ങനെയിരിക്കെ തന്റെ മാതാവും സഹോദരന്മാരും വന്നിരിക്കുന്നുവെന്നു അറിവായ ഉടനെ അവിടുന്നുതന്നെ ദൈവവചനം വിട്ടുംവച്ചു് പോകുന്നതു് തീർച്ചയായും അനുചിതമായിരിക്കുകയില്ലയോ? ആകയാൽ അവിടുന്നു തന്റെ മാതാപിതാക്കന്മാരെ അവഗണിച്ചെന്നാണു് പറയുന്നതെങ്കിൽ നമ്മുടെ മാതാപിതാക്കന്മാരെ അവഗണിക്കണമെന്നു അവിടുന്നു നമ്മെ പഠിപ്പിച്ചിട്ടുള്ള അർത്ഥത്തിൽ മാത്രമാണു് അതു്. അതായതു് ദൈവത്തിനുവേണ്ടി അവഗണിക്കുക.”

### ദൈവഹിതം നിർവഹിച്ചവൾ

ക്രിസ്തുവിന്റെ പ്രസ്തുത വാക്കുകളിൽനിന്നുതന്നെ തെളിയുന്നു, തന്റെ മാതാവിനോടു തനിക്കു് ഏററവും വലിയ ബഹുമാനമുണ്ടെന്നു്. ബഹുമാനത്തിന്റെ മാനദണ്ഡമായി അവിടുന്നു ചൂണ്ടിക്കാണിക്കുന്നതു് ദൈവഹിതത്തിന്റെ നിർവഹണമാണല്ലോ. ഈ മാനദണ്ഡംവച്ചു നോക്കിയാൽ ക്രിസ്തുവിന്റെ ബഹുമാനം ഏററവുമധികം അർഹിക്കുന്നതു് തന്റെ മാതാവാണെന്നു് വേദപുസ്തകംതന്നെ സാക്ഷിക്കുന്നുണ്ടു്. “കർത്താവിന്റെ ദാസിയെക്കണ്ടാലും, അവിടുത്തെ വചനംപോലെ എനിക്കു ഭവിക്കട്ടെ” എന്നല്ലയോ പരിശുദ്ധകന്യകാമറിയം ഗാബ്രിയേൽ മാലാഖായോടു പറഞ്ഞതു്? ക്രിസ്തുവിന്റെ ജനനത്തേയും തുടർന്നുണ്ടായ ബാല്യകാലസംഭവങ്ങളേയും വിവരിച്ചശേഷം “മറിയം ഇവയെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിക്കുകയും അവയെപ്പററി ധ്യാനിക്കുകയും ചെയ്തിരുന്നു” എന്നു് സുവിശേഷകൻ എഴുതിയിട്ടില്ലയോ? മാതാവെന്ന നിലയിൽ രക്തബന്ധത്താൽ പരിശുദ്ധകന്യകാമറിയം ഈശോയുടെ ഏററവും വലിയ സ്നേഹബഹുമാനങ്ങൾക്കർഹയാണു്. ദൈവഹിതം അക്ഷരംപ്രതി നിർവഹിച്ചവൾ എന്ന നിലയിലും മറിയമാണു് ഈശോയുടെ സ്നേഹബഹുമാനങ്ങൾ ഏററവുമധികം അർഹിച്ചിട്ടുള്ളതു്. ആകയാൽ ചോദ്യകാരൻ ഉദ്ധരിച്ചിരിക്കുന്ന വേദവാക്യങ്ങൾ ഈശോയ്ക്കു തന്റെ മാതാവിനോടുള്ള രക്തബന്ധത്തെ അവമതിക്കുകയല്ല, പ്രത്യുത അതിനെ ആദ്ധ്യാത്മികമായ നിലയിലേക്കു് ഏററവുമധികം ഉയർത്തിവയ്ക്കുകയാണു് ചെയ്തിട്ടുള്ളതു്.

*For favours received*



U. P. M.

വൃത്തിയിലെ കളിപ്പാട്ടങ്ങൾ അവൾ കാണുന്നവിധം ശ്രീ അയ്യനേത്തു വർണ്ണിക്കുന്നിങ്ങനെ!

ഹമീദം, ഷഹീദം, കാലബ, ദല്ലയു
മിസഹാക്കം
കൃമികളായുദതിയിൽ ദഹിച്ചീ
ടുന്നു.
അവരെല്ലാം ശപിക്കയാണവളെ
ഹാ! ജഗദീശാ!
വ്യഭിചാരമിത്രമാത്രം ഭയങ്കരമോ?
വേതാളതാണ്ഡവം! ഭൂതപ്രേതങ്ങളാ
യനുക്ഷണം
രൂപാന്തരംപകരുന്നാവിടരു സർവ്വം
കണ്ണുകൾ തീക്കനൽപോലെയുജ്ജ്വ
ലിച്ചു: ദംഷ്ട്രവായി-
ലെണ്ണിയാൽ തീരാത്തവണ്ണം നിരന്നു
നിന്നു!!

ഇത്യാദി പദ്യങ്ങളിൽ തുളുമ്പുന്ന കവിതാമാധുരിയും ആശയഗാംഭീര്യവും അനിതരസാധാരണമാണു്. വ്യഭിചാരപരാധത്തിന്റെ ഭീകരത തന്മയത്വത്തോടുകൂടിത്തന്നെ തുടർന്നു് വർണ്ണിച്ചിട്ടുണ്ടു്.

പിന്നീടു്,

ധ്യാനനിമഗ്നയായ് മേരി; ലോക
മെല്ലാം മാഞ്ഞു മാഞ്ഞു

ഹാ! നമുക്കജ്ഞാതമൊന്നിലലിഞ്ഞു ചേർന്നു. എന്നിങ്ങനെ മേരിയുടെ കഥാശേഷം ഭംഗിയായി വർണ്ണിക്കുന്നു. ഈജിപ്തിലെ മേരിയുടെ ജീവചരിത്രകഥയിൽ ഒട്ടുവളരെ ഇതിഹാസങ്ങളും കെട്ടുകഥകളും ചുററിപ്പിണഞ്ഞുകിടപ്പുണ്ടെന്നാണു പണ്ഡിതാഭിപ്രായം. അതെങ്ങനെയുമാകട്ടെ! ശ്രീ പീററർ അയ്യനേത്തിന്റെ ഗുരുവും എന്റെ ശിഷ്യനുമായ ശ്രീ കെ. എം. വറുഗീസ്, അവതാരികയിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ “പല അത്യുൽകൃഷ്ടകവനഫലങ്ങളും കൈരളിക്കു നമ്മുടെ യുവകവിയുടെ തൂലികയിൽനിന്നു ലഭിക്കട്ടെ എന്നു ഹൃദയംഗമമായി പ്രാർത്ഥിച്ചുകൊള്ളുന്നു.”

(സി. കെ. എം.)

## നോട്ടീസ്

സത്യദീപം പത്രം ചെമ്പേരിയിൽ ഇനിയും ആവശ്യമുള്ളവർ, ഏജന്റു, മി.കെ. ററി. തോമസ്, കുറുകപ്പള്ളിയോടു് ആവശ്യപ്പെടുക.

## സൗജന്യവിതരണ ഫണ്ട്

ത്യാഗപ്പെട്ടി
സെന്റു മേരീസ് എം. പി. സ്കൂൾ
കുട്ടികൾ നാഗപ്പുഴ ക. 10-8-0

## വി: കുരിശ്ശ്

(ഹിന്ദി “രാമരാജ്യ”ത്തിലെ “ബീനാ മധുരമധുര കച്ചു് ബോൽ” എ. മ.)


ക്രൂശിൻ മഹിമകളതി വിപുലം.
ലോകവിനാശപഹ ശ്രീദസ്വരൂപം,
നാകവരാമൃത ശാന്തിതൻ രൂപം,
മുഗ്ദ്ധമേദുരമാം പ്രേമപ്രദീപം
നിത്യമകററും നരപരിതാപം—
(ക്രൂശിൻ)
ഭൂവിൽ വസിക്കും മനുഷ്യർക്കാകെ
ഭവ്യാമലമാം മാർഗ്ഗവുമാകെ
അവനവനിടം അൻപൊടേകും
സ്വർഗ്ഗീയ വരാചലസുമതലം—
(ക്രൂശിൻ)
ഭാവുകപൂരിത സദനമുദാരം
സേവനലോലർക്കവലംബസാരം
പ്രവണരായ്സദാ നിനസ്സുവോരിൽ
ഹൃദ്യവരമണയ്ക്കും സുതരാം—
(ക്രൂശിൻ)

(വർഗ്ഗീസ് ജെ. മാളിയേക്കൽ)

# സാമൂഹ്യനീതിയും കത്തോലിക്കപ്രവർത്തനവും

(വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി പി എച്ച്. ഡി. ഡി. ഡി.)

ആരാധനസ്ഥലങ്ങൾ ഏർപ്പെടുത്തുന്നതിലും, വിദ്യാലയങ്ങൾ നടത്തുന്നതിലും, അദ്ധ്യാപകന്മാർക്കു നീതിയുക്തമായ വേതനം ലഭിക്കുന്നതിലും, ഉദ്യോഗവിതരണത്തിൽ അർഹമായ വിഹിതം നേടുന്നതിലും, നമ്മുടെ അവശതകളും ആവലാതികളും ഇനിയും അവശേഷിക്കുകയാണു്. എന്നാൽ ഇന്നു നാമേവരുടേയും അടിയന്തിരശ്രദ്ധയ്ക്കു പാത്രീഭവിക്കേണ്ട വേറൊരു വിഷയമുണ്ടു്—അഖിലലോക പ്രശ്നമായ കമ്മ്യൂണിസ്റ്റു് ഭീഷണി. ഇക്കൊല്ലത്തെ സമ്മേളനസ്ഥലത്തിനു മിൻസെന്തിനഗർ എ



ന്നു നാമകരണം ചെയ്തതുതന്നെ ഈ വസ്തുത ഏവരേയും മനസ്സിലാക്കുവാൻ വേണ്ടിയാണു്. കമ്മ്യൂണിസ്റ്റുകാരുടെ മൗഢ്യപറുദീസായിൽ മാനവസ്വാതന്ത്ര്യത്തിനും മനുഷ്യബഹുമാനത്തിനുമുള്ള നിലവാരമെന്തെന്നു പ്രസ്പഷ്ടമായി പ്രഖ്യാപനം ചെയ്തുകൊണ്ടും, വ്യക്തിസ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നഭിമാനിക്കുന്ന ലോകരാഷ്ട്രങ്ങളുടെ സമക്ഷം ഉഗ്രമായൊരു ചോദ്യചിഹ്നമുയർത്തിപ്പിടിച്ചുകൊണ്ടും, കമ്മ്യൂണിസ്റ്റുകിരാതത്വം വിശ്വമാകെ വിളംബരം ചെയ്തുകൊണ്ടും, മൃഗീയമനസ്കരുടെ ഇരുമ്പുമുഷ്ടിക്കുള്ളിലമർന്നു ഞെരിയുകയും പിടയുകയും ചെയ്യുന്ന ആ വീരാത്മാവിന്റെ പാവനസ്മരണ തീർച്ചയായും മതവിശ്വാസവും മതാഭിമാനവുമുള്ള ഏതു കത്തോലിക്കനേയും കമ്മ്യൂണിസത്തിനെതിരായി അണിനിരക്കുവാൻ ശക്തിയുക്തം പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യാതിരിക്കയില്ല.

മനുഷ്യനിലുള്ള സകല മാഹാത്മ്യങ്ങളുടേയും കണ്ഠകോടാലിയായ പ്രസ്തുത ക്ഷുദ്രപ്രസ്ഥാനത്തെ പ്രതിരോധിപ്പാൻ നാം കൈയിലെടുക്കേണ്ട കാലോചിതവും പ്രായോഗികവുമായ രണ്ടു ധാർമ്മികായുധങ്ങളാണു സാമൂഹ്യനീതിയും കത്തോലിക്കപ്രവർത്തനവും. അതുകൊണ്ടാണു് ഇക്കൊല്ലത്തെ വാർഷികാഘോഷവേളയിൽ അവയിലോരോന്നിനും ഓരോ പ്രത്യേകസമ്മേളനം ഏർപ്പെടുത്തിയതു്. തത്സംബന്ധമായി തിരുസഭാദ്ധ്യക്ഷന്മാർ നൽകിയിട്ടുള്ള പ്രായോഗികനിർദ്ദേശങ്ങളും, പ്രഖ്യാപിച്ചിട്ടുള്ള വ്യക്തസിദ്ധാന്തങ്ങളും കേരളകത്തോലിക്കരുടെ ഇടയിലും പ്രചുരമായി പ്രചരിക്കണം; അവ കടലാസിലും പ്രസംഗമണ്ഡപങ്ങളിലും മാത്രം കുടികൊണ്ടാൽ പോരാ; അവയുടെ ചൈതന്യം ഓരോ കത്തോലിക്കനും ധാരാളമായി ഉൾക്കൊള്ളണം; അതു അവന്റെ അനുദിനജീവിതചര്യകൾക്കു നിറംകൊടുക്കുവാൻ തികച്ചും പര്യാപ്തമാകയും വേണം.......

കത്തോലിക്കസഭയിൽ മതാധികാരികൾക്കുള്ള സ്ഥാനവും സ്വാധീനവും എന്താണെന്നു കമ്മ്യൂണിസ്റ്റുകാർ നേരാംവണ്ണം മനസ്സിലാക്കിയിട്ടുണ്ടു്. മതവിനാശത്തിനായി കച്ചകെട്ടിയിരിക്കുന്ന അക്കൂട്ടർ പുരോഹിതലോകത്തെ ആദ്യമായും ഉഗ്രമായും ആക്രമിക്കുന്നതു് അക്കാരണത്താലാണു്. വൈദികവിദ്വേഷവിഷം ജനതാമദ്ധ്യത്തിൽ കുത്തിവെക്കുവാനുള്ള ചതുരുപായങ്ങളും അവർ പ്രയോഗിച്ചുവരുന്നതിന്റെ രഹസ്യവും വേറൊന്നല്ല. സേനാനായകന്മാരേയും സൈന്യഗണങ്ങളേയും തമ്മിൽ ഭിന്നിപ്പിച്ചാൽ ശത്രുവിനു വിജയം സുനിശ്ചിതവും ക്ഷിപ്രസാദ്ധ്യവുമാണല്ലോ. ഇതൊന്നും ആലോചിക്കാതെ പലരും വൈരികൾ കൗശലപൂർവ്വം എറിഞ്ഞുകൊടുക്കുന്ന വിഷലിപ്തമെങ്കിലും ആകർഷകമായ ചൂണ്ടയെ ആർത്തിയോടെ വിഴുങ്ങിക്കൊണ്ടാണിരിക്കുന്നതു്. പുരോഗമനസാഹിത്യവേഷത്തിൽ ഇന്നു് എവിടേയും പരന്നുകൊണ്ടിരിക്കുന്നതും, സദാചാരപരവും ധാർമ്മികവുമായ അന്തരീക്ഷത്തെ പാടേ മലിനമാക്കുന്നതുമായ ഓടസാഹിത്യത്തിനു നമ്മുടെ യുവജനങ്ങൾ നൽകുന്ന ഉത്സാഹപൂർവ്വമായ സ്വീകരണവും, തൽഫലമായി അവരിലുളവായിക്കൊണ്ടിരിക്കുന്ന പരിതാപകരമായ പരിവർത്തനവും ഉൽക്കണ്ഠാപൂർവ്വം ഉററുനോക്കിക്കൊണ്ടിരിക്കുന്ന ആർക്കും ഇപ്പറഞ്ഞതിന്റെ പരമാർത്ഥം ശരിക്കറിയാം.

വൈദികരുടെ നേതൃത്വത്തിൽ കത്തോലിക്കരെ ക്രിസ്തുരാജന്റെ വിജയപതാകയിൻകീഴിൽ അണിനിരത്തുന്നതിനുവേണ്ടിയാണു പരിശുദ്ധപിതാക്കന്മാർ കത്തോലിക്കപ്രവർത്തനകാഹളം ദിഗന്തങ്ങളിൽ സമയത്തും അസമയത്തും ഊന്നിയൂന്നി ഊതിക്കൊണ്ടിരിക്കുന്നതു്. കമ്മ്യൂണിസത്തിന്റെ പൊള്ളത്തരവും ബീഭത്സതയും പൊതുജനങ്ങൾക്കു നന്നായി കാണിച്ചുകൊടുക്കണം; അതിന്റേയും അതിന്റെ പ്രധാനോപായമായ വൈദികവിദ്വേഷത്തിന്റേയും ആകർഷണവലയത്തിൽനിന്നു നമ്മുടെ യുവജനങ്ങളേയും വിദ്യാർത്ഥികളേയും നിഷ്കർഷാപൂർവ്വം വിടുത്തിനിറുത്തണം; ഈ അന്ത്യപ്രാപ്തിക്കുള്ള കാലോചിതമായ കത്തോലിക്ക പരിശ്രമപരിപാടികൾ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ഇനി ഒട്ടും വൈകിക്കൂടാ. ഏവംവിധം പ്രായോഗികപ്രാധാന്യമുള്ള പല പ്രശ്നങ്ങളും ഇക്കൊല്ലത്തെ സമ്മേളനത്തിന്റെ ചർച്ചയ്ക്കും തീരുമാനത്തിനും വിഷയമാകുമെന്നു നമുക്കു ന്യായപൂർവ്വം പ്രതീക്ഷിക്കാം.

(അ. കേ. ക. കോൺഗ്രസ് 25-ാമതു വാർഷികസമ്മേളനത്തിൽ ചെയ്ത സ്വാഗതപ്രസംഗത്തിൽനിന്നും.)

ണ്ടു്. അവയെ എല്ലാം ബഹിഷ്കരിക്കാത്തപക്ഷം ഗവമ്മെണ്ടിന്റെ എത്ര കർശനമായ നടപടിയും കമ്മ്യൂണിസത്തിന്റെ പ്രചരണത്തെ തടയുവാൻ പോകുന്നില്ല. ഈവിധം വേരിനു കോടാലി വയ്ക്കുന്ന പദ്ധതികൾ സ്വീകരിക്കുന്നതിനുപകരം ഒരു കൈകൊണ്ടു കമ്മ്യൂണിസ്റ്റുകാരെ മർദ്ദിക്കയും മററേ കൈകൊണ്ടു കമ്മ്യൂണിസത്തിന്റെ ചില പരിപാടികളെ സ്വീകരിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉത്തരവിടുകയും ചെയ്താൽ താമസംവിനാ കമ്മ്യൂണിസം തടയുവാൻ പാടില്ലാത്ത ഒരു വിപത്തായിത്തീരും. മതാനുഷ്ഠാനങ്ങളും സമ്പത്തും സംസ്കാരവുമുള്ള നായരും നമ്പൂതിരിയും അധികാരരാഷ്ട്രതന്ത്രമായി കമ്മ്യൂണിസ്റ്റുപരിപാടികളെ ഭരണത്തിലേക്കു കടത്തിക്കൊണ്ടുവന്നാൽ ഒടുവിൽ ഇവയൊന്നുമില്ലാത്തവർ നഗ്നമായ കമ്മ്യൂണിസ്റ്റു് രാഷ്ട്രം ഇവിടെ സ്ഥാപിക്കുമെന്നുള്ളതും അവർ അനുസ്മരിച്ചാൽ കൊള്ളാം.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസവുമായി യാതൊരു ഒത്തുതീർപ്പിനും ഇടയുണ്ടെന്നു ആരും അല്പമെങ്കിലും സംശയിക്കേണ്ട. ലോകത്തിൽ സമാധാനവും സന്തുഷ്ടിയും കൈവരുത്തുന്നതിനു കത്തോലിക്കനുള്ള മാർഗ്ഗങ്ങൾ സുവിദിതമാണു്. അതു മററുള്ളവരെ ആക്രമിച്ചോ നശിപ്പിച്ചോ അല്ല; സ്നേഹപരമായ സേവനം, നീതിപൂർവ്വകമായ പെരുമാററം, ഇവ വഴിയാണു്. ഇതിൽ ഭീഷണിക്കോ ലൗകികമായ പ്രലോഭനങ്ങൾക്കോ വഴിപ്പെട്ടുകൊടുക്കുന്നവൻ യഥാർത്ഥകത്തോലിക്കനല്ല. സത്യത്തിന്റേയും നീതിയുടേയും പന്ഥാവിൽനിന്നും ലൗകികന്യായങ്ങളാൽ വ്യതിചലിക്കുന്നവൻ കത്തോലിക്കപാഠത്തിൽനിന്നും വ്യതിചലിക്കയാണു്. അതിനാലാണു് കത്തോലിക്കരായ നമ്മളെ പലപ്പോഴും മററുള്ളവർ തെററിദ്ധരിക്കുന്നതു്. നമ്മൾക്കു ഖണ്ഡിതവും സുചിന്തിതവുമായ മാർഗ്ഗങ്ങളുണ്ടു്. അവ എല്ലാക്കാലത്തും എല്ലാസ്ഥലത്തും നിലനിന്നുപോരുന്നതുമാണു്. ശതാബ്ദങ്ങളായി അവ പല തരത്തിലും പരീക്ഷിക്കപ്പെട്ടിട്ടുള്ളതുമാണു്. അവ ഒരിടത്തും ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. പരാജയപ്പെടുകയുമില്ല. അതിനുള്ള കാരണം അവ സത്യത്തിലും നീതിയിലും സ്നേഹത്തിലും വേരൂന്നിയവയാകയാലാണു്. അവയുടെ ഉപദേശകൻ അവയുടെ മൂർത്തീകരണമായ യേശുക്രിസ്തുവുമാകുന്നു.

അതിനാൽ ഈ ദിവ്യോപദേശത്തിന്റെ തത്വങ്ങളിൽനിന്നും വ്യതിചലിക്കുവാൻ കത്തോലിക്കഭൂരിഭാഗം വിമുഖരാകുന്നതിനെ ഏതെല്ലാംവിധത്തിൽ അവഹേളിച്ചാലും അധിക്ഷേപിച്ചാലും ഭയപ്പെടുത്തിയാലും മർദ്ദിച്ചാലും ഫലമൊന്നുമില്ല. അതിനാൽ അതിലേക്കു് ഈയിടെ പുറപ്പെട്ടിരിക്കുന്ന എന്റെ സുഹൃത്തുക്കളോടു എനിക്കു പറയുവാനുള്ളതു് "മതിമതിസാഹസം മഹാമതേ, വദ വദ വാഞ്ഛിതമെത്ര നിഷ്ഫലംതേ" എന്നാണു്. സ്ഥാനമാനങ്ങൾക്കായും പണത്തിനായും മാറും ചാഞ്ഞും ചരിഞ്ഞും ഒരുമാതിരി റബ്ബറിന്റെ മട്ടിൽ കഴിഞ്ഞുകൂടുന്ന ചില "നല്ല മനുഷ്യരെ" ഞങ്ങളിൽനിന്നും നിങ്ങൾക്കു കിട്ടിയെന്നുവരാം. പക്ഷെ ആ മാതിരി കാപിസിലിംഗുകൾ എല്ലാക്കാലത്തും എല്ലാവരിലും കാണും. അവരെ ആധാരമാക്കി കാര്യങ്ങൾ വഹിക്കാമെന്നുവച്ചാൽ അതു അധികം നിലനിൽക്കയില്ല.

അതിനാൽ ഞങ്ങളെ തെററിദ്ധരിക്കാതെ ശരിയായി മനസ്സിലാക്കുവാൻ ശ്രമിക്കേണമെന്നാണു് ഇവിടത്തെ മററു സമുദായനേതാക്കന്മാരോടു പറയുവാനുള്ളതു്. നമുക്കേവർക്കും ഇവിടെ സമാധാനപരമായി ജീവിക്കുവാൻ ആഗ്രഹമുണ്ടു്. അതിനുള്ള മാർഗ്ഗങ്ങളെ സ്വീകരിക്കാം. അല്ലാതെ "കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചു കണ്ണുങ്ങൾക്കകം പുണ്ണാക്കി" ഒട്ടുനാൾ ചെന്നാൽപോലും ശമിക്കാത്ത ഒരു മനോഭാവം സൃഷ്ടിക്കുന്നതിലല്ലാ നേതൃത്വം അടങ്ങിയിരിക്കുന്നതു്.

(അ. കേ. ക. കോൺഗ്രസ് 25-ാം വാർഷികസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്.)

മുതലക്കോടം പള്ളിയിൽ

വി. ഗീവറുഗീസുസഹദായുടെ

തിരുനാൾ

1950 ഏപ്രിൽ 22, 23, 24 തീയതികളിൽ

വികാരി

# കമ്മ്യൂണിസ്ററു വിപത്തു്

(ശ്രീ ഇ. പി. വറുഗീസ് എം. എ. ബി. എൽ.)

ഭാരതം ഒരു വലിയ പരിവർത്തനഘട്ടത്തിലാണല്ലോ. പഴയ ഘടനകളെല്ലാം അഴിഞ്ഞുപോയി. രാജാക്കന്മാർ ശതക്കണക്കിനുണ്ടായിരുന്ന ഭാരതത്തിൽ അവരുടെ ഒരുമാതിരി കൃത്രിമസൃഷ്ടി (imitation) യായ രാജപ്രമുഖന്മാർ മാത്രമേ ശേഷിച്ചിട്ടുള്ളു. അവരുംതന്നെ



അംഗുലിപരിമിതമാണു്. സുസംഘടിതമായി ഭരിക്കപ്പെട്ടിരുന്ന തിരുവിതാംകൂറും കൊച്ചിയുംതന്നെ കെട്ടഴിഞ്ഞ പുസ്തകംപോലെ ആയിത്തീർന്നതു നമുക്കു അനുഭവമാണല്ലോ. ജനകീയഭരണം ഭാരതീയർക്കു വലിയ പരിചയമുള്ളതല്ല. അതിനാൽ അതിലേക്കു അരക്ഷണംകൊണ്ടു പരിവർത്തനംചെയ്യപ്പെട്ട ഭരണക്കൂടത്തിനു അവകാശികളായി മുദ്രാവാക്യങ്ങളും പ്രക്ഷോഭണസന്ദേശങ്ങളുമായി നടന്ന യാതനക്കാരുംകൂടെ വന്നുചേർന്നപ്പോഴത്തെ അവസ്ഥയാണു് ഇന്നു നാം കാണുന്നതു്. കൈവശം കിട്ടിയ അധികാരത്തിൽ പററിപ്പിടിച്ചിരിക്കുവാൻ പലരേയും പ്രീണിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതിനാൽ കമ്മ്യൂണിസ്റ്റു് വിപത്തിനെ സുശക്തമായി നേരിടുക ഗവമ്മെണ്ടിനു പ്രയാസമായിത്തീർന്നിരിക്കുന്നു. പോലീസുസേനയ്ക്കു അവരുടെ സ്റ്റേഷൻപോലും രക്ഷാകരമായ സങ്കേതസ്ഥാനമല്ലെന്നും മററും വന്നപ്പോൾ മാത്രമാണു കമ്മ്യൂണിസത്തിന്റെ നേരെ നടപടി ഊർജ്ജിതമായി സ്വീകരിക്കാമെന്നു ഗവമ്മെണ്ടു് തീർച്ചയാക്കിയതു്.

അതേസമയത്തുതന്നെ മന്ത്രിമാർക്കും നിയമസഭാംഗങ്ങൾക്കും അടുത്ത വോട്ടിലാണു് നോട്ടം. വോട്ടുകിട്ടുവാൻ കമ്മ്യൂണിസ്റ്റുകാരെയും പ്രീണിപ്പിക്കുവാൻ നമ്മുടെ ഇന്നത്തെ ഗവമ്മെണ്ടു് മടിക്കയില്ലെന്നുള്ളതിനു അനുഭവസാക്ഷിയാണു ഞാൻ. അതിനാൽ ഈ വിധമുള്ള നേതാക്കന്മാരാൽ നയിക്കപ്പെടുന്ന ഒരു രാഷ്ട്രീയകക്ഷിയുടെ ഭരണത്തിൽനിന്നും കമ്മ്യൂണിസത്തെ ഉന്മൂലനാശം ചെയ്യത്തക്ക നടപടികളൊന്നും ആശിക്കേണ്ട. അതിനുള്ള മാർഗ്ഗങ്ങൾ ജനങ്ങൾതന്നെ ആരായണം, സ്വീകരിക്കണം. കമ്മ്യൂണിസ്റ്റു് പരിപാടി, തത്വം, സിദ്ധാന്തം അബദ്ധവും അപ്രായോഗികവുമാണെന്നു നാം വെളിവാക്കിക്കൊടുക്കണം. എങ്കിൽമാത്രമേ അവയിലേക്കു സാമാന്യജനങ്ങൾ വഴിതെററിപ്പോകാതിരിക്കു. ഇതിലേക്കു നാം മുന്നിട്ടുനിന്നു പ്രവർത്തിക്കണം. ഈശ്വരവിശ്വാസമുള്ള ഏവരേയും നമുക്കു് ഈ കാര്യത്തിൽ സഹകരണത്തിനായി ക്ഷണിക്കാം. ക്രമസമാധാനങ്ങളാവശ്യമുള്ളവരോടുകൂടി നമുക്കു സഹകരിക്കാം.

വിപ്ലവകരവും വിനാശകരവുമായ ഈ പ്രസ്ഥാനത്തെ തടയുന്നതിനുള്ള ശ്രമം ചെയ്യേണ്ടതു് യുവാക്കന്മാരുടെ ഇടയിലാണു്. അതിലേക്കു പററിയ രംഗം വിദ്യാലയങ്ങളാണു്. കമ്മ്യൂണിസത്തിന്റേയും മാർക്സിയൻ സോഷ്യലിസത്തിന്റേയും അബദ്ധങ്ങളെ അവരെ മനസ്സിലാക്കത്തക്കതായി പലതും ചെയ്യേണ്ടിയിരിക്കുന്നു. ഇവയുടെ എല്ലാം നിദാനമായി മതപാഠം വിദ്യാലയങ്ങളിൽ ആദ്യന്തം നിർബന്ധമാക്കണം. മതം എന്തോ ഒരു നിഷിദ്ധവസ്തുവാണെന്നും അതു മനുഷ്യന്റെ പുരോഗമനത്തിനു വിഘാതമാണെന്നുംമററുമുള്ള മാർക്സിയൻ സിദ്ധാന്തങ്ങൾ പല വിധത്തിൽ യുവാക്കന്മാരുടെ ഇടയിൽ പ്രചരിക്കുവാൻ സൗകര്യം കൊടുത്തിട്ടു

# കേരളത്തിലെ ക്രൈസ്തവസഭ

(റൈററ് റവ. ഡോക്ടർ പി. തോമസ്, ബാംഗളൂർ മെത്രാൻ)

കേരളത്തിലെ ക്രൈസ്തവസഭയും, അതിലെ വിപുലവും അഭിവൃദ്ധിപൂർണ്ണവുമായ കത്തോലിക്കാസമുദായവും, ഭാരതത്തിന്റെ അഭിമാനവും മഹത്വവുമായിരിക്കുന്നു. ഈ പ്രദേശങ്ങളിലെ ക്രിസ്തുമതത്തിന്റെ പ്രാചീനസ്വഭാവത്തിനു അനിഷേധ്യങ്ങളായ ലക്ഷ്യങ്ങളുണ്ടായിരിക്കുന്നു. ക്രിസ്തുവർഷം 52-ൽ അപ്പോസ്തോലനായ മാർത്തോമ്മാ ക്രൈസ്തവവിശ്വാസം യേശുക്രിസ്തുവിന്റെ നാട്ടിൽനിന്നു നേരിട്ടു കേരളത്തിലേക്കു കൊണ്ടുവന്നിരിക്കുന്നു. അതിനാൽ, കേരളത്തിലെ സഭ ഭാരതത്തിലെ അതിപ്രാചീനസഭയാകുന്നു; യൂറോപ്പിന്റെ പല ഭാഗങ്ങളിലുമുള്ള സഭകളെക്കാളും അതു പ്രാചീനമായിരിക്കുന്നു.



കേരളത്തിലെ പ്രാചീനസാഹിത്യസ്മാരകങ്ങൾ, ആരാധനാപരമായ പ്രാർത്ഥനാഗ്രന്ഥങ്ങൾ, പൗരസ്ത്യപാശ്ചാത്യസഭകളുടെ പഞ്ചാംഗങ്ങൾ, വേദസാക്ഷികളെപ്പററിയുള്ള വിവരണങ്ങൾ, സുശക്തവും അതിപുരാതനവുമായ പാരമ്പര്യം എന്നിവ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതയത്നങ്ങൾക്കും, ക്രിസ്തീയസമുദായങ്ങളുടെ സംസ്ഥാപനത്തിനും, പാലയൂർ, കോട്ടക്കാവ്, മാല്യാൻകര, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നീ ഏഴു ദേവാലയങ്ങളുടെ സ്ഥാപനത്തിനും ധാരാളം അനുകൂലതെളിവുകൾ പ്രദാനംചെയ്യുന്നുണ്ട്. മാർത്തോമ്മാശ്ലീഹാ സെന്തോമ്മസ് മൗണ്ടിൽ വച്ചു വേദസാക്ഷിയായി മരിച്ചുവെന്നും, മൈലാപ്പൂരിൽ അടക്കപ്പെട്ടുവെന്നുമുള്ളതു പൊതുവേ വിശ്വസിച്ചുപോരുന്ന ഒരു സംഗതിയാകുന്നു. 1940-ലെ തിരുവിതാംകൂർ സ്റ്റേററുമാനുവലിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മൂന്നാംശതകം മുതൽ പല ഭാഗങ്ങളിലും രേഖപ്പെടുത്തപ്പെട്ട തെളിവുകൾ ഉണ്ടായിരിക്കുന്നു; അവയുടെ സമീകൃതമായ ഫലം ഈ കഥയുടെ സത്യവത്വത്തെ തെളിയിക്കുകയാണു ചെയ്യുന്നതു്" (പുറം 656). രണ്ടാം ശതകത്തിന്റെ മദ്ധ്യത്തോടുകൂടി വിശുദ്ധന്റെ അസ്ഥികൾ, മൈലാപ്പൂരിൽനിന്നു പേർഷ്യായിൽ (ഇറാനിൽ) എദേസാ എന്ന സ്ഥലത്തേക്കു മാററപ്പെട്ടു. മൃതാവശിഷ്ടങ്ങൾ അങ്ങോട്ടു മാററിയതിന്റെ ഓർമ്മയ്ക്കായി പ്രതിവർഷം ജൂലൈ മൂന്നാംതിയ്യതി എദേസായിൽ ഒരു തിരുനാൾ ആഘോഷിച്ചുവരുന്നുണ്ട്. ആറാംശതകത്തിന്റെ അവസാനത്തിൽ ടൂർസിലെ വിശുദ്ധ ഗ്രിഗറി ഇങ്ങനെ എഴുതിയിരിക്കുന്നു: "അവിടുന്നു് ആദ്യം വിശ്രമിച്ച ഭാരതത്തിന്റെ ആ ഭാഗത്തു വിസ്മയാവഹമായ പരിമാണങ്ങളോടും വിപുലമായ ചിത്രവേലകളോടും അലങ്കാരങ്ങളോടുംകൂടിയ ഒരു ദേവാലയവും സന്യാസാശ്രമവും സ്ഥിതിചെയ്യുന്നു."

ആകയാൽ, നിങ്ങൾക്കു മഹനീയമായ ഒരു പിതൃസ്വത്താണു ലഭിച്ചിരിക്കുന്നതു്. മാർത്തോമ്മാക്രിസ്ത്യാനികൾ സംഖ്യയിൽ ചെറുതും മററു ക്രൈസ്തവലോകത്തിൽനിന്നു വേർപെടുത്തപ്പെട്ടതുമായിരുന്നെങ്കിലും, ക്രിസ്തുമതദീപം പൊലിഞ്ഞുപോകുന്നതിനു അവർ ഒരിക്കലും ഇടയാക്കിയില്ല. അവർ സംഖ്യയിലും, ഐക്യത്തിലും, ദാർഢ്യത്തിലും സംഘടനയിലും വളർച്ചപ്രാപിച്ചതു് ഈ അടുത്തകാലത്തെ ചരിത്രംമാത്രമാകുന്നു. 1920-ൽ നാലു കേരളീയ സുറിയാനി രൂപതകളിലുംകൂടി 412794-ം, വരാപ്പുഴ, കൊച്ചി, കൊല്ലം എന്നീ ലത്തീൻരൂപതകളിൽ 357664-ം കത്തോലിക്കരാണുണ്ടായിരുന്നതു്. ഇപ്പോൾ, 30 കൊല്ലത്തിനുശേഷം, തിരുവിതാംകൂർ, കൊച്ചി സംസ്ഥാനത്തു് 12 രൂപതകളും 16 ലക്ഷം കത്തോലിക്കരും ഉണ്ടായിരിക്കുന്നു. ഇതു 9000 ചതുരശ്രമൈൽ വിസ്തീർണ്ണതയുള്ള ഒരു ഭൂഭാഗത്തിലാണു്. ജനസംഖ്യയിൽ മാത്രമല്ല, വിദ്യാഭ്യാസത്തിലും, ബാങ്കികളിലും, വ്യവസായവാണിജ്യങ്ങളിലും കൃഷിയിലും മററിതുപോലുള്ള സംരംഭങ്ങളിലും കേരളകത്തോലിക്കർ പുരോഗമനത്തിന്റെ മുന്നണിയിൽത്തന്നെ നില്ക്കുന്നു. ഈ സംസ്ഥാനങ്ങളിൽ പ്രശംസനീയമായ നിലയിൽ നടത്തപ്പെടുന്ന അനേകം വിദ്യാഭ്യാസസ്ഥാപനങ്ങളും പരോപകാരസ്ഥാപനങ്ങളും, വിദ്യാഭ്യാസത്തിന്റെയും സാമൂഹ്യാഭിവൃദ്ധിയുടെയും പ്രചരണത്തിനു കത്തോലിക്കാസഭ ചെയ്യുന്ന മഹനീയസേവനങ്ങൾക്കു ഉത്തമതെളിവായിരിക്കുന്നു. ആൺകുട്ടികൾക്കായി അഞ്ചും പെൺകുട്ടികൾക്കായി രണ്ടും സർവ്വകലാശാലാ കോളേജുകളും അനേകം ഹൈസ്കൂളുകളും ഉണ്ടായിരിക്കുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ നിരന്തരവും അനന്യവുമായ പരിശ്രമങ്ങളുടെ ഫലമായിട്ടാണു്, സാക്ഷരതയുടെ കാര്യത്തിൽ കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങൾക്കു ഈ രാജ്യത്തിലെ ഏററവും പുരോഗമിച്ച പ്രദേശങ്ങളെന്ന അഭിമാനാവഹമായ പ്രശസ്തി ലഭിച്ചിട്ടുള്ളതു്.

(അ. കേ. ക. കോൺഗ്രസ് 25-ാമതു വാർഷികസമ്മേളനത്തിൽ ചെയ്ത ഉദ്ഘാടനപ്രസംഗത്തിൽനിന്നു്.)


## കാർമ്മൽ അപ്പസ്തോലിക്ക സ്കൂൾ, എറണാകുളം

കർമ്മലീത്താ ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും ത്യാഗസമ്പൂർണ്ണവുമായ ഒരാന്തരികജീവിതം നയിച്ചുകൊണ്ടു് കേരളത്തിനകത്തും പുറത്തും മതസേവനങ്ങൾ ചെയ്യുന്നതിനാഗ്രഹിക്കുന്ന യുവാക്കന്മാർ സ്കൂൾഫൈനൽ പരീക്ഷ കഴിഞ്ഞാലുടനെ—മേയ് മാസം 15-ാം തിയതിക്കുമുമ്പായി—താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

എന്നു് ഫാദർ പ്രൊവിൻഷ്യൽ

Rev. Fr. Director, "Carmel Apostolic School"
St. Teresa's Monastery, Banerji Road, Ernakulam.


പ്രകൃതിപാഠം

# മുതല

(എ. വി. തോമസ്, ബോംബെ)

ഇഴജന്തുക്കളിൽ ഏററം വലുതാണു് മുതല. 27 ജാതി മുതലകൾ ഉണ്ടെന്നു പറയപ്പെടുന്നു. ഇവയിൽ അധികവും ജലജന്തുക്കളാണു്. വളരെ ബലമുള്ള ഇവയുടെ വാലു് ചുക്കാൻപോലെയും കാലുകൾ പങ്കായങ്ങൾപോലെയും ഉപയോഗിക്കുന്നു. ശരിയായ ഒരു മുതലയ്ക്കു് ഇരുവശവും പരന്നു് നീണ്ട വാലുണ്ടു്. അതിന്റെ ഉടൽ മുഴുവൻ എല്ലുപോലെ കട്ടിയുള്ള ചതുരാകൃതിയിലുള്ള തകിടുകൾകൊണ്ടു് പൊതിയപ്പെട്ടിരിക്കുന്നു. വായ് നീണ്ടതും വളരെ വിതിയുള്ളതും ആണു്; പല്ലുകൾ വളരെ നീണ്ടതും മൂർച്ചയുള്ളതും ആകുന്നു. പല്ലുകൾ തേഞ്ഞുപോകുമ്പോൾ വീണ്ടും പുതിയവ വരും. ആഫ്രിക്കയിലെ നദികളിലും തടാകങ്ങളിലും ഇവ ധാരാളമുണ്ടു്. നൈൽനദി മുതലകൾക്കു പ്രസിദ്ധമാണു്. സിലോൺ, സയാം, ഈസ്റ്റ് ഇൻഡീസ്, ഫിലിപ്പൈൻസ് വടക്കേ ആസ്ത്രേലിയാ മുതലായ സ്ഥലങ്ങളിലും ഇവ ധാരാളമുണ്ടു്.

ഇൻഡ്യയിലെ സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ എന്നീ നദികളിൽ ഗവിയൽ (Gavial) എന്നു പറയുന്ന ഒരുവർഗ്ഗം മുതലകൾ ഉണ്ടു്. അവയുടെ മാംസപേശികൾ നീളംകൂടിയതും വണ്ണം കുറഞ്ഞതുമാണു്. പതിനെട്ടു് അടിയോളം അതിനു നീളമുണ്ടു്. മഗ്ഗർ (Mugger) എന്നപേരിൽ മറെറാരുജാതി മുതല (ചീങ്കണ്ണി) ഇൻഡ്യയിൽ ഉണ്ടു്. ചതുപ്പുസ്ഥലങ്ങളിലാണു് ഇതു സാധാരണ കിടക്കുന്നതു്. കായലുകളിലും ചെറിയ നദികളിലും ഇതിനെ ചിലപ്പോൾ കാണാം. വെള്ളംകുടിക്കാതെ വായ് തുറന്നുപിടിച്ചുകൊണ്ടു് നീന്തുവാൻ ഇതിനു സാധിക്കും. അത്ഭുതസമയംതന്നെ നിശ്വാസോച്ഛ്വാസംചെയ്യുവാനും കഴിയും. തൊണ്ടയുടെ പുറകിലുള്ള ഒരു പ്രത്യേകസജ്ജീകരണംകൊണ്ടാണു് ഇതു സാധിക്കുന്നതു്. ഈ മുതല വെള്ളത്തിൽ വിശ്രമിക്കുമ്പോൾ ഉടൽ മുഴുവനും തന്നെ വെള്ളത്തിനടിയിൽ ആയിരിക്കും. കണ്ണുകളും, മൂക്കിന്റെ ദ്വാരങ്ങളും പുറത്തിന്റെ ഒരു ഭാഗവും മാത്രമേ വെള്ളത്തിനു മുകളിൽ കാണുകയുള്ളു. ഈ സ്ഥിതിയിൽ ഇതിനെ കണ്ടാൽ പൊന്തിക്കിടക്കുന്ന ഒരു തടിക്കഷണം ആണെന്നു തോന്നിപ്പോകും. കണ്ണുകൾ തലയുടെ അഗ്രഭാഗത്താണു സ്ഥിതിചെയ്യുന്നതു്.

അല്ലിഗേറർ (Alligator) എന്ന വർഗ്ഗം ശരിയായ മുതലയിൽനിന്നും കുറേ വ്യത്യാസപ്പെട്ടതാണു്. ഇതിന്റെ മുഖം കൂടുതൽ നീണ്ടതും തല ചെറുതും വീതി കുറഞ്ഞതും ആണു്; മുകളിലത്തെ അണയിൽ ഒരു കുഴിയുണ്ടു്. താഴത്തെ അണയിലെ നാലാമത്തെ കോമ്പല്ലു് ഈ കുഴിയിലേക്കു തള്ളിനില്ക്കും. മുതലയുടെ പിൻകാൽ ചെളുമ്പൽകൊണ്ടു പൊതിഞ്ഞിരിക്കുന്നു. അല്ലിഗേററിനു് ഇങ്ങനെ ചെളുമ്പലില്ല. ഇതു സാധാരണ ചതുപ്പുസ്ഥലങ്ങളിലാണു് ജീവിക്കുന്നതു്. യാങ്ങ്ടിസ്കാങ്ങ് നദിയിലും അമേരിക്കൻ ഐക്യനാടുകളുടെ തെക്കുഭാഗങ്ങളിലും, വെനെസ്വേലാ, ഇക്വഡോർ ഈ രാജ്യങ്ങളിലും ഇതിനെ കാണാം. പതിനെട്ടു് അടിവരെ ഇതിനു നീളം ഉണ്ടു്. മിസിസിപ്പി നദിയിൽ കാണപ്പെടുന്ന ഒരു ജാതിയാണു് ഏററം ഭയങ്കരമായതു്. സെയ്മാൻ (Ceyman) എന്നു പറയുന്ന ഒരു വർഗ്ഗം ഇൻഡോചൈനായിലും മദ്ധ്യ അമേരിക്കയിലും തെക്കേ അമേരിക്കയിലും ഉണ്ടു്. ഈ വർഗ്ഗത്തിൽതന്നെ അഞ്ചു ജാതികൾ ഉണ്ടു്.

ആസ്ത്രേലിയായിൽ ക്വീൻസ്ലൻഡിലും ഇൻഡോചൈനായിലെ മെക്കോങ്ങ് നദിയിലും ഉള്ള മുതലയ്ക്കു് മുപ്പതു് അടിയോളം നീളമുണ്ടു്. ഇതിനെക്കാൾ അല്പംകൂടി വലുതായി മുപ്പത്തിമൂന്നു് അടിയോളം നീളമുള്ളതിനെ ഉപ്പുവെള്ളമുള്ള ചില നദീമുഖങ്ങളിലും അതിനു സമീപമുള്ള കടലിലും കാണാം. ഏററം ചെറിയ മുതല തെക്കേ അമേരിക്കയിലെ സെയിമാൻ ജാതിയാണു്. ഇതിനു് കഷ്ടിച്ചു് നാലടിയേ നീളമുള്ളു.

മുതല വളരെ ഭാരമുള്ള ജന്തുവാണു്. ഫിലിപ്പൈൻസിലെ ഒരു ജലാശയത്തിൽനിന്നും പിടിച്ച 16അടി നീളമുള്ള ഒരുമുതലയ്ക്കു 8ടൺ17ഹൺഡ്രഡ് വെയിററു് തൂക്കമുണ്ടായിരുന്നു. ക്വീൻസ്ലൻഡിലെ ഒരു സാധാരണ മുതലയ്ക്കു് 16 ടണ്ണിൽ കൂടുതൽ തൂക്കമുണ്ടായിരിക്കും. അതിന്റെ കായികശക്തി അത്ഭുതകരമാണു്. ആഫ്രിക്കൻ വനത്തിലെ ഒരു നദിയിൽനിന്നും വെള്ളം കുടിച്ചിട്ടുപോകാൻ ഭാവിച്ച ഒരു വലിയ കണ്ടാമൃഗത്തെ ഒരിക്കൽ ഒരു മുതല പിടിച്ചു ഭയങ്കരമായ ഒരു ദ്വന്ദ്വയുദ്ധത്തിനുശേഷം മുതല ആ വലിയ മൃഗത്തെയും കൊണ്ടു് വെള്ളത്തിനടിയിൽ താണുകളഞ്ഞു. ഇന്ത്യയിലെ മുതലകൾ പോത്തു്, പശുമുതലായ മൃഗങ്ങളെ പലപ്പോഴും പിടിക്കാറുണ്ടല്ലോ. മനുഷ്യനെ പിടിച്ചുകൊണ്ടുപോയിട്ടുള്ള മുതലകൾ ഫിലിപ്പൈൻസിലെ ചില നദികളിൽ ഉണ്ടു്.



## കഥാപ്രസംഗം

മദ്യപാനം, സ്ത്രീധനം എന്നിവ മൂലം സമുദായക്ഷേമത്തിനു നേരിട്ടുകൊണ്ടിരിക്കുന്ന വമ്പിച്ച വിപത്തുകളെ സരസമായും ഹൃദയസ്പൃക്കായും പ്രതിപാദിച്ചുകൊണ്ടു് മദ്യവർജ്ജനപ്രസ്ഥാനം വിജയിപ്പിക്കുവാൻ അനുവാചകരെ ആഹ്വാനം ചെയ്യുന്ന "മൃണാളിനി" കഥാപ്രസംഗം സമുദായനന്മയെ മുൻനിർത്തി കഃസംഘടനകളുടെ വാർഷികാഘോഷങ്ങളോടനുബന്ധിച്ചു് ഏററവും ആകർഷകമായ വ്യവസ്ഥകളിൽ നടത്തപ്പെടുന്നു. കഥാകാലക്ഷേപകുതുകികൾ താഴെ കാണുന്ന വിലാസത്തിൽ ഉടൻ എഴുതുക:

ജോസഫ് ചിറ്റേടൻ
കുഴിപ്പിള്ളി—അയ്യമ്പിള്ളി


മുതലകൾ എല്ലാം മുട്ടയിട്ടാണു് പെരുകുന്നതു്. ഒരു പ്രാവശ്യം ഇരുപതു മുതൽ തൊണ്ണൂറുവരെ മുട്ടകൾ ഇടുന്നു. നദീതീരത്തുള്ള മണൽ തിട്ടകളിലാണു് മുതല സാധാരണ മുട്ടയിടുന്നതു്. സൂര്യന്റെ ചൂടേററു് മുട്ടകൾ വിരിയുന്നു. കീരി, നീർനായ് മുതലായ ജന്തുക്കൾക്കു് മുതലമുട്ട വളരെ ഇഷ്ടമാണു്. മണ്ണിനടിയിൽ കിടക്കുന്ന മുട്ടകൾപോലും അവ ചിലപ്പോൾ മാന്തി എടുത്തുകൊണ്ടുപോകും. കുരങ്ങുകളും ചിലപ്പോൾ ഈ മുട്ടകൾ തട്ടിക്കൊണ്ടുപോകാറുണ്ടു്. ചില കീരികൾ മുതലക്കുഞ്ഞുങ്ങളേയും കൊന്നു തിന്നാറുണ്ടു്. "അണ്ഡദന്തം" എന്നു പറയുന്ന ഒരു പ്രത്യേകമാതിരി പല്ലുകൊണ്ടു് മുട്ടയുടെ തൊണ്ടു പൊട്ടിച്ചാണു് മുതലക്കുഞ്ഞു പുറത്തുവരുന്നതു്. പുറത്തുവന്നാലുടനെ ഈ പല്ലു പൊയ്പ്പോകുന്നു.

ജാവായിൽ ഒരിക്കൽ മുതലമുട്ട വിരിക്കുന്നതിൽ ചില പരീക്ഷണങ്ങൾ നടത്തി. മുതലക്കുഞ്ഞു മുട്ടയ്ക്കു പുറത്തു വരുന്നതിനു മുമ്പുതന്നെ അതിന്റെ വായുടെ മുൻവശം പിടിച്ചിരുന്ന ഒരു വിരൽ കടിച്ചുകൊണ്ടു് അതിന്റെ ജാത്യാലുള്ള ക്രൗര്യം പ്രസ്പഷ്ടമാക്കിയത്രേ. സാധാരണ സാഹചര്യങ്ങളിൽ കുഞ്ഞുങ്ങൾ വർഷംതോറും ഓരോ അടി വളരുന്നു. കുറേകൊല്ലങ്ങൾ കഴിയുമ്പോൾ വളർച്ച കുറഞ്ഞുപോകുന്നു. മഞ്ഞുകാലത്തു് മുതലകൾ ചെളിയിൽ പൂണ്ടുകിടക്കുന്നു. വേനൽക്കാലത്തു് നദികളും തടാകങ്ങളും വററിപ്പോകുന്നിടത്തു് അവ സ്വയം മണ്ണിൽ കുഴിച്ചുമൂടുന്നു. മഴവന്നു് വെള്ളമുണ്ടാകുന്നതുവരെ അവ പുറത്തുവരികയില്ല. ഈ ദീർഘകാലസുഷുപ്തിയിൽ അവയുടെ ശരീരത്തിന്റെ പല പ്രധാന പ്രവർത്തനങ്ങളും താല്ക്കാലികമായി നിലച്ചുപോകുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് അട്ടവള്ളുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, APRIL 19, 1950 ‖ No. 32


# തിരുനാൾമംഗളം

തൃശ്ശൂർ രൂപതയുടെ അഭിവന്ദ്യാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് പി. എച്ച്. ഡി., ഡി. ഡി. തിരുമനസ്സിലെ നാമകാരണനായ വി. ഗീവറുഗീസിന്റെ തിരുനാൾ ഏപ്രിൽ 23-ാം നു യാണല്ലോ തിരുസ്സഭ കൊണ്ടാടുന്നതു്. ദൈവമഹത്വം പ്രകീർത്തിക്കുവാനും സത്യവിശ്വാസം പുലർത്തുവാനും വേണ്ടി സ്വജീവനർപ്പിച്ച ഒരു വീരയോദ്ധാവണു വി. ഗീവറുഗീസ്. ഈ മഹാപുണ്യവാനെ അനുകരിച്ചു്, സഭയുടേയും സമുദായത്തിന്റേയും അവകാശങ്ങൾ പരിരക്ഷിക്കുവാനും ദൈവരാജ്യം വിപുലമാക്കുവാനും വേണ്ടി അനവരതം പോരാടിവരുന്ന ഒരു സേനാനായകനാണു് വിശുദ്ധന്റെ നാമധാരിയായ ഡോക്ടർ ആലപ്പാട്ട് തിരുമേനി. വന്ദ്യതിരുമേനി ഭരണഭാരം കൈയേറ്റശേഷം ചുരുങ്ങിയ കാലയളവിൽ തൃശ്ശൂർ രൂപതയ്ക്കുണ്ടായിട്ടുള്ള സർവ്വതോമുഖമായ അഭിവൃദ്ധി എവരുടേയും പ്രശംസയ്ക്കു വിഷയമായിട്ടുണ്ടു്. പള്ളിഭരണം സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിക്കുക, യുവതികൾക്കായുള്ള ഒരു ഫസ്റ്റ്ഗ്രേഡ് കോളേജ് സ്ഥാപിച്ചു് സർവ്വകലാശാലാവിദ്യാഭ്യാസം പുരോഗമിപ്പിക്കുക, ഇടവകകൾതോറും വിൻസെന്റ് ഡി പോൾ സഖ്യം സ്ഥാപിച്ചു് സാധുജനസേവനം കാര്യക്ഷമമാക്കുക ആദിയായ വിവിധ പ്രസ്ഥാനങ്ങൾ തിരുമേനിയുടെ ദീർഘവീക്ഷണത്തിനും കർമ്മകുശലതയ്ക്കും സാക്ഷ്യം വഹിക്കുന്നു. ഇത്തരം പരിപാടികൾ ഇനിയും കൊണ്ടുപോകുന്നതിനാവശ്യമായ ആയുരാരോഗ്യങ്ങൾ സർവ്വശക്തനായ ദൈവം തിരുമേനിക്കു പ്രദാനം ചെയ്യുമാറാകട്ടെ. ഇന്നാണല്ലോ വന്ദ്യതിരുമേനി തീർത്ഥാടനാർത്ഥം റോമിലേക്കു പുറപ്പെടുന്നതു്. തിരുമേനിയുടെ വിദേശയാത്ര ശുഭകരമായിരിക്കുന്നതിനും, തിരുമേനിക്കും നമുക്കെല്ലാവർക്കും വേണ്ടി വിശുദ്ധവത്സരത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചു് അവിടുന്നു സസുഖം തിരിച്ചെത്തുന്നതിനുമായി ഈയവസരത്തിൽ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.



# കത്തോലിക്കാകോൺഗ്രസ്സ്

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ 25-ാമതു വാർഷികം ഒല്ലൂർ മിഷൻസെന്ററിൽവെച്ചു് കഴിഞ്ഞ ആഴ്ചയിൽ ഏറ്റവും വിജയപ്രദമായി നടന്നിരിക്കുന്നു. കേരളത്തിലെ ഒരു പ്രധാന കത്തോലിക്കാകേന്ദ്രമായ ഒല്ലൂരിന്റെ പ്രശസ്തിക്കും പാരമ്പര്യത്തിനും അനുയോജ്യമായ വിധത്തിലാണു് ഈ വാർഷികമഹാമഹം ആഘോഷിക്കപ്പെട്ടതു്. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഇത്ര വിപുലമായ സജ്ജീകരണങ്ങൾ ചെയ്യുക കേവലം ശ്രമസാദ്ധ്യമായ ഒരു കൃത്യമാണു്. എന്നിട്ടും അവയെല്ലാം ഭംഗിയായി നിർവ്വഹിച്ചതിൽ ഭാരവാഹികൾ എവരുടേയും അഭിനന്ദനത്തേയും കൃതജ്ഞതയേയും അർഹിക്കുന്നു.

## ഈ വാർഷികത്തിന്റെ പ്രാധാന്യം

സർവ്വപ്രകാരേണയും, കോൺഗ്രസ്സിന്റെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു ഒല്ലൂർവെച്ചു നടന്ന ഈ വാർഷികസമ്മേളനം. വടക്കൻ പ്രദേശത്തുവെച്ചു് അടുത്തകാലത്തു ഇതുപോലൊരു വാർഷികം ആഘോഷിക്കയുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. കോൺഗ്രസ്സിന്റെ 25-ാമതു വാർഷികമെന്ന നിലയിൽ ഇതൊരു ജൂബിലിമഹാമഹം കൂടിയായിരുന്നു. സംഘടനകൾ എളുപ്പത്തിൽ ആവിർഭവിക്കയും അന്തർദ്ധാനം ചെയ്കയും ചെയ്യുന്ന ഒരു പ്രദേശമാണല്ലോ കേരളം. അത്തരമൊരു മണ്ണിൽ മുളച്ചുവളർന്ന കത്തോലിക്കാ കോൺഗ്രസ്സ് ഇന്നും സജീവമായി നിലകൊള്ളുന്നുവെന്നതു വലിയൊരു നേട്ടമായി നമുക്കു പരിഗണിക്കാവുന്നതാണു്. ഓരോ കാലങ്ങളിൽ പല വിഷമസന്ധികളേയും കോൺഗ്രസ്സിനു തരണം ചെയ്യേണ്ടിവന്നിട്ടുണ്ടു്. എന്നിട്ടും വിജയശ്രീലാളിതമായി അതു മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിൽ നമുക്കു അഭിമാനം കൊള്ളാം. അതേസമയംതന്നെ കോൺഗ്രസ്സ് സംഘടന പൂർവ്വാധികം ബലവത്താക്കുന്നതിനു പരിശ്രമിക്കയും ചെയ്യാം.

## സംഘടന ആവശ്യം

രാഷ്ട്രീയപ്രബുദ്ധതയും സംസ്കാരസമ്പത്തും കർമ്മപാടവവുമുള്ള ഒരു ജനവിഭാഗമാണു കേരളകത്തോലിക്കർ എന്നുവരികിലും നമ്മുടെ അവകാശങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നുണ്ടു്. നാം വേണ്ടപോലെ സംഘടിച്ചിട്ടില്ല എന്നതാണു് അതിനു ഹേതുവെന്നു തോന്നുന്നു. ഏതത്സംബന്ധമായി, പൗരാവകാശസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച മേജർ ആൽബർട്ടു് ഡിക്രൂസ്സ പറഞ്ഞ വാക്കുകൾ ശ്രദ്ധേയങ്ങളാണു്. "എല്ലാററിലും ഉപരിയായി ഇതു "സംഘടനയുടെ യുഗ"മാണെന്നുള്ള കാര്യം സ്മരിക്കുക. എന്തുകൊണ്ടെന്നാൽ സംഘടനയാണു് ശക്തി. ശക്തിക്കും പ്രവർത്തനത്തിനുമായി ഓരോ രാഷ്ട്രവും ഏതുവിധം സംഘടിച്ചിരിക്കുന്നുവെന്നു നമ്മൾ ചുററും കാണുന്നുണ്ടു്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും തൊഴിലാളികളുടേയും ഉന്നതമായ ശക്തി സംഭാഷണത്തിന്റെയും വാദങ്ങളുടേയുമല്ല, പ്രത്യുത സംഘടനയുടെ ഫലമത്രെ. അതിനാൽ നമുക്കും—കത്തോലിക്കാ തൊഴിലാളികളും—സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. "എന്തിനു ഭയപ്പെടുന്നു. സംഭവിക്കാനുള്ളതെല്ലാം സംഭവിക്കും" എന്നുള്ള മനസ്ഥിതി വിട്ടുപേക്ഷിക്കണം. അഴിഞ്ഞു നിൽക്കുന്ന ഒരു വസ്ത്രത്തെ മാററിക്കളയുന്നതുപോലെ തന്നെ നമ്മുടെ പരമ്പരാ, രാഷ്ട്രീയവുമായ അനാസ്ഥാമനസ്ഥിതി വിട്ടുപേക്ഷിക്കുക തന്നെ വേണം. റോമാക്കാരനും പൗരസ്ത്യനും മംഗലാപുരത്തുകാരനും ആന്ധ്രാക്കാരനും തമിഴനും മലയാളിയും—പശ്ചിമരനോ, ഉത്തരേന്ത്യനോ, ദക്ഷിണേന്ത്യനോ ആയ ഏതു ഇന്ത്യാക്കാരനും—ഇവരെല്ലാവരും കത്തോലിക്കരാണു്. പൊതുകാര്യത്തിനുവേണ്ടി, പ്രത്യേകിച്ചു ഭരണഘടനയിൽ സുരക്ഷിതമാക്കപ്പെട്ടിട്ടുള്ള നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പാലിച്ചുകൊണ്ടുപോകുന്നതിനുംവേണ്ടി എല്ലാവരും ഒരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുന്നപക്ഷം നമുക്കു ശോഭനമായ ഒരു ഭാവിയുണ്ടാകും. ഒരുദിവസം ഇന്ത്യ [illegible] ഒരു സാമ്രാജ്യമായി തീരുകയും ചെയ്യും!" ഇന്നു കേരളത്തിലെ എല്ലാ കത്തോലിക്കരുടേയും പ്രവർത്തനം നടത്താവുന്ന ഒരു പൊതുസംഘടനയുണ്ടെങ്കിൽ അതു അ. കേ. ക. കോൺഗ്രസ്സാണു്. അതിൽ എല്ലാ കത്തോലിക്കരും അംഗങ്ങളായി ചേർന്നു സമുദായത്തിന്റെ അഭ്യുന്നതിക്കായി പ്രയത്നിക്കണമെന്നു ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

## പ്രമേയങ്ങൾ

കോൺഗ്രസ്സ് വർക്കിംഗ്കമ്മിററി പാസാക്കിയ പ്രമേയങ്ങളെല്ലാം പൊതുജനശ്രദ്ധയെ അർഹിക്കുന്നവയാണു്. അവയിലൊന്നു ന്യൂനപക്ഷപ്രശ്നങ്ങളേയും അഭയാർത്ഥിപ്രശ്നങ്ങളേയും പരാമർശിച്ചുള്ളതാണു്. ന്യൂനപക്ഷസമുദായങ്ങളുടെ ജീവിതം പാക്കിസ്ഥാനിലും ഇൻഡ്യയുടെ പല ഭാഗങ്ങളിലും സുരക്ഷിതമല്ലെന്നു അനേകം സംഭവങ്ങൾ വിളിച്ചുപറയുന്നുണ്ടു്. നാടും വീടും വിട്ടു പരക്കംപാഞ്ഞുപോകാൻ നിർബന്ധിതരാകുന്ന അഭയാർത്ഥികൾ അനവധിയാണു്. ഈവക പ്രശ്നങ്ങൾക്കു ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതാണല്ലോ. ഇന്ത്യാ പാക്കിസ്ഥാൻ പ്രധാനമന്ത്രിമാർ ഈയിടെ ഒരു കൂടിക്കാഴ്ച നടത്തിയതു്. എങ്ങനെയായാലും, വർഗ്ഗീയമനോഭാവം കൈവെടിഞ്ഞു് വിശാലഹൃദയത്തോടും നിഷ്പക്ഷബോധത്തോടുംകൂടി പൗരന്മാരെല്ലാവരും വർത്തിക്കാത്തിടത്തോളംകാലം സമാധാനം സുസ്ഥാപിതമാകയില്ല. ഈ ലക്ഷ്യപ്രാപ്തിക്കായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക എന്നതു ഇന്നത്തെ നമ്മുടെ ഗുരുതരമായ ഒരു കർത്തവ്യമായി പരിഗണിച്ചിരിക്കുന്നു.

## ഇതര ക്രൈസ്തവരുമായി സഹകരിക്കണം

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ക്രൈസ്തവരെ പൊതുവെ ബാധിക്കുന്നതും അപ്പോഴപ്പോൾ ഉണ്ടാകുന്നതുമായ പ്രശ്നങ്ങളെപ്പററി ഇതരക്രൈസ്തവസമുദായങ്ങളുടെ പ്രതിനിധികളുമായി സമ്പർക്കത്തിലേർപ്പെട്ടു പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനു വർക്കിംഗ് കമ്മിററിയെ അധികാരപ്പെടുത്തുന്നതാണു മറെറാരു പ്രമേയം. രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കുവാൻവേണ്ടി ഇതരസമുദായങ്ങളിലെ അവാന്തരവിഭാഗങ്ങൾ തമ്മിൽ ഐക്യമുള്ളവരാകാൻ നേതാക്കന്മാർ നിരന്തരയത്നം ചെയ്തുവരുന്ന ഒരു കാലമാണല്ലോ ഇതു്. രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ കാര്യങ്ങളിൽ നായർക്കും പിള്ളയ്ക്കും ബ്രാഹ്മണനും ഈഴവനും പറയനും പുലയനും ഒന്നാകാമെങ്കിൽ, എന്തുകൊണ്ടു് അപ്രകാരമൊരു ഐക്യബോധം ക്രിസ്ത്യാനികളുടെ ഇടയിലും ഉളവാക്കിക്കൂടാ? ഹൈന്ദവരുടേയും മററുമിടയിലുള്ളതരം ജാതിവ്യത്യാസവും സവർണ്ണാവർണ്ണബോധവും ക്രിസ്ത്യാനികളുടെ ഇടയിൽ ഇല്ലാത്തതിനാൽ നമ്മെ സംബന്ധിച്ചിടത്തോളം സംഘടിതപ്രവർത്തനം, ഒരുവിധത്തിൽപ്പറഞ്ഞാൽ കൂടുതൽ എളുപ്പമാണു്. അതുകൊണ്ടു ക്രൈസ്തവരുടെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നാം വർദ്ധമാനമായ സഹകരണമനോഭാവത്തോടുകൂടി വർത്തിക്കേണ്ടിയിരിക്കുന്നു. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ വിട്ടുവീഴ്ചകൾ ചെയ്യരുതെന്നും മററു ക്രൈസ്തവവിഭാഗക്കാരുമൊരുമിച്ചു് മതകർമ്മങ്ങളിൽ പങ്കെടുത്തുകൂടെന്നുമുള്ള പൊതുതത്വം രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളിലുള്ള സഹകരണത്തിനു ബാധകമാവുകയില്ല.

## സമാധാനസ്ഥാപനാർത്ഥം

ഈ രാജ്യത്തെ സമാധാനത്തേയും മതാത്മകവും സാമൂഹ്യവും ജനാധിപത്യപരവുമായ സുസ്ഥിതിയേയും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിധ്വംസകപ്രസ്ഥാനങ്ങളെ വിജയപ്രദമായി നേരിടുന്നതിനു കത്തോലിക്കർ സമാധാനകാംക്ഷികളായ മററെല്ലാ സമുദായക്കാരുമായി സഹകരിച്ചുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ പരാമർശിച്ചുള്ളതാണു വേറൊരു പ്രമേയം. അടുത്ത കാലത്തു കേരളത്തിൽ അങ്ങിങ്ങായുണ്ടായിട്ടുള്ള വിപ്ലവാത്മകമായ സംഭവവികാസങ്ങൾ നിമിത്തം ജനങ്ങൾ ഭയവിഹ്വലരായി കഴിഞ്ഞുകൂടുകയാണല്ലോ. ഈദൃശസാഹചര്യങ്ങളിൽ നീതിനിഷ്ഠവും സമാധാനപരവുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയെ ലക്ഷ്യമാക്കി കത്തോലിക്കരായ നാം ഇതരസമുദായക്കാരുമായി യോജിച്ചു ഒരു ഐക്യമുന്നണി സൃഷ്ടിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നതിനു സംശയമില്ല. ഈ ആദർശത്തോടുകൂടിയ ഒരു ഐക്യമുന്നണി സൃഷ്ടിക്കുന്നതിനു് എറണാകുളത്തു 2-ാം നമ്പർ എസ്. ആർ. ഡി. പി. ശാഖാഹാളിൽവെച്ചു് മുനിസിപ്പൽചെയർമാൻ ശ്രീ അലക്സാണ്ടർ പറമ്പിത്തറ എം. എൽ. ഏ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടിയതായും വിവിധ ജാതിമതസ്ഥരടങ്ങിയ ഒരു കമ്മിററി രൂപവൽക്കരിച്ചതായും പത്രറിപ്പോർട്ടുകൾ കാണുകയുണ്ടായി. അതുപോലെയുള്ള "ഐക്യമുന്നണി"കൾ സൃഷ്ടിച്ചു നമ്മുടെ നാട്ടിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനു നാം സർവ്വാത്മനാ യത്നിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ കേരളകത്തോലിക്കാ കോൺഗ്രസ്സ് നേതൃത്വം നൽകുന്നതു സമുചിതമായിരിക്കും.

ഇവയും ഇതുപോലെതന്നെ സൃഷ്ടിപരങ്ങളായ മററുപല പ്രമേയങ്ങളും ഒല്ലൂർ സമ്മേളനത്തിൽവെച്ചു പാസാക്കിയിട്ടുണ്ടു. അവയെല്ലാം പ്രവൃത്തിപഥത്തിൽ വന്നുകാണുന്നതിനു ആഗ്രഹിക്കുന്നു. സത്യത്തിന്റെയും നീതിയുടേയും സമാധാനത്തിന്റെയും ദീപങ്ങൾ കരങ്ങളിലേന്തിക്കൊണ്ടു അ. കേ. ക. കോൺഗ്രസ് നിർബാധം പുരോഗമിക്കുന്നതിനു സർവ്വശക്തൻ കടാക്ഷിക്കുമാറാകട്ടെ.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |


## ചോദ്യോത്തരപംക്തി

**ചോ:** "ക്രിസ്തുഭഗവാൻ ജനിച്ചിട്ടാണോ മരിച്ചിട്ടാണോ 1950 വർഷം ആയിരിക്കുന്നതു? A. D. 1950 എന്നു പറയുന്നതു A. D. എന്ന വാക്കിന്റെ അർത്ഥം പിച്ചുനോക്കുമ്പോൾ മരിച്ച അന്നുമുതലാണല്ലോ."

**ഉ:** എ. ഡി. (A. D.) എന്നതിന്റെ പൂർണ്ണരൂപം Anno Domini (The Year of The Lord = കർത്താവിന്റെ വർഷം) എന്നാണു്; After Death (മരണശേഷം) എന്നല്ല. ക്രിസ്തുവിന്റെ ജനനത്തെ ഉദ്ദേശിച്ചാണു ക്രിസ്ത്വബ്ദം കണക്കാക്കിവരുന്നതു്. അതനുസരിച്ചു് ക്രിസ്തുവിന്റെ ജനനശേഷം 1950 വർഷം ആയിട്ടുണ്ടു്.

## സാഹിത്യമത്സരത്തിൽ വിജയികളായവർ

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1950-ൽ നടത്തപ്പെട്ട സാഹിത്യമത്സരത്തിൽ വിജയികളായവരുടെ പേരുവിവരം താഴെ ചേർക്കുന്നു:

ഗ്രന്ഥമത്സരം—1-ാം സ്ഥാനം "രക്തസാക്ഷിണി" (ജയിംസ് കെ. സി. മണിമല). II "ചരിത്രമാല്യ" (റവ. ഫാ. സി. കെ. മററം). III "ജാതകവും ഭാഗ്യനാട്ടവും" (എസ്. എച്ച്. ലിംഗ്, ആലുവ).

കവിതാമത്സരം—3-ാം സ്ഥാനം മരതകം—ശ്രീ തൊമ്മൻ സി. പൈകട.

പ്രബന്ധമത്സരം—I ശ്രീ പി. ടി. മാക്കോ II ശ്രീ കെ. സി. ജോസഫ്, എൻ. എ. ജോർജ്ജ്.

സാമ്പത്തിക പ്രബന്ധമത്സര — I ശ്രീ എം. ജെ. ആൻറണി. I ശ്രീ ജോൺ സി. കല്ലറയ്ക്കൽ.

## സമ്മർസ്കൂൾ

വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ രക്ഷാധികാരത്തിലും വരാപ്പുഴ കത്തോലിക്കാസംഘത്തിന്റെ ആഭിമുഖ്യത്തിലും എറണാകുളം സെന്റ് ആൽബർട്ട്സ് കോളെജ് ഹാളിൽവച്ച് ഏപ്രിൽ 30-ാംനു മുതൽ മേയ് 7-ാംനു വരെ ഒരു കത്തലിക് സമ്മർസ്കൂൾ നടത്തുന്നതാണ്. ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5-30-നു സമ്മർസ്കൂൾ ഉദ്ഘാടനംചെയ്യപ്പെടുന്നതാണ്. "മൗലികവൈരുദ്ധ്യ"ത്തെപ്പററി റവ. ഫാ. പ്ലാസിഡ് ഡി. ഡി. യും "തിരുസ്സഭാചരിത്ര"ത്തെപ്പററി റവ. ഫാ. ജോസഫ് തെക്കേപറമ്പിലും "സാമൂഹ്യതത്വങ്ങളെ"പ്പററി ശ്രീ. എൽ. എം. പൈലിയും പഠനക്ലാസുകൾ നടത്തുന്നതാണ്. പഠനക്ലാസുകളിൽ സംബന്ധിക്കുന്നവരെ ഉദ്ദേശിച്ച് മേയ് 7-ാംനു കാലത്തു 10 മണിക്കു ഒരു മത്സരപരീക്ഷ നടത്തുന്നതായിരിക്കും. മേയ് 1-ാംനു മുതൽ എല്ലാ ദിവസവും വൈകുന്നേരം 5-30-നു പൊതുജനങ്ങൾക്കുപകാരപ്രദമായ വിഷയങ്ങളെ അധികരിച്ച് പ്രസംഗങ്ങളും കലാപ്രകടനങ്ങളും ഉണ്ടായിരിക്കും. സമ്മർസ്കൂളിന്റെ ഉപസംഹാരയോഗം മേയ് 7-ാംനു ഞായറാഴ്ച വൈകുന്നേരം 5-30-നു വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു താഴെക്കാണുന്ന വിലാസത്തിൽ എഴുതിച്ചോദിക്കുക:

റവ. ഫാ. ജോസഫ് വെളളിശ്ശേരി, പ്രസിഡണ്ട്, വരാപ്പുഴ അതിരൂപതാ കത്തോലിക്കാസംഘം, എറണാകുളം.

---

St. Mary's Convent, Ernakulam
**Vocation Retreat**
യുവതികൾക്കു

## ഏകാന്തധ്യാനം

അടുത്ത മേയ്മാസം 8-ാംനു വൈകുന്നേരം ആരംഭിച്ചു 12-ാംനു കാലത്തു അവസാനിക്കുന്നതാണ്. ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനു സഹായകമായ പ്രസംഗങ്ങൾ നല്കുന്നതിനാണു പ്രത്യേകം ഉദ്ദേശിക്കുന്നതു്. പ്രസംഗികൻ റവ. ഫാ മാത്യു മങ്കുഴിക്കരി. ഭക്ഷണച്ചിലവു് 7 ക. ശയ്യോപകരണങ്ങൾ കൊണ്ടുവരണം.

മദർ സുപ്പീരിയർ
സെന്റ് മേരീസ് കോൺവെന്റ്
എറണാകുളം

---

## റോമിലേക്കു്

തൃശ്ശൂർ മെത്രാൻ മോററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് ഏപ്രിൽ 19 ാംനു-യു, ഒല്ലൂർപള്ളിവികാരി വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി ഏപ്രിൽ 14 ാംനു-യും, ആലുവാപള്ളി വികാരി റവ. ഫാ. പോൾ കുഴിക്കാട്ടു ബി എ. യും ചങ്ങനാശ്ശേരി രൂപത റവ. ഫാ. ജോസഫ് പുതിയപറമ്പിൽ ബി എ യും മുട്ടത്തുപാടത്തു് ഔസേപ്പു മാണിയും (ബ. അൽഫോൻസാമ്മയുടെ പൂർവ്വസഹോദരൻ) ഏപ്രിൽ 9 ാംനു-യു റോമിലേക്കു പുറപ്പെട്ടിരിക്കുന്നതായറിയുന്നു. കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ട് ഏപ്രിൽ 28 ാംനു പുറപ്പെടുന്നതായിരിക്കും.

## പട്ടാഭിഷേകം

കോയമ്പത്തൂർ മെത്രാനായി നിയമിതനായിരിക്കുന്ന മോൺ. ശവരിമുത്തു തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകകർമ്മം ഏപ്രിൽ 26 ാംനു നിർവ്വഹിക്കപ്പെടുന്നതാണ്.

## പാലാ കോളെജ്

പാലായിൽ പുതുതായി പണികഴിക്കുവാൻ പോകുന്ന സെന്റ് തോമസ് കോളെജിന്റെ ശിലാസ്ഥാപനകർമ്മം ഏപ്രിൽ 16 ാംനു മദ്രാസ് മെത്രാപ്പോലീത്താ മാർ ലൂയിസ് മത്യാസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചിരിക്കുന്നു. പാലാപട്ടണത്തിനു അല്പം പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന അരുണാപുരത്താണു് കോളെജിന്റെ സ്ഥാനം.

## ആശ്രമശ്രേഷ്ഠന്മാർ

സുറിയാനി കർമ്മലീത്താ സഭയിലെ ആശ്രമശ്രേഷ്ഠന്മാരായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരുടെ പേരുവിവരം താഴെ ചേർക്കുന്നു:

| | |
|---|---|
| മന്നാനം—റവ. ഫാ. | ജെരാർദ് |
| വാഴക്കുളം " | എവുസേബിയൂസ് |
| എൽത്തുരുത്തു് " | ജോസഫാത്തു് |
| അമ്പഴക്കാട്ട് " | ഗർവ്വാസീസ് |
| പുളിങ്കുന്നു് " | ലുദവീക്കൂസ് |
| മുത്തോലി " | കാസ്മീർ |
| ചെത്തിപ്പുഴ " | അബ്രഹാം |
| പാലാററി " | ദാനിയേൽ |
| പള്ളിപ്പുറം " | ഗ്രസ്യാനോസ് |
| തേവര " | ശാബോർ |
| കൂനമ്മാവു് " | മാവുറൂസ് |
| കുര്യനാട്ട് " | കൊൺസ്ററൻസിയൂസ് |
| ആലുവാ " | ക്ലെമന്റ് |
| പൂഞ്ഞാർ " | ഏലീശാ |
| ചമ്പക്കുളം " | ഫ്ളാവിയാൻ |
| കുറുകുററി " | പവിയാനോസ് |
| കടലുണ്ടി " | വിൽഫ്രിഡ് |
| തലോർ " | കുര്യൻ |
| മുട്ടാർ " | ഹെരാക്ലിയൂസ് |
| മണിമല " | പങ്കറാസീസ് |
| കുന്നംകുളം " | നോർബർട്ട് |
| മംഗലാപുരം " | പീയൂസ് |
| നവസന്യാ | |
| സികളുടെഗുരു " | അവുരേലിയൂസ് |
| തിരുവനന്തപുരം " | സിൽവേരിയൂസ് |
| തിരുവല്ല " | ക്ലോഡിയൂസ് |

## പ്രാദേശികവാർത്തകൾ

മരിയാപുരത്തു (തൃശ്ശൂർ) സ്ഥാപിതമായിരിക്കുന്ന മിഷൻഹോമിന്റെ ഉൽഘാടനം പ്രമാണിച്ച് ഏപ്രിൽ 9-ാംനു തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ മിഷൻഹോം അങ്കണത്തിൽ കൂടിയ പൊതുയോഗത്തിൽ സുപ്രസിദ്ധ കാഥികൻ ശ്രീ ജോസഫ് ചിറയടൻ പാർട്ടി അത്യന്തം വിജയകരമായ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു. തദവസരത്തിൽ ഒരു കീർത്തിമുദ്ര അഭിവന്ദ്യതിരുമേനി കാഥികനു സമ്മാനിക്കുകയുണ്ടായി.

—ചിററാട്ടുകര ശ്രീ ചിററിലപ്പിള്ളി ഉട്ടുപ്പുണ്ണി വറിയതു അവർകൾ സ്വന്തം കത്തോലിക്കാദേവാലയത്തിലേക്കു സംഭാവനചെയ്ത ക്രിസ്തുരാജപ്രതിമയുടെ ആശീർവ്വാദകർമ്മം തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു ഏപ്രിൽ 5-ാംനു നിർവ്വഹിച്ചിരിക്കുന്നു.

—അഖിലകേരള കത്തോലിക്കാകോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഒല്ലൂർവച്ചു നടത്തിയ പ്രസിദ്ധീകരണപ്രദർശനങ്ങളിൽ ഇൻഡ്യയിലെ പത്രമാസികകൾ പ്രദർശിപ്പിച്ചതിനു് ഒന്നാംസമ്മാനം എറണാകുളം ബോസ്കോ കലാസമിതിക്കു ലഭിച്ചിരിക്കുന്നു.

—പുത്തൻപള്ളിഇടവകയിലെ യുവജനങ്ങളുടെ ഒരു യോഗം സ്ഥലം മിഡിൽസ്കൂൾ മൈതാനത്തുവച്ചു് റവ. ഫാ ഡൊമിനിക് കോയിക്കര അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ഒരു സി. വൈ എം. എ. ശാഖ ഉൽഘാടനം ചെയ്തിരിക്കുന്നു. അടുത്ത മേയ് ആരംഭത്തിൽ വോളിബോൾ, ബാഡ്മിന്റൺ എന്നിവയിൽ ഓരോ ടൂർണ്ണമെന്റു നടത്തുവാൻ നിശ്ചയിച്ചു യോഗം പിരിഞ്ഞു.

—പോത്താനിക്കാട്ട് കത്തോലിക്കാപള്ളി മൈതാനത്തുള്ള ഫാത്തിമാനഗറിൽവച്ചു് ഏപ്രിൽ 24—25 തീയതികളിൽ വിപുലമായ കാര്യപരിപാടികളോടുകൂടി ഒരു പ്രസംഗമഹായോഗം നടത്തുന്നതാണ്. തിരുവല്ലാമെത്രാൻ മാർ സേവേരിയോസ് തിരുമേനി സമ്മേളനം ഉൽഘാടനംചെയ്യുന്നതായിരിക്കും. തിരുമേനിയും ശ്രീ തയ്യിലുകുഞ്ഞിത്തൊമ്മൻ എം. എൽ. എ. യും യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നതും റവ. ഡോക്ടർ പ്ലാസിഡ് തുടങ്ങിയ പ്രസിദ്ധ വാഗ്മികൾ പ്രസംഗിക്കുന്നതുമാണ്.

—അരൂർ സെന്റ് അഗസ്റ്റിൻസ് പള്ളിയിലെ അസിസ്റ്റൻറ് വികാരിയായിരുന്ന റവ. ഫാ. മാത്യു കോണകത്തു് അവർകളുടെ സ്ഥലംമാററംപ്രമാണിച്ച് ഏപ്രിൽ 15-ാംനു അരൂർ കാത്തലിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഗംഭീരമായ ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

## മാതൃദിനം

### അതെന്താണ്? അതെന്നാണ്?

സ്ത്രീയിൽനിന്നു് ജനിച്ചവരെല്ലാവരും അറിയുകയും ആചരിക്കുകയും ചെയ്യേണ്ടതത്രേ മാതൃദിനം. അതെന്താണെന്നും അതെന്നാണെന്നും അറിയുന്നതിനു്, പുതിയ വേഷവിധാനങ്ങളോടുകൂടി പുറപ്പെട്ടിരിക്കുന്ന "അമ്മ"യുടെ 2-ാം ലക്കം വായിച്ചാലും. അത്യന്തം അഭിനവവും ഏററം കാലോചിതവുമായ ഈ ത്രൈമാസികം എല്ലാ കുടുംബങ്ങൾക്കും ഒരു അത്യാവശ്യം തന്നെയാണ്. മെയ്മാസം 2-ാം ഞായറാഴ്ച-14-ാം തിയതി ആചരിക്കപ്പെടുന്ന ഇക്കൊല്ലത്തെ മാതൃദിനം പ്രമാണിച്ച് ഒരു രൂപ താഴെ കാണുന്ന മേൽവിലാസത്തിൽ മണിഓർഡർ അയച്ച് ഈ ത്രൈമാസികം വരുത്തിത്തുടങ്ങിയാലും. പ്രതീക്ഷയിൽ കൂടുതൽ വരിക്കാർ ഉണ്ടായതിനാൽ ഒന്നാംലക്കം തികയാതെപോയി. എങ്കിലും, ആവശ്യക്കാരെ നിരാശരാക്കാതിരിക്കുവാൻ ആ ലക്കം വീണ്ടും അടിക്കണമെന്നു് പലരും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ആവശ്യമെന്നു കണ്ടാൽ അപ്രകാരം ചെയ്യുന്നതാണ്. ത്രൈമാസികം വി. പി. മുമ്പത്തി അയയ്ക്കുന്നതല്ല. വരിസംഖ്യ മുൻകൂർ മണിഓർഡർ ചെയ്യേണ്ടതാണ്.

മാനേജിംഗ് എഡിററർ, "അമ്മ," ആലങ്ങാട്ട്,
കോട്ടപ്പുറം A. O., ആലുവാ P. O.

## ചരമം

ഒല്ലൂർപള്ളി ഇടവക ശ്രീ എ. സി. പോൾ പിച്ചിയിൽ ജോലിസ്ഥലത്തുവച്ചു ഇലക്ട്രിക് ഷോക്കേററ് മാർച്ച് 22-ാംനു നിര്യാതനായിരിക്കുന്നു.

—മൂക്കന്നൂർ ശ്രീ വറിയതു പുതുവാ ഏപ്രിൽ 10-ാംനു 78-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം പരേതന്റെ കനിഷ്ഠസഹോദരൻ റവ. ഫാ. ജോസഫ് പുതുവാ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

—മഞ്ഞുമ്മൽപള്ളിഇടവകശ്രീ ഇ. വി. ജോസഫിന്റെ പുത്രനും, സെന്റ് ആൽബർട്ട്സ് കോളെജ് വിദ്യാർത്ഥിയുമായ ശ്രീ ഇ. ജെ. ജോസഫ് 19-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## തി-കൊ. വാർത്തകൾ

ഏപ്രിൽ 15-ാംനു കൂടിയ അസംബ്ലിയോഗത്തിൽവച്ചു് ദേവസ്വം ബിൽ പാസായി നിയമമായിത്തീർന്നിരിക്കുന്നു. ഇതോടുകൂടി ഇപ്പോഴത്തെ ദേവസ്വംബോർഡിന്റെ കാലാവധി അവസാനിച്ചിരിക്കുന്നു.

—തിരു കൊച്ചി സംസ്ഥാന നിയമസഭയിലെ പ്രതിനിധികളുടെ സംഖ്യ 84 ആയി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഒരു ലക്ഷം ജനങ്ങൾക്കു് ഒരു പ്രതിനിധി വീതമേ ആകാവു എന്നു കേന്ദ്രഗവമെൻറിന്റെ നിർബ്ബന്ധമുള്ളതായറിയുന്നു. കേന്ദ്രത്തിലേക്കു 7.2 ലക്ഷം ജനങ്ങൾക്കു് ഒരു പ്രതിനിധിവീതമായിരിക്കും തിരഞ്ഞെടുക്കപ്പെടുന്നതു്. തിരു കൊച്ചി ഐക്യസംസ്ഥാനത്തിനു് കേന്ദ്രപ്രതിനിധിസഭയിൽ 12 സീററുകൾ ലഭിക്കുന്നതാണു്.

—ഉദ്യോഗസ്ഥന്മാരുടെ ക്ഷാമബത്തയും സംസ്ഥാനത്തിനു പുറത്തു സർക്കീട്ടിൽ പോകുന്നവർക്കുള്ള ദിനബത്തയും ഒരു കൊല്ലത്തേക്കുകൂടി തുടരുവാൻ അനുവദിച്ചിരിക്കുന്നു.


—ശിപായിമാർ മുതലായ 5-ാം ക്ലാസ് ഉദ്യോഗസ്ഥന്മാർക്കുള്ള ദിനബത്ത 1 ക. യായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

—ഗവമെൻറിൽനിന്നും നടത്തിവരുന്ന തിരുവിതാംകൂർ കൊച്ചി ഇൻഫർമേഷൻ എന്ന മാസികയുടെ പ്രസിദ്ധീകരണം നിർത്തിയിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

കാശ്മീർ പ്രശ്നം സംബന്ധിച്ചു് മദ്ധ്യസ്ഥനായി നിർദ്ദേശിക്കപ്പെട്ട ആസ്ത്രേലിയൻ ജഡ്ജി സർ ഓവൻഡിക്സനെ ഇൻഡ്യയും പാക്കിസ്ഥാനും അംഗീകരിച്ചിരിക്കുന്നു.

—ഇൻഡ്യാ പാക്കിസ്ഥാൻ പ്രധാനമന്ത്രിമാർ ചേർന്നു് ഏപ്രിൽ 8 ാംനു ഒരു കരാറിൽ ഒപ്പുവച്ചിരിക്കുന്നു. അതിൽ ഇരുരാഷ്ട്രങ്ങളിലെയും ന്യൂനപക്ഷങ്ങൾക്കു് പൂർണ്ണമായ പൗരാവകാശവും സുരക്ഷിതത്വവും തൊഴിൽ, പ്രസംഗം, ആരാധന എന്നിവയിൽ പൂർണ്ണസ്വാതന്ത്ര്യവും നിയമത്തിനും സദാചാരത്തിനും വിധേയമായി ഉറപ്പുനല്കുന്നതായി വ്യവസ്ഥചെയ്തിരിക്കുന്നു.




തലമുടി വടിപ്പിക്കാൻവന്ന ഗ്രാമീണൻ വലിയ വേദന സഹിക്കുന്ന ഭാവം കാണിക്കയാൽ ക്ഷൗരക്കാരൻ ചോദിക്കയാണ്: "എന്താ വറീതുമാപ്പിളേ! കത്തി പിടിക്കുന്നില്ലേ?"

വറീതു: "കത്തി പിടിക്കുന്നുണ്ട്. പിടിച്ചിട്ട് വിടുന്നില്ല എന്നു മാത്രം."

* * *

ഗൃഹനായിക ജോലി അന്വേഷിച്ചുവന്ന ബാലനോട്: "ചിലപ്പോഴൊക്കെ കാന്നോക്കു കുറച്ചു കള്ളു് വാങ്ങാനും പോകേണ്ടിവരും."

ബാലൻ: "അതെനിക്കു സന്തോഷമായിരിക്കും വല്യമ്മെ. ഇടയ്ക്കിടയ്ക്കു എനിക്കും അല്പം കുടിക്കണം."

* * *

രാഷ്ട്രീയ നേതാവ് (ദേഷ്യത്തോടെ): "നിങ്ങൾ എന്തെല്ലാം നുണകളാണ് എന്നെപ്പററി പത്രത്തിലെഴുതിയതു്?"

പത്രാധിപർ: "നിങ്ങളെപ്പററിയുള്ള വാസ്തവമെല്ലാം പത്രത്തിൽ എഴുതിയാലത്തെ സ്ഥിതിയോ?"

* * *

ഒരു യഥാർത്ഥസംഭവം. പ്രിൻസിപ്പാൾ കോളെജിൽ ചേരുന്നതിനായിവന്ന വിദ്യാർത്ഥിയോട്: "Where is your certificate?"

വിദ്യാർത്ഥി: "It is sitting in my box."

* * *

പുതിയ ഇംഗ്ലീഷു വാക്കുകൾ പഠിക്കാൻ ഭ്രമം കാണിച്ചിരുന്ന ഒരു കോളെജ്‌വിദ്യാർത്ഥി ഇംഗ്ലീഷു മലയാളനിഘണ്ടു നോക്കിയപ്പോൾ Abbreviation എന്ന വാക്കു കണ്ടു. അതിനു "കുറക്കൽ" എന്നു അർത്ഥം കൊടുത്തിരുന്നു. പക്ഷേ വിദ്യാർത്ഥി അതു ധൃതിയിൽ "കുറുക്കൻ" എന്നു വായിച്ചു. അന്നു രാത്രി അകലെ കുറുക്കൻ കൂവുന്നതു കേട്ടപ്പോൾ, ഒരു പുതിയ വാക്കു പ്രയോഗിക്കാൻ സാധിച്ചതിലുള്ള ചാരിതാർത്ഥ്യത്തോടെ പറകയാണ്: "Abbreviations are howling."

## പാചകയോഗം


### പഴപ്രഥമൻ

നല്ലപോലെ മൂത്തുപഴുത്ത 6 ഏത്തക്കായ് തൊലികളഞ്ഞു് ഒരു ഉരുളിയിലാക്കി 2 നാഴി വെള്ളമൊഴിച്ച് വേവിക്കുക. വെള്ളം വററുമ്പോൾ ഒന്നരറാത്തൽ ശർക്കര ഇട്ടു ഇളക്കി ഉടച്ചു് കുഴമ്പുപോലെ ആക്കുക 4 തേങ്ങ ചുരണ്ടിപ്പിഴിഞ്ഞു് രണ്ടാമത്തെ പാൽചേർത്തു് ഇളക്കുക. അതു വററിക്കഴിയുമ്പോൾ ആദ്യത്തെ പാലും ചേർക്കണം. ഒരു മുറി ഉണക്ക തേങ്ങ ചെറുതായി അരിഞ്ഞു് ഒരു തുടം നെയ്യിൽ വറുത്തു ചേർത്തശേഷം കാൽ രൂപാത്തൂക്കം വീതം ഏലം, ചുക്ക്, ജീരകം എന്നിവയുടെ പൊടിയും വിതറി ഇളക്കി ഇറക്കിവയ്ക്കുക.

# കത്തോലിക്കപ്രവർത്തനവും ജീവിതനവീകരണവും

(ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി)

സത്യത്തെ അന്വേഷിക്കയും, സത്യത്തെ വിശ്വസിക്കയും, സത്യത്തെ സാക്ഷീകരിക്കയും ചെയ്യുന്നതത്രെ കത്തോലിക്കാപ്രവർത്തനത്തിലെ പ്രഥമപാഠം. ജീവിതവിശുദ്ധീകരണമാണ് ഈ കർമ്മപദ്ധതിയിലെ അടുത്തപടി. പുണ്യപൂർണ്ണമായ ഒരു ക്രൈസ്തവജീവിതത്തിന് നമ്മുടെ പൂർവ്വപിതാക്കന്മാർ ഉപദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളല്ലാതെ പുതിയ വഴികളൊന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ക്രൈസ്തവമതത്തിന്റെ മൂലതത്വങ്ങളിലുള്ള ദൃഢവിശ്വാസവും, ഈശ്വരഭക്തിയും, ആത്മസംയമനവും, വിനയവും, ദീർഘക്ഷമയും, അദ്ധ്വാനശീലവും പ്രത്യാശാപൂർണ്ണമായ മനസ്ഥിതി



യും, സകലർക്കും നന്മവരണമെന്നും നന്മചെയ്യണമെന്നുമുള്ള അഭിവാഞ്ഛയും, കത്തോലിക്കാപ്രവർത്തകരുടെ സൂക്ഷ്മലക്ഷണങ്ങളാകുന്നു. വിശക്കുന്നവർക്കു ഭക്ഷിക്കുവാൻ കൊടുക്കുന്നതും, ദാഹിക്കുന്നവർക്ക് കുടിക്കുവാൻ കൊടുക്കുന്നതും, വസ്ത്രമില്ലാത്തവർക്ക് ഉടുക്കുവാൻ കൊടുക്കുന്നതും, പരദേശികൾക്ക് പാർപ്പിടംകൊടുക്കുന്നതും, രോഗികളേയും കാരാഗൃഹവാസം അനുഭവിക്കുന്നവരേയും ചെന്നുകണ്ടു ആശ്വസിപ്പിക്കുന്നതും, മരിച്ചവരെ സംസ്കരിക്കുന്നതും, സകലവിധ അടിമത്തത്തേയും സമ്മ എതിർക്കുന്നതും കത്തോലിക്കാ പ്രവർത്തനപരിപാടികളാകുന്നു. ദരിദ്രരേയും വിധവകളേയും മാതാപിതാക്കന്മാരില്ലാത്ത പൈതങ്ങളേയും, പരിരക്ഷിക്കണമെന്നും വേലയ്ക്കുതത്ത കൂലി കൊടുക്കണമെന്നും മനുഷ്യരുടെ ഇടയിൽനിന്നു അജ്ഞത മാററിക്കണമെന്നും, ദുഃഖിതരെ ആശ്വസിപ്പിക്കണമെന്നും പരിഹാസങ്ങളേയും നിന്ദകളേയും ക്ഷമിക്കണമെന്നും ഏററക്കുറവുകളെയെല്ലാം സഹിക്കണമെന്നും ഉള്ളതു് നമ്മുടെ പ്രവർത്തനസംഘാടനങ്ങളുടെ പ്രത്യേക ഗുണവിശേഷങ്ങളായിരിക്കണം. ധൈര്യംകൊണ്ടും, ദാനധർമ്മംകൊണ്ടും, തീക്ഷ്ണവും നിരന്തരവുമായ നമസ്കാരംകൊണ്ടും നമുക്ക് പ്രവർത്തനശക്തി സംഭരിക്കണം. ലോകാരംഭംമുതൽ ഇന്നുവരെ ജനിച്ചു ജീവിച്ചു മരിച്ചു സകല ആത്മാക്കളുടെയും നിത്യശാന്തിക്കുവേണ്ടി കൃപാലുവായ ദൈവത്തോടു നമുക്ക് അപേക്ഷിക്കേണ്ടിയിരിക്കുന്നു. നമുക്കും നമ്മുടെ കുടുംബത്തിനുംവേണ്ടി മാത്രമല്ല ധ്രുവദേശംമുതൽ ധ്രുവദേശം വരെ ഈ വിശാലഗോളത്തിൽ വസിക്കുന്ന സകലരുടെയും ശ്രേയസ്സിനായും നാം ജഗൽപിതാവിനോട് അനുദിനം പ്രാർത്ഥിക്കണം. സ്വയം വിശുദ്ധീകരണത്തിനുശേഷമല്ലാതെ നാം ചെയ്യുന്ന യാതൊരു പ്രവൃത്തിയും സ്ഥായിയായ ഫലംചെയ്യുവാൻ പോകുന്നില്ല.

സംസ്കാരം സിദ്ധിച്ച ജനസമൂഹങ്ങളുടെ സുസ്ഥിതിക്കു പശ്ചാത്തലമാകത്തക്കപോലെ ഈജിപ്തിലെ നീല നദീതീരത്തു് പണ്ടു പ്രഖ്യാപിക്കപ്പെട്ട പ്രമാണങ്ങൾ തെരുവീഥികൾതോറും ആവർത്തിച്ചാവർത്തിച്ച് നമുക്കു പ്രഖ്യാപിക്കണം. സ്രഷ്ടാവിനെ സ്തുതിക്കണമെന്നും മാതാപിതാക്കന്മാരെ ബഹുമാനിക്കണമെന്നും കൊലചെയ്യരുതെന്നും മോഷ്ടിക്കരുതെന്നും വ്യാജംപറയരുതെന്നും അന്യന്റെ പെണ്ണും മണ്ണും അപഹരിക്കരുതെന്നും നാം പഠിച്ചിട്ടുള്ള പാഠങ്ങൾ അബദ്ധമാണെന്ന് ഇന്നത്തെ കോടാനുകോടി ജനങ്ങൾ ഇനി കോടാനുകോടി കൊല്ലം വാദിച്ചാലും അവരുടെ വാദം ശരിയാകുവാൻ പോകുന്നില്ല.

ക്രൈസ്തവർക്കു ഇന്നു പററിയിരിക്കുന്ന അബദ്ധം അവർ ക്രൈസ്തവരല്ലെന്നുള്ളതാണ്. ക്രൈസ്തവസഭയുടെ ഭാവിയെപ്പററി ഭീതിയുള്ളവരോട് ഞാൻ പറയും ക്രൈസ്തവസഭ സ്ഥാപിച്ച യേശുക്രിസ്തു അതിനെ നോക്കിക്കൊള്ളുമെന്ന്. കടലിലെ കൊടുങ്കാററിനെ കൈയുയർത്തി ഒരു നിമിഷംകൊണ്ട് ശമിപ്പിക്കയും മരിച്ചവരെ ഉയിർപ്പിക്കയും, മരിച്ചിട്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കയും ചെയ്ത യേശുക്രിസ്തു പാപമില്ലാതെ ജീവിച്ചു എന്നും മരിച്ചവരെ ഉയിർപ്പിച്ചു എന്നും, മരിച്ചിട്ട് തനിയെ ഉയിർത്തു എന്നും യേശുവിനെപ്പററിയല്ലാതെ ഇന്നുവരെ ആരും ആരെപ്പററിയും എഴുതിയിട്ടില്ല. സൂര്യൻ ഉദിക്കാതിരിക്കയും, ചന്ദ്രനും നക്ഷത്രങ്ങളും പ്രഭ നൽകാതിരിക്കയും, സമുദ്രങ്ങൾ ഉണങ്ങിവരണ്ടുപോകുകയും ചെയ്യുന്നനാൾവരെ പരിശുദ്ധാരൂപിയുടെ സഹായഹസ്തങ്ങൾ നമ്മോടുകൂടി ഉണ്ടായിരിക്കുമെന്ന് ദൈവപുത്രനായ യേശുവിന്റെ വാഗ്ദാനം നമുക്കുണ്ട്. എന്നാൽ ക്രൈസ്തവനാമധാരികളെക്കുറിച്ചല്ല, ക്രൈസ്തവരെക്കുറിച്ചാണ് യേശുവിന്റെ വാഗ്ദാനം. നമ്മുടെ നന്മപ്രവൃത്തികൾക്ക് കേവലം 35 ശതമാനം മാർക്ക് വാങ്ങിച്ച് മോക്ഷം നേടിക്കൊള്ളാമെന്നുള്ള ശുഭാപ്തിവിശ്വാസമാണ് നമ്മുടെ അപകടം. കാസിയസ് ബ്രൂട്ടസിനോട് പറഞ്ഞു: "അബദ്ധം, പ്രിയപ്പെട്ട ബ്രൂട്ടസ്, നമ്മുടെ ജാതകത്തിലെ ഗ്രഹനിലയിലല്ല, അബദ്ധം നമ്മിൽത്തന്നെയാകുന്നു; അബദ്ധം, നാം കൊള്ളരുതാത്തവർ ആണെന്നുള്ളതാണ്." അതാണ് വാസ്തവം. അബദ്ധം, ഇവിടെ വല്ലതുമുണ്ടെങ്കിൽ അതു് ക്രൈസ്തവർ ക്രൈസ്തവരല്ലെന്നുള്ളതാകുന്നു. (അ. കേ. ക. കോൺഗ്രസ് 25-ാമതു വാർഷികസമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.)

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം
## XIX

ക്രൂദാശാഘടകങ്ങൾ

കുമ്പസാരമെന്ന കൂദാശയുടെ രണ്ടാമത്തെ ഘടകം പാപോച്ചാരണമാണ്. കൂദാശാപരമായ പാപനിവേദനം ഇങ്ങനെ നിർവ്വചിക്കാം: ജ്ഞാനസ്നാനാനന്തരമുള്ള സ്വന്തം പാപങ്ങളെ പാപവിമോചനവചനം വഴി പൊറുതി ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ അർഹതയുള്ള പുരോഹിതസമക്ഷം ഏററുപറയുക. പ്രോട്ടസ്റ്റാന്റുകാരുടേയും അവരുടെ മിത്രങ്ങളുടേയും ഈ വിഷയത്തിലുള്ള പ്രമാദങ്ങളെ ഖണ്ഡിച്ചുകൊണ്ടു ത്രിദന്തീനോസ് സൂനഹദോസ് പാപോച്ചാരണരീതിയുടെ സ്ഥാപനത്തേയും ആവശ്യകതയേയും സമർത്ഥിച്ചുകൊണ്ടു പറയുന്നു: (സെ 14. അ. 5) പാപങ്ങളുടെ പരിപൂർണ്ണമായ നിവേദനം കർത്താവിനാൽ ഏർപ്പെടുത്തപ്പെട്ടതാണെന്നും, അദ്ധ്യാത്മസ്നാനത്തിനുശേഷം പാപത്തിലുൾപ്പെട്ട സകലർക്കും അതു ദൈവികനിയമത്താൽതന്നെ അത്യാവശ്യമാണെന്നുമാണ സാർവ്വത്രികസഭ എല്ലാക്കാലത്തും മനസ്സിലാക്കിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവായ ഈശോമിശിഹാ ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കാരോഹണം ചെയ്യാറായപ്പോൾ പുരോഹിതന്മാരെ അധിനായകന്മാരും വിധിയാളന്മാരുമെന്നോണം തന്റെ പ്രതിപുരുഷന്മാരായി നിയമിച്ചു; ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ചാവുദോഷങ്ങളിലകപ്പെട്ടാൽ അവയെ അവരോടു നിവേദനംചെയ്യേണ്ടതിനും, അങ്ങനെ താക്കോലുകളുടെ അധികാരത്താൽ പാപവിമോചനത്തിന്റേയോ പാപബന്ധനത്തിന്റേയോ വിധിവാചകം അവർ ഉച്ചരിക്കേണ്ടതിനുംവേണ്ടിയാണു അങ്ങനെ ചെയ്തതു്. പാപങ്ങൾ തരംതിരിച്ചും ഓരോന്നായും ഏററുപറയാതെ, പൊതുവിൽമാത്രം അങ്ങനെ ചെയ്താൽ കേസറിയാതെ പുരോഹിതന്മാർക്കു ഈ വിധി പ്രസ്താവിക്കുവാനൊ ശിക്ഷകല്പിക്കുന്നതിൽ നീതിപാലിക്കുവാനൊ സാദ്ധ്യമല്ലെന്നു വ്യക്തമാണ്. ഇപ്പറഞ്ഞതിൽനിന്നു അനുതാപികൾ നിഷ്കർഷാപൂർവ്വമുള്ള ആത്മശോധനയ്ക്കുശേഷം ഓർമ്മയിൽ വരുന്ന സകലചാവുദോഷങ്ങളും, അവ എത്ര നിഗൂഢങ്ങളായാലും വേണ്ടതില്ല, പാപസങ്കീർത്തനത്തിൽ തുറന്നുപറയേണ്ടതാണെന്നു സിദ്ധിക്കുന്നു.

സൂനഹദോസ് മൂന്നു സംഗതികളാണു സമർത്ഥിക്കുന്നതു്—പാപനിവേദനം ദൈവസ്ഥാപിതമാണ്; അതു ആവശ്യമാണ്; അതിന്റെ വിഷയമാകട്ടെ മാമ്മോദീസായ്ക്കുശേഷമുള്ള ചാവുദോഷങ്ങളുമാണ്. പാപോച്ചാരണരീതിയെക്കുറിച്ചു പ്രസ്തുത സൂനഹദോസ് ഇങ്ങനെ തുടരുന്നു: പുരോഹിതനോടു മാത്രം രഹസ്യമായി പാപങ്ങൾ ഏററുപറയുന്ന സമ്പ്രദായത്തെക്കുറിച്ചു പറയുന്നതായാൽ സ്വന്തം പാപങ്ങൾക്കു ശിക്ഷയായും, സ്വയം എളിമപ്പെടുന്നതിനായും; മററുള്ളവർക്കു ദൃഷ്ടാന്തമായും, ദ്രോഹിക്കപ്പെട്ട തിരുസഭയുടെ നഷ്ടപരിഹാരത്തിനായും ആരെങ്കിലും തന്റെ കുററങ്ങളെ പരസ്യമായി പറഞ്ഞു കുമ്പസാരിക്കുന്ന രീതിയെ ക്രിസ്തു നിരോധിക്കുന്നില്ലെങ്കിലും, അതു ദൈവികനിയമത്താൽ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളതോ, രഹസ്യപാപങ്ങൾ വിശേഷിച്ചും പരസ്യകുമ്പസാരത്താൽ വെളിപ്പെടുത്തണമെന്നു ഏതെങ്കിലും മാനുഷികനിയമത്താൽ അത്രതന്നെ വിവേകപൂർവ്വം അനുശാസിക്കപ്പെടാവുന്നതോ അല്ല.

ഇക്കാരണത്താൽ കത്തോലിക്കാസഭയിൽ ആദ്യംമുതൽ പ്രയോഗത്തിലിരുന്നതും, ഇന്നും പ്രയോഗിച്ചുവരുന്നതുമായ കൂദാശാപരമായ രഹസ്യപാപോച്ചാരണരീതി അതിപരിശുദ്ധന്മാരും പ്രാചീനന്മാരുമായ സഭാപിതാക്കന്മാരാൽ ഏകയോഗമായി എന്നും പ്രശംസിക്കപ്പെട്ടിട്ടുള്ളതാകയാൽ, അതു ദൈവനിർദ്ദേശത്തിൽനിന്നു വിഭിന്നവും, മനുഷ്യസങ്കല്പവും, ലാത്തരാൻ സൂനഹദോസിൽ സമ്മേളിച്ച പിതാക്കന്മാരാൽ സമാരബ്ധവുമാണെന്നു ജല്പിക്കുവാൻ സങ്കോചം കരുതാത്തവരുടെ അർത്ഥമില്ലാത്തദുഷ്പ്രവാദം പ്രത്യക്ഷമായിത്തന്നെ വിപാടനം ചെയ്യപ്പെടുന്നുണ്ട്.

പാപോച്ചാരണം രഹസ്യമായാലും പരസ്യമായാലും കൂദാശയുടെ സാധുതയ്ക്കു പര്യാപ്തമത്രെ. എന്നാൽ പരസ്യകുമ്പസാരം— പ്രത്യേകിച്ചും രഹസ്യപാപങ്ങളുടെ — അനുശാസിക്കപ്പെടുന്നതു വിവേകപൂർവ്വമായിരിക്കയില്ല. രഹസ്യകുമ്പസാരരീതി ആരംഭകാലംമുതല്ക്കേ തിരുസഭയിൽ നിലവിലുള്ളതാണ്. ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ഗുരുതരമായ പാപങ്ങൾ ചെയ്തവർക്കു കൂദാശയ്ക്കടുത്ത പാപനിവേദനം ദൈവികനിയമത്താൽ ആവശ്യമാണ്; ഗുരുതരമായ സകല പാപങ്ങളും എണ്ണവും തരവും തിരിച്ചു കുമ്പസാരിക്കുവാൻ അവർക്കു കടമയുണ്ട്.

പ്രസ്തുത സിദ്ധാന്തത്തെ സമർത്ഥിക്കുവാൻ വേദപുസ്തകത്തിലും പാരമ്പര്യത്തിലും പ്രമാണപ്പെട്ട പല സാക്ഷ്യങ്ങളുമുണ്ടെന്നു മുൻലേഖനങ്ങളിൽനിന്നു വിശദമായിരിക്കണം.

ന്യായവിചാരണരീതിയിൽ നിർവ്വഹിക്കപ്പെടത്തക്കവിധത്തിലാണല്ലോ ക്രിസ്തുനാഥൻ കുമ്പസാരമെന്ന കൂദാശയെ സ്ഥാപിച്ചതു്. ചാവുദോഷങ്ങളെല്ലാം ആദ്യംതന്നെ പറഞ്ഞു കുമ്പസാരിക്കാതെ അനുതാപിയെക്കുറിച്ചൊരു വിധി ഉച്ചരിക്കുവാൻ അദ്ധ്യാത്മവിധിയാളനായ വൈദികാധികാരിക്കു സാദ്ധ്യമല്ല. ഓരോ കേസും അതിന്റെ പ്രധാന സാഹചര്യങ്ങളും തിരിച്ചറിയാതെ നീതിയുക്തവും വിവേകപൂർവ്വവുമായൊരു വിധി കല്പിക്കുവാൻ അദ്ദേഹത്തെക്കൊണ്ടാകുമോ? പാപി തുറന്നുപറഞ്ഞല്ലാതെ അതൊക്കെയും അറിയുവാൻ സാധിക്കയില്ല. രഹസ്യപാപങ്ങൾ വെളിക്കുവരണമെങ്കിൽ ആയാൾതന്നെ ഏററുപറയണം. പരസ്യമായാൽത്തന്നെയും ഏതു പാപകൃത്യത്തിന്റേയും ശരിക്കുള്ള ദുഷ്ടത പാപിയുടെ മനോഭാവത്തെയാണല്ലൊ സർവ്വപ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്. അതും അയാൾ പറഞ്ഞറിയിക്കാതെ വിധിയാളനു് എങ്ങനെ ചൂഴ്ന്നറിയുവാൻ സാധിക്കും!

കൂടാതെ ശ്ലീഹന്മാർക്കും അവരുടെ പിൻഗാമികൾക്കും നല്കപ്പെട്ടിട്ടുള്ള അധികാരം കെട്ടുവാനും, അഴിക്കുവാനുമുള്ള ഒന്നാണെന്നോർക്കണം. ആകയാൽ അദ്ധ്യാത്മവിധിയാളൻ ചാവുദോഷങ്ങളുടെ എണ്ണവും തരവും തിരിച്ചറിയാതെ ഏതേതു പാപങ്ങളാണു വിമോചിക്കപ്പെടേണ്ടതെന്നോ ബന്ധിക്കപ്പെടേണ്ടതെന്നോ വിവേചിച്ചറിയുവാൻ എങ്ങനെയാണു പ്രാപ്തനാവുക!

(പി. കെ.)

## യുവതികൾക്കു ഏകാന്തധ്യാനം

ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടാറുള്ള യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് മേയ് 3-ാംനു ബുധനാഴ്ച വൈകുന്നേരം തുടങ്ങുന്നതും 7-ാംനു ഞായറാഴ്ച കാലത്തു് അവസാനിക്കുന്നതുമാണ്. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരിയാണ്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ് ഫീസ് 8 രൂപാ മാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 25-ാംനുക്കകം വിവരം അറിയിക്കേണ്ടതാണ്.

മദർ സുപ്പീരിയർ എസ്. ഡി,
ചുണങ്ങംവേലി,
ആലുവാ

Thanksgiving



for favours received.
J. L. C



പരേതനായ
കോയിക്കര ബ. യൗസേപ്പച്ചൻ

ചെറുകഥ

# നിഴൽപ്പാട്

(ജോസ്)

ആ രാത്രിയൊന്നവസാനിച്ചിരുന്നുവെങ്കിൽ എന്നയാൾ ആശിച്ചു. അത്രയ്ക്കു വേദനനിറഞ്ഞ നിമിഷങ്ങളായിരുന്നു അയാൾക്കതു്. പകലിന്റെ പ്രകാശത്തെ ഗ്രസിച്ചുകൊണ്ടു് രാത്രി ഒരു രാക്ഷസിയെപ്പോലെ ഓടിയടുത്തു. അതോടുകൂടി അയാളുടെ രോഗത്തിനും ഒരു വർദ്ധനവാണുണ്ടായതു്. ആറു മക്കളും ഭാര്യയും അയാളുടെ ചുററുംകൂടി നില്പുണ്ടു്. നാലു പെണ്ണും, രണ്ടാണും! ആൺകുട്ടികൾ ഏതെങ്കിലും തരത്തിൽ ജീവിച്ചുകൊള്ളുമെന്നുവയ്ക്കാം. പെൺകുഞ്ഞുങ്ങളുടെ കാര്യമോർത്താണയാൾ തീ തിന്നുന്നതു്.

"ഈ കിടപ്പിൽ ഞാനങ്ങു മ—" അയാളതു പൂർത്തിയാക്കിയില്ല. അവിടെയൊരു കൂട്ടനിലവിളി ഉയന്നു. അയാളതു പറയേണ്ടിയില്ലായിരുന്നു. എങ്കിലും ഒരു പരമാർത്ഥമല്ലേ അതു്? ആ കിടപ്പിൽ അയാളങ്ങു മരിച്ചുപോയാൽ...?

മരിച്ചുപോയാൽ? മരിച്ചുപോയാൽ അബലയായ മാതാവും, നിസ്സഹായരായ ആറു മക്കളും—അല്ലാ, അവരു മാത്രമല്ല. വേദനതിന്നു മരിച്ച ഒരു മനുഷ്യശരീരവുംകൂടി അവിടെ അവശേഷിക്കും.

"എന്തിനാ നിങ്ങൾ കരയുന്നതു്?" അവസാനം രോഗി വളരെ പണിപ്പെട്ടു ചോദിച്ചു. അതും വിപരീതഫലമാണുളവാക്കിയതു്. ആ ചോദ്യം അവരെ പിടിച്ചു നിറുത്തി ചിന്തിപ്പിച്ചു. അവരുടെ രോദനശബ്ദം അണപൊട്ടിയൊഴുകുന്ന ജലപ്പെരുപ്പംപോലെ ഉയന്നുകൊണ്ടിരുന്നു. ആ പരിസരത്തിലൊരു കോളിളക്കമുണ്ടാക്കുന്നതായിരുന്നു അവരുടെ കരച്ചില്. അയൽപക്കത്തെ ധനികഭവനത്തിൽനിന്നു് ഒരു നായ് ദീനദീനം കുരച്ചുകൊണ്ടിരുന്നു. എല്ലാംകൂടി ആ രാവിന്റെ ഹൃദയത്തിൽ ഒരു സഹൃദയതയുളവാക്കി. വൃക്ഷങ്ങളെല്ലാം ശ്വാസമടക്കി നിശ്ചലമായി നിന്നുപോയി.

"മറിയാമ്മേ, എന്താ ഈ ലഹള?" ഉത്തരത്തിനിടയിലൂടെ ഉളിഞ്ഞുനോക്കി ആ രംഗത്തിന്റെ വിവരം മനസ്സിലാക്കിയ ശേഷമാണു് തൊമ്മനതു ചോദിച്ചതു്. അയാൾക്കറിയാം അവിടെയൊരഗ്നിപർവ്വതം പൊട്ടുവാനാഞ്ഞു നില്പുണ്ടെന്നു്. യാതൊരാലോചനയും കൂടാതെ പൊട്ടിയൊഴുകുന്ന ആ കദനദ്രവത്തിലേക്കു കാലെടുത്തു കുത്തുവാൻ തയാറാവത്തക്കവിധം അത്ര ബുദ്ധിഹീനനായിരുന്നില്ല അയാൾ.

"മറിയാമ്മേ, എന്തൊരു നിലവിളിയാ ഇതു്? ഈ കതകൊന്നു തുറന്നേ." ധാരമുറിയാതെ പ്രവഹിച്ചുകൊണ്ടിരുന്ന വിലാപധ്വനിയെ അതിജീവിച്ചു് തൊമ്മന്റെ ശബ്ദം ആ ഇടുങ്ങിയ മുറിക്കുള്ളിൽ പ്രതിധ്വനിച്ചു. അപ്പോൾ അവരുടെ വിലാപത്തിനൊരു ശമനമുണ്ടായി. എങ്കിലും മറിയാമ്മയ്ക്കു് ആ കതകിന്റെ മുടക്കനെടുക്കുവാനല്ലാതെ മറെറാന്നും കഴിഞ്ഞില്ല. അവർ വീണ്ടും ആ രോഗിയുടെസമീപം ചെന്നു താടിക്കു കൈയുംകൊടുത്തുനിന്നു. തുളുമ്പിനില്ക്കുന്ന ഹൃദയവ്യഥയുടെ പ്രതിനിധികളായി ആ നേത്രങ്ങളിൽ രണ്ടു ബാഷ്പകണങ്ങൾ, അടന്നുവീഴുവാൻ ആഞ്ഞുനിന്നിരുന്നു.

തൊമ്മൻ സാവധാനം ആ കതകിൽ തള്ളിനോക്കി. ഒരു കിറുകിറാശബ്ദത്തോടുകൂടി അതാ ദീനദയാലുവിനു വഴി മാറിക്കൊടുത്തു. അയാളുടെ പിൻപേ ഓടിയെത്തിയ ഒരു കുസൃതിക്കാററു് ആ മുറിയിൽ പ്രകാശം പരത്തിനിന്ന ദീപനാളത്തിൽ ചുംബിച്ചു കടന്നുപോയി. ആ കാമുകന്റെ വശ്യശക്തിക്കടിയറവു പറഞ്ഞുകൊണ്ടു് അതും അപ്രത്യക്ഷമായി.

ഭയാനകമായ കൂരിരുട്ടു്!

"അച്ചായാ—" ഏററവും ഇളയകുട്ടി ദീർഘമായൊന്നു വിളിച്ചു. അതിനെത്തുടന്നു വീണ്ടും അവിടെയൊരു രോദനമുയന്നു. അവരെല്ലാം ഭീതിയോടുകൂടി എന്തോ അത്യാഹിതത്തെ പ്രതീക്ഷിച്ചിരിക്കുന്നതുപോലെ! ആ മുറിയിലെ ഓരോ ചലനവും ശക്തിയായി തുടിക്കുന്ന അവരുടെ ഹൃദയങ്ങളിൽ വേദനയുടെ വേലിയേററമുണ്ടാക്കിക്കൊണ്ടിരുന്നു. ധീരനായ അവരുടെ ആ അയൽവാസിപോലും ഒന്നു ഞെട്ടിയിരിക്കും. അത്ര ഭയാനകമായ ഒരു രംഗമായിരുന്നു അതു്. തൊമ്മൻ തീപ്പെട്ടിയുരച്ചു് വിളക്കു കത്തിച്ചതോടുകൂടി ആ രംഗത്തിന്റെ ഭീകരതയ്ക്കു് അല്പമൊരു കുറവുവന്നു.

അയാൾ വിളക്കടുപ്പിച്ചു് ആ രോഗിയുടെ മുഖത്തേക്കൊന്നു നോക്കി. അപ്പോഴാണു് അയാൾക്കതിന്റെ ഗൗരവം മനസ്സിലായതു്. ദിവസവും കാണാറുള്ള ആ മുഖത്തിനു് എന്തോ ഒരു പരിവത്തനം സംഭവിച്ചിരുന്നു. മരണത്തിനിനി അധികതാമസമില്ല. തീച്ചയാണു്.

"അച്ചനെ കൊണ്ടുവരട്ടേ?" തൊമ്മൻ രോഗിയോടു ചോദിച്ചു. ഒരു വിശ്വാസിയുടെ മരണനേരത്തു ചെയ്യാവുന്നതിലേക്കം വലിയ സഹായം! പക്ഷെ മറിയാമ്മയ്ക്കൊരു ഞെട്ടലാണുണ്ടായതു്. അവർക്കറിയാമായിരുന്നു ആ രോഗി അന്ത്യകൂദാശകൾ ആഗ്രഹിക്കത്തക്കവിധം അത്രമാത്രം മായ(?)നല്ലെന്നു്. ആ വിശ്വാസ്യയായ ഭാര്യ ഭത്താവിന്റെ നേത്രങ്ങളിലേക്കുതന്നെ നോക്കിനിന്നു. അവർ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. എങ്കിലും അയാൾ യാതൊന്നും ശബ്ദിച്ചില്ല. അവസാനം തൊമ്മൻ പോകുകതന്നെ ചെയ്തു.

അപ്പോഴും അവിടെ ഭയാനകമായവിധം നിലവിളി മുഴങ്ങിക്കൊണ്ടിരുന്നു. തൊമ്മൻ ഒരു വൈദികനോടുകൂടി പാതിരാവിന്റെ കൂരിരുളിൽനിന്നും ആ ചെറിയ മുറിയിലെ ഭയാനകതയിലേക്കു കാലെടുത്തു കുത്തി.

ആ രോഗി വൈദികന്റെ മുഖത്തേക്കൊന്നു തുറിച്ചു നോക്കി.

"നിങ്ങൾക്കു കുമ്പസാരിക്കണോ?" അദ്ദേഹം അല്പംകൂടി അടുത്തുചെന്നു.

"കുമ്പസാരം—" രോഗി പല്ലുകൾ കൂട്ടിഞെരിക്കുന്ന ശബ്ദം കേട്ടു് ഭിത്തിയിലിരുന്ന ഗൗളി ഒന്നു ചിലച്ചു.

"എന്റെ ഭാര്യ—കുഞ്ഞുങ്ങൾ—നിങ്ങളവക്കെന്തുകൊടുക്കും?" അയാൾ നിരാശനിറഞ്ഞ സ്വരത്തിൽ ചോദിച്ചു. ആ വൈദികൻ പല സാന്ത്വനങ്ങളും പറഞ്ഞു സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു.

അവിടെയുണ്ടായിരുന്നവരെല്ലാം അടുത്ത മുറിയിൽപോയി പ്രാർത്ഥനചൊല്ലിക്കൊണ്ടിരുന്നു. മറിയാമ്മമാത്രം കൂടെക്കൂടെ ആ രംഗത്തേക്കു് എത്തിനോക്കാറുണ്ടായിരുന്നു. നിമിഷങ്ങൾ മരണത്തിന്റെ സന്ദേശവാഹകന്മാരെപ്പോലെ ഓടിയടുത്തുകൊണ്ടിരുന്നു.

ആ രോഗിയുടെ മുഖത്തൊരു ശാന്തത കളിയാടി. അയാൾ വൈദികന്റെ മുഖത്തേക്കൊന്നു സൂക്ഷിച്ചുനോക്കി. ആ പാതിരാത്രിയിലും അദ്ദേഹം ഉറക്കിളച്ചു് അയാളുടെ സമീപം ഇരിക്കുകയാണു്.

"അച്ചാ—" അയാളങ്ങനെ വിളിച്ചുപോയി. ആ ശബ്ദത്തിൽ ഒരു മധുരിമ നിറഞ്ഞിരുന്നു. അടുത്ത മുറിയിൽനിന്നും ഹൃദയംഗമമായ പ്രാർത്ഥന ശോകാത്മകമായ സ്വരത്തിൽ മുഴങ്ങിക്കൊണ്ടിരിക്കയാണു്.

"അച്ചാ, കുമ്പസാരിക്കണം." അയാൾ ആ വൈദികന്റെ ശാന്തസുന്ദരമായ മുഖത്തുനിന്നും കണ്ണുകൾ പറിക്കാതെതന്നെ പറഞ്ഞു.

"മകനേ, സമാധാനമായിരിക്കു." ഒരു പിതാവിന്റെ ശാന്തതയോടും വാത്സല്യത്തോടുംകൂടി ആ വൈദികൻ അയാളുടെ ശിരസ്സിൽ തലോടിക്കൊണ്ടിരുന്നു. രോഗിയിൽ അല്പം ആത്മവിശ്വാസം ഉളവായതുപോലെ. ചെറുപ്പത്തിൽ സമ്പാദിച്ചുവച്ചിരുന്ന വിശ്വാസം അയാളെ മനസ്സരണത്തിന്റെ ഉറച്ച കൽപ്പടികളിലേക്കു പിടിച്ചു കയററി. അവിടെ നിന്നുകൊണ്ടു് അയാൾ ചുററുമൊന്നു കണ്ണോടിക്കുകയാണു്. കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ചുള്ള ഭയാനകമായ സ്മരണ ആ വിധുരിതഹൃദയത്തിലേക്കു തള്ളിക്കയറുവാൻ തുടങ്ങി.

"അച്ചാ, എനിക്കു ഭയമാകുന്നു." ആ രോഗി തുറിച്ച നേത്രങ്ങളോടുകൂടി വൈദികന്റെ മുഖത്തേക്കു നോക്കി.

"ഇല്ല മകനേ, അധൈര്യപ്പെടാതെ ദൈവത്തിൽ വിശ്വസിക്കൂ." അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അയാളെ ധീരനാക്കി.

"അച്ചാ, ഞാൻ പേടിയോടുകൂടി ഓക്കുന്ന ഒരു സംഭവമുണ്ടച്ചാ. എന്നെ വളരെയധികം അധഃപതിപ്പിച്ച ആ സംഭവം." അയാൾ ഹൃദയം പൊട്ടുന്ന വേദനയോടുകൂടിയാണതു പറയുവാൻ ആരംഭിച്ചതു്.

"അന്നു ഞാനെന്തൊക്കെ ചെയ്തെന്നോ? അച്ചാ, അതിന്റെയൊക്കെ ഫലമാണിന്നു ഞാനനുഭവിക്കുന്നതു്." അയാൾ നെടുതായൊന്നു നിശ്വസിച്ചു. വൈദികൻ ആ രോഗിയോടു് ആശ്വാസവചനങ്ങൾ പറഞ്ഞുകൊണ്ടിരുന്നു.

"അച്ചനവിടേക്കൊന്നു നോക്കൂ." അയാളുടെ രോഗം തീത്തു ശമിച്ചെന്നുതോന്നും ദൃഢതയുള്ള ആ വാക്കുകൾ കേട്ടാൽ. അടുത്തിരുന്ന വൈദികന്റെ നേത്രങ്ങളിലേക്കുതന്നെ നോക്കിക്കൊണ്ടു് അയാൾ തുടന്നു: "അച്ചാ, എന്തിനാണയാളിങ്ങനെ ദിവസവും പള്ളിയിൽ പോകുന്നതും കുമ്പസാരിക്കുന്നതും? ഞാൻ ഒരിക്കലും മറക്കാത്ത ഒരു വാചകമുണ്ടച്ചാ. "അന്യനു് ഉതപ്പുനൽകുന്നതിൽ ഭേദം കഴുത്തിൽ തിരികല്ലുംകെട്ടി കടലിൽ ചാടി ചാവുകയാണെ"ന്നു്. ഞാനൊരു പരമാർത്ഥം പറയാമച്ചാ. ആ വലിയവീട്ടിൽ താമസിക്കുന്ന "പുണ്യവാനാ"ണു് എന്നെ ഇത്രമാത്രം അധഃപതിപ്പിച്ചതു്. അയാൾക്കിങ്ങനെ ദിവസവും പള്ളിയിൽപോകാതെ ഈ അക്രമങ്ങളൊക്കെ ചെയ്യാമായിരുന്നില്ലേ?" ഉൽക്കടമായ വെറുപ്പോടുകൂടി അയാൾ തലയൊന്നിളക്കി. "അയാൾക്കുവേണ്ടി എന്റെ ജീവിതം ഉഴിഞ്ഞുവച്ചതാണു ഞാൻ. ആ ധനമോഹിയോടു ചേന്നു ഞാൻ പ്രവത്തിച്ചിട്ടുള്ള അക്രമങ്ങൾക്കു കയ്യുംകണക്കുമില്ലച്ചാ. അതാ ആ പറമ്പിന്റെ തെക്കേ മൂലയുണ്ടല്ലോ. അവിടെയാണു് ആ പാവം താമസിച്ചിരുന്നതു്. ആ ദുഷ്ടനയാളെ ഇറക്കിവഴിയാധാരമാക്കിയതാണു്. വെറും മൂന്നൂറുരൂപാ കടമുണ്ടായിരുന്നതിനാണു് ആ വസ്തു പിടിച്ചുപറിച്ചെടുത്തതു്. ഈ പാതിരാത്രിയിലും ആ മുടന്തുകാലിൽ അയാൾ ഇവിടെവന്നതെന്തിനാണു്. എന്നെ തീ തീററുന്നതിനായിട്ടുമാത്രം. അയാൾ അച്ചനെ വിളിക്കുവാൻ വരാതിരുന്നുവെങ്കിൽ, അയാൾ ഈ ദുഷ്ടനെ സഹായിക്കുവാൻ വരാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അന്നൊരു രാത്രിയിൽ ഞങ്ങൾ അയാളുടെ പുര പൊളിച്ചു മാററിക്കൊണ്ടിരിക്കയായിരുന്നച്ചാ. ആ ദുഷ്ടന്റെ ആജ്ഞയെ അക്ഷരംപ്രതി അനുസരിക്കയായിരുന്നു. അപ്പോഴാണു് ആ സാധു അയാളുടെപക്കൽ കരുണയാചിക്കുവാൻ വന്നതു്. എവിടെനിന്നോ കടംവാങ്ങിയ മൂന്നൂറുരൂപയുമായി ആ പാവം അയാളുടെ മുന്നിൽ വന്നു കേണപേക്ഷിച്ചു. ആ പാറയുടെ അന്തികത്തിൽവന്നു് എന്തിനയാൾ തലതല്ലിക്കരയുന്നു? അല്ലെങ്കിൽ ഞാനെന്തിനിതൊക്കെ പറയണം? അന്നു ഞാനാണച്ചാ അതു ചെയ്തതു്. ആ പാവത്തെ അടിച്ചിറക്കുവാൻ അയാൾ ആഗ്രഹിച്ചു. അതിനു ഞാനൊരു കരുവായിത്തീന്നു. പുര വലിച്ചുപൊളിച്ചുകൊണ്ടിരുന്ന ഞാൻ അയാളുടെ ആജ്ഞയനുസരിക്കുവാൻ വേണ്ടി അതുംചെയ്തു. മനുഷ്യൻ പിശാചായി മാറിയ രംഗങ്ങളാണവ. ഒരൊററയടിക്കുതന്നെ അയാൾ നിലത്തുവീണു. പിന്നെ എന്തുതന്നെ ചെയ്യുവാൻ പാടില്ല? അന്നു ഞാൻ വിചാരിച്ചില്ല ആ പാവം വീണ്ടും എഴുന്നേററുനടക്കുമെന്നു്. നടക്കാതിരുന്നെങ്കിൽ! അച്ചാ, അയാൾ എഴുന്നേററു നടക്കാതിരുന്നെങ്കിൽ ഇന്നു ഞാൻ നിരാശയുടെ അടിത്തട്ടിൽ കിടന്നു നരകയാതനയനുഭവിച്ചു മരിക്കുമായിരുന്നു. എനിക്കൊരു സംശയമുണ്ടച്ചാ. ഈ പാപഭാരമെല്ലാം ഇറക്കിവയ്ക്കാമെന്നുള്ള വിശ്വാസംകൊണ്ടാണോ അയാൾ പള്ളിയിൽ പോകുന്നതും കള്ളക്കുമ്പസാരം കഴിക്കുന്നതും?" ആ നേത്രങ്ങളിൽ കോപം നിഴൽവിശിനില്ക്കുന്നതു വ്യക്തമായി കാണാമായിരുന്നു. അയാളുടെ ചോദ്യംകേട്ടു ധീരനായ ആ വൈദികൻപോലും ഒന്നു ഞെട്ടിപ്പോയി. അതിനു മതിയായ ഒരുത്തരം കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതുപോലെ അദ്ദേഹം നിശ്ചലനായിരുന്നു. അദ്ദേഹത്തിന്റെ നേത്രങ്ങളിലും പരമാർത്ഥങ്ങളുടെ പ്രതിഫലനംപോലെ ഒരു ശോകച്ഛായ ഇഴഞ്ഞുകയറി.


"സമുദായത്തെ തെററിധരിപ്പിക്കുവാൻ—അച്ചാ, മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ടു് മററുള്ളവരുടെ മുന്നിൽ നീതിമാനായിച്ചമയുവാൻ വേണ്ടിയല്ലേ അയാൾ ദൈവത്തെവിളിക്കുന്നതു്?" ആ രോഗിയുടെ മുഖത്തു വിവിധവികാരങ്ങൾ ഇഴഞ്ഞുകയറി നൈമിഷികമായ ഭാവവ്യത്യാസങ്ങൾ പ്രകടമാക്കിക്കൊണ്ടിരുന്നു. വൈദികൻ ഒരുത്തമസുഹൃത്തിനെപ്പോലെ അടുത്തിരുന്നു സാന്ത്വനങ്ങൾ പറഞ്ഞുകൊടുത്തു.

"അച്ചാ, എനിക്കു സമാധാനമായി." ആ രോഗിയുടെ മുഖത്തു് ഒരു പ്രസന്നത പരന്നു. "ഞാൻ മരിച്ചുപോയാൽത്തന്നെയും ദൈവമെന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും കാത്തുകൊള്ളുമെന്നെനിക്കു ധൈര്യമുണ്ടു്." അയാൾ മനസ്സമാധാനത്തോടുകൂടി ആ വൈദികന്റെ ഉപദേശം ശ്രവിച്ചുകൊണ്ടു കിടന്നു.

"അച്ചാ, ഞാനെല്ലാം ക്ഷമിക്കുന്നു." അവസാനം അയാൾ വേദനാജനകമായ സ്വരത്തിൽ പറഞ്ഞു: "ഞാനെല്ലാം ക്ഷമിക്കുന്നച്ചാ; എങ്കിലും ഒരു പരമാർത്ഥമുണ്ടു്. അതുകൂടി അച്ചൻ കേട്ടുകൊള്ളു. എന്റെ ശക്തിയെല്ലാം ക്ഷയിച്ചു്, നിരാശ്രയനായി, രോഗിയായി വീണുപോയപ്പോഴും ദൈവമെന്നെ കൈവെടിഞ്ഞിട്ടില്ലല്ലോ. ഒരുപക്ഷേ ആ സർവ്വശക്തനെന്നെ ശിക്ഷിക്കയായിരിക്കാം. അല്ലെങ്കിൽ ഞാൻ ആത്മാർത്ഥതയോടുകൂടി സേവിച്ച ആ ദുഷ്ടൻപോലും എന്നെ നിരാലംബനായി തള്ളിയപ്പോൾ എന്റെ ഹൃദയശൂന്യത സമ്മാനിച്ച കഴിവുകേടുമായി തൊമ്മൻ മുടന്തുകാലിൽ ഇഴഞ്ഞിഴഞ്ഞു എന്നെ സഹായിക്കുവാനെത്തണമോ? അതാണെനിക്കു സഹിക്കുവാൻ കഴിയാത്തതച്ചാ." ആ രോഗി ഭീതിക്കഭിമുഖനായി തിരിഞ്ഞുകിടന്നുകൊണ്ടു കരയുകയായിരുന്നു. വൈദികൻ വീണ്ടും ആശ്വാസവചനങ്ങൾ പറഞ്ഞുകൊടുത്തു് അയാളെ ധൈര്യപ്പെടുത്തുവാൻ ശ്രമിച്ചു. ആ മുറിയിൽ പ്രകാശിച്ചുകൊണ്ടിരുന്ന അവിവേകിയായ ദീപം ആ പുകപിടിച്ചിരുണ്ട ഭിത്തിയിൽ, ഡോക്ടറേയുംകൊണ്ടു് മുടന്തി മുടന്തിക്കയറിവന്ന തൊമ്മന്റെ ചലനാത്മകമായ ചിത്രം വരച്ചുകാട്ടി. ആന്ദോളനംചെയ്യുന്ന ആ നിഴൽപ്പാടുകണ്ടു് ആ രോഗിയുടെ സഹനശക്തി തകന്നുപോയി. അയാൾ ദയനീയമാംവിധം ഏങ്ങി ഏങ്ങിക്കരഞ്ഞു. ആ ശബ്ദംകേട്ടു് ഓടിയെത്തിയ ഭാര്യയും കുട്ടികളും വാവിട്ടു കരയുവാൻ തുടങ്ങി. അതു ശ്രവിച്ചു് അനുകമ്പാർദ്രയായ മണ്ണെണ്ണവിളക്കിന്റെ ഹൃദയം തകന്നുപോയി. ശബ്ദമുഖരിതമായ ആ കൊച്ചുമുറിയിലെ ഇരുളുനിറഞ്ഞ പരിസരത്തിൽനിന്ന തൊമ്മനും, ഡോക്ടർക്കും, വൈദികനും ഒരു കോരിത്തരിപ്പുണ്ടായി.

——

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്ക്, ബ്രോഡ്വെ- എറണാകുളം



## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക.

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ മററംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം. ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

പ്രിയകുഞ്ഞുങ്ങളേ,

ഫാത്തിമാബാലസമിതിയിൽ അംഗങ്ങളാകുന്നതു് എന്തിനാകുന്നു എന്നാണല്ലോ കഴിഞ്ഞ ലക്കത്തിൽ വല്യച്ചൻ പറഞ്ഞിരുന്നതു്. അതു സംബന്ധിച്ചു കുറച്ചുകൂടി നിങ്ങളെ മനസ്സിലാക്കുന്നതിനാണു് ഈ ലക്കത്തിൽ ഉദ്ദേശിക്കുന്നതു്. നിങ്ങളെ എല്ലാവരെയും പടയാളികൾ, കുഞ്ഞുപടയാളികൾ, ആക്കിത്തീർക്കണമെന്നാണു് വല്യച്ചന്റെ ഉദ്ദേശം. ഇപ്പോഴത്തെ യുദ്ധങ്ങളിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളും ഒരു നല്ല ഭാഗം വഹിക്കുന്നതായി നാം അറിയുന്നുണ്ടല്ലോ. അതുകൊണ്ടു് ആൺകുട്ടികളോടൊപ്പം പെൺകുട്ടികളും പടയാളികളാകണം.

നമ്മുടെ നാട്ടിൽ പണ്ടൊക്കെ യുദ്ധം ധാരാളമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ യുദ്ധമില്ല. അതുകൊണ്ടു യുദ്ധം എന്നു കേൾക്കുമ്പോൾ നമുക്കെല്ലാവർക്കും വലിയ ഭയമാണു്. എന്നാൽ യൂറോപ്പിലും മററും ഇങ്ങനെയല്ല. അവിടെ പലപ്പോഴും യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ടു നമുക്കുള്ളതുപോലെ ഭയം അവർക്കില്ല. മാത്രമല്ല, യുദ്ധം ചെയ്യുക എന്നു കേൾക്കുന്നതു് അവിടത്തെ ചെറുപ്പക്കാർക്കു വളരെ ആഹ്ലാദകരവുമാണു്. കാരണം യുദ്ധം ചെയ്തു് ജയം പ്രാപിക്കാം എന്നൊരു പ്രതീക്ഷ അവർക്കുണ്ടു്. അവരെപ്പോലെ യുദ്ധത്തിൽ താല്പര്യം നമുക്കും വേണം. യുദ്ധം ചെയ്യുന്നതിൽ ഉത്സാഹം വേണം. യുദ്ധത്തിൽ ജയം ലഭിക്കുമെന്നു് പ്രതീക്ഷയും വേണം.

എന്നാൽ നമുക്കു പോരാടേണ്ടതു് ആരോടാണു്? തോല്പിക്കേണ്ടതു് ആരെയാണു്? ഇതാണു നിങ്ങൾ പ്രത്യേകം അറിയേണ്ട സംഗതി. അയൽരാജ്യങ്ങളോ, അവയിലുള്ള ആളുകളോ അല്ല നമ്മുടെ ശത്രുക്കൾ. പിശാചും അവന്റെ ദൂതന്മാരുമാണു് ഇന്നത്തെ നമ്മുടെ ശത്രുക്കൾ. സത്യമായിട്ടും, നന്മയായിട്ടും, നീതിയായിട്ടും എന്തെല്ലാമുണ്ടോ അവയ്ക്കെല്ലാം എതിരാണു് ഇവർ. ഇക്കാരണത്താൽ ഇവരെക്കുറിച്ചു് അന്ധകാരശക്തികൾ, അഥവാ അന്ധകാരത്തിന്റെ ദൂതന്മാർ എന്നൊക്കെയാണു പറഞ്ഞുവരുന്നതു്. ദൈവം എത്ര നല്ലവനാണെന്നു് നമുക്കറിയാം. അങ്ങയുടെ പ്രിയമക്കളായ നമ്മെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നതിനു് അവിടുന്നു് സ്ഥാപിച്ചിട്ടുള്ള തിരുസ്സഭ എത്ര പാവനമാണെന്നു് നമുക്കറിയാം. അതിലെ കൂദാശകൾ എത്ര വിശിഷ്ടങ്ങളാണെന്നു് നമുക്കറിയാം. അതിലെ നിയമങ്ങൾ എത്ര നീതിയുക്തങ്ങളും, പഠനങ്ങൾ എത്ര യഥാർത്ഥങ്ങളും ആണെന്നും നമുക്കറിയാം. ഇവയ്ക്കെല്ലാം എതിരായി യുദ്ധം ചെയ്തു് ഇവയെല്ലാം നശിപ്പിക്കണം; ദൈവത്തെത്തന്നെയും നിവൃത്തിയുണ്ടെങ്കിൽ ഇല്ലാതാക്കണം. ഇതാണു് ഈ അന്ധകാരശക്തികൾ ആഗ്രഹിക്കുന്നതു്. ഇതിനായി ഇവർ ഊണും ഉറക്കവുമില്ലാതെ രാവും പകലും ഒരുപോലെ ബുദ്ധിമുട്ടുന്നു. ഇവർ ഇപ്പോൾ പോകുന്ന രീതിയിൽ മുമ്പോട്ടുപോകുകയാണെങ്കിൽ ലോകത്തെ മുഴുവനും ഇവർ നശിപ്പിച്ചുകളയും എന്നാണു് മാതാവു് ഫാത്തിമായിലെ കുട്ടികളോടു് അറിയിച്ചതു്. ലോകത്തെ മുഴുവനും നശിപ്പിച്ചാൽ വരുന്ന ഫലം എന്താണെന്നു് നിങ്ങൾക്കറിയാമോ? നമ്മൾ എല്ലാവരും ഇവരാൽ ഇല്ലായ്മയാക്കപ്പെടും. ഇതു അനുവദിക്കുവാൻ പാടില്ല. ശത്രുക്കളാൽ കൊല്ലപ്പെടുന്നതിനു് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല. നിങ്ങളുടെ പ്രിയ മാതാപിതാക്കന്മാർ കൊല്ലപ്പെടുന്നതു നിങ്ങൾക്കിഷ്ടമാണോ? ഒരിക്കലുമല്ല. നമ്മുടെ പള്ളികൾ നശിപ്പിക്കപ്പെടുന്നതിനും, വൈദികരും, മെത്രാന്മാരും, മാർപ്പാപ്പാതന്നെയും ഉപദ്രവിക്കപ്പെടുന്നതിനും, ഒരുപക്ഷെ വധിക്കപ്പെടുന്നതിനും ഇടയാകുന്നതു നിങ്ങൾക്കു് സമ്മതമാണോ? കണിശമായും അല്ല എന്നു നിങ്ങൾ പറയും.

ഇത്ര മഹാക്രൂരകൃത്യങ്ങൾ ചെയ്യുവാൻപോകുന്ന ശത്രു ആരാണെന്നു ഒരുപക്ഷെ നിങ്ങൾ ഇപ്പോൾ വല്യച്ചനോടു ചോദിച്ചേക്കാം. അതു മററാരുമല്ല. നിങ്ങൾ ഇപ്പോൾ പലയിടത്തുവച്ചും കേൾക്കുന്നില്ലേ കമ്മ്യൂണിസം, കമ്മ്യൂണിസം എന്നു്. ഈ കമ്മ്യൂണിസംതന്നെയാണു് നമ്മുടെ ഏററവും വലിയ ശത്രു. റഷ്യയിലും യൂറോപ്പിലെ മററുരാജ്യങ്ങളിലും ഇതു ചെയ്തിട്ടുള്ളതും ഇപ്പോൾ ചെയ്യുന്നതുമായ അക്രമങ്ങൾക്കും, അനീതികൾക്കും, ക്രൂരതകൾക്കും കൈയും കണക്കുമില്ല. ഏഷ്യയിലെ പല രാജ്യങ്ങളിലും ഇതുതന്നെയാണു് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. നമ്മുടെ നാട്ടിൽത്തന്നെ ഇപ്പോൾ ദിവസംതോറുമെന്നപോലെ നിങ്ങൾ കേൾക്കുന്നുണ്ടല്ലോ പുരയ്ക്കു തീവച്ചു, പലർകൂടി ചിലരെ വെട്ടിക്കൊന്നു, കുത്തിക്കൊന്നു, പോലീസ് സ്റ്റേഷൻ ആക്രമിച്ചു എന്നെല്ലാം. ആരാണു് ഈ ക്രൂരകൃത്യങ്ങളൊക്കെ ചെയ്യുന്നതു്? കമ്മ്യൂണിസമാകുന്ന ഭയങ്കരരാക്ഷസൻ. ഈ രാക്ഷസനോടു്, യുദ്ധം ചെയ്യുവാനാണു് നിങ്ങളെല്ലാവരും പടയാളികളാകണം എന്നു വല്യച്ചൻ ആഗ്രഹിക്കുന്നതു്.

എന്നാൽ നിങ്ങൾ പറഞ്ഞേക്കാം: "ഞങ്ങൾ എന്തുചെയ്യുവാനാണു്. കമ്മ്യൂണിസം എന്നു പറഞ്ഞാൽ എന്താണെന്നുപോലും ഞങ്ങൾക്കു ശരിയായി അറിഞ്ഞുകൂടാ. പ്രസംഗം പറയുവാനും ലേഖനങ്ങളും പുസ്തകങ്ങളും എഴുതുവാനും ഞങ്ങൾക്കു പ്രാപ്തിയില്ല. ഞങ്ങൾക്കു എന്തു സാധിക്കും? ഞങ്ങൾ കുഞ്ഞുങ്ങൾ അല്ലയോ?" നിങ്ങൾ പറയുന്നതു ശരിയാണു്. എങ്കിലും നിങ്ങൾതന്നെയാണു് ഇതിനു് ഏററവും പററിയ പടയാളികൾ എന്നാണു് വല്യച്ചൻ പറയുന്നതു്. ഇതിന്റെ കാരണം ഞാൻ നിങ്ങൾക്കു മനസ്സിലാക്കിത്തരാം. നിങ്ങളുടെ വീട്ടിൽ അപ്പന്റെ പക്കൽനിന്നും കൂടുതൽ കാര്യങ്ങൾ നേടുന്നതു് ആരാണു്? മൂത്ത ജ്യേഷ്ഠന്മാരെക്കാൾ ഇളയ അനുജന്മാരും പെങ്ങൾമാരുമല്ലേ! ഇതിന്റെ കാരണമെന്താണു്? അപ്പനു നിഷ്കളങ്കരായ ഈ ഇളയമക്കളോടുള്ള കൂടുതൽ സ്നേഹംതന്നെ. നല്ലതു് എന്തുതന്നെ അവർ ചോദിച്ചാലും അപ്പൻ ഉടനെ അവർക്കു കൊടുക്കും. ഇപ്രകാരംതന്നെ ദൈവത്തിനും തന്റെ പ്രിയ കുഞ്ഞുമക്കളായ നിങ്ങളോടു കൂടുതൽ സ്നേഹമുണ്ടു്. അതുകൊണ്ടു്, നിങ്ങളുടെ അപേക്ഷകൾ സാധിച്ചുതരുന്നതിനും നിങ്ങളുടെ പ്രവർത്തനങ്ങൾ വിജയപ്രദങ്ങളായി കാണുന്നതിനും ദൈവത്തിനു് അധികമായ ആഗ്രഹമുണ്ടു്.

കമ്മ്യൂണിസമാകുന്ന ഭയങ്കരസത്വത്തോടും മനുഷ്യരെ പാപികളാക്കിത്തീർക്കുവാൻ പരിശ്രമിക്കുന്ന പിശാചിനോടും യുദ്ധം ചെയ്തു ജയം പ്രാപിക്കുവാൻ ആവശ്യമുള്ളതു് ശാരീരികമായ ശക്തിയോ മാനുഷികമായ ബുദ്ധിസാമർത്ഥ്യമോ ഒന്നുമല്ല. പ്രത്യുത, ദൈവത്തിന്റെ ശക്തിയാണു്; അങ്ങയുടെ വരപ്രസാദമാണു്. നിങ്ങൾ കേട്ടിരിക്കുമല്ലോ ഇപ്പോഴത്തെ യുദ്ധങ്ങളിൽ ശത്രുക്കളെ തോല്പിക്കുവാൻ ഏററവും പററിയ ഉപകരണമായി ഉപയോഗിക്കുന്നതു് ബോംബുകളാണെന്നു്. ഇവയെക്കാൾ വളരെ ശക്തിയേറിയതാണു് വരപ്രസാദമാകുന്ന ബോംബ്. ക്രിസ്ത്യാനികളെ ഒന്നൊഴിയാതെ എല്ലാവരെയും നശിപ്പിക്കുന്നതിനുവേണ്ടി അതിശീഘ്രത്തിൽ കുതിരപ്പുറത്തു പാഞ്ഞുപോയ സാവൂളിനെ ഒരു ക്ഷണംകൊണ്ടു് മാനസാന്തരപ്പെടുത്തി മിശിഹായുടെ ഏററവും തീക്ഷ്ണതയുള്ള ഒരു ശ്ലീഹായായ പൗലോസാക്കിത്തീർത്ത സംഭവം (നടപടി അദ്ധ്യ. 9) നിങ്ങൾക്കറിവുള്ളതാണല്ലോ. എന്താണു് സാവോലിൽ ഇത്ര വലിയ വ്യത്യാസം വരുത്തിയതു്? അതു വരപ്രസാദമാകുന്ന ബോംബിന്റെ ശക്തിയാണു്. ഈ വരപ്രസാദം വഴിയല്ലാതെ നമ്മുടെ ശത്രുക്കളെ തോല്പിക്കുക സാദ്ധ്യമല്ല. ഈ ആയുധസാമഗ്രി കൂടാതെ ആരുതന്നെയും യുദ്ധരംഗത്തു ഇറങ്ങുകയാണെങ്കിൽ തോററുപോകുകയേയുള്ളു. അതുകൊണ്ടു് ഈ ബോംബുകൾ സമ്പാദിച്ചു് ഇവയെ ശത്രുക്കളുടെ നേരെയും അവരുടെ പാളയത്തിന്റെ മീതെയും ധാരാളമായി വർഷിക്കുകയാണു് പ്രകാശത്തിന്റെ പടയാളികൾ ഇന്നു ചെയ്യുവാനുള്ളതു്.

ഈ ബോംബു് ദൈവത്തിന്റെ പക്കൽനിന്നുമാത്രമേ ലഭിക്കുകയുള്ളു. അവിടത്തെ പക്കൽനിന്നും ഇവ എളുപ്പമായും ധാരാളമായും പ്രാപിക്കുവാൻ കഴിവുള്ളവർ അങ്ങയുടെ ഏററം പ്രിയ കുഞ്ഞുമക്കളായ നിങ്ങളാണു്. നിങ്ങൾക്കു തരുവാൻ അവിടുന്നു് ഒരുങ്ങിയിരിക്കുന്നു. ഒരുവിധത്തിൽ സർവ്വശക്തയും നമ്മുടെ അമ്മയുമായ ദൈവമാതാവു് നമ്മെ സഹായിക്കാമെന്നു് വാഗ്ദാനവും ചെയ്തിരിക്കുന്നു. അതുകൊണ്ടു് ധൈര്യപൂർവ്വം യുദ്ധരംഗത്തേക്കു് കുതിച്ചു് ചെല്ലുന്നതിനു് നാം മടിക്കേണ്ട ആവശ്യമില്ല. എങ്ങനെയാണു് മേൽപ്രസ്താവിച്ച ബോംബുകൾ സമ്പാദിക്കേണ്ടതു് എന്നു് വല്യച്ചൻ പിന്നീടു് പറഞ്ഞുകൊള്ളാം. ഇപ്പോൾ നിങ്ങൾ ചെയ്യേണ്ടതു് പട്ടാളത്തിൽ ചേരുന്നതിനു് നിങ്ങളുടെ പേരുകൊടുക്കുകയാണു്. യുദ്ധത്തിനു പോകുവാൻ ഒരുങ്ങുകയാണു്. നല്ല മനസ്സോടുകൂടി യുദ്ധക്കളത്തിൽ നിങ്ങളിറങ്ങുകയാണെങ്കിൽ വിജയം നിശ്ചയമാണു്. കാരണം സർവ്വശക്തനായ ദൈവം നിങ്ങളുടെകൂടെയുണ്ടു്. ദൈവം തന്റെകൂടെ ഉണ്ടായിരുന്ന ഒരു ചെറിയ കുട്ടി ഭയങ്കരനായ ഒരു ശത്രുവിനെയും സുശക്തമായ രാജ്യത്തേയും തോല്പിച്ചു്, വിജയം നേടിയ സംഭവം അടുത്തലക്കത്തിൽ വിവരിക്കാം. സത്യത്തിനും, നീതിക്കും, നന്മയ്ക്കും ദൈവത്തിനും എതിരായി യുദ്ധത്തിനു് പുറപ്പെട്ടിരിക്കുന്ന അന്ധകാരശക്തികളോടു ധൈര്യപൂർവ്വം ഫലപ്രദമായ രീതിയിൽ യുദ്ധംചെയ്യുവാൻ സന്നദ്ധമായ ഒരു സൈന്യനിര സൃഷ്ടിക്കുന്നതിനു് കേരളത്തിലെ ബാലികാബാലന്മാരെല്ലാവരും ഇപ്പോൾ മുമ്പോട്ടുവരണം. ഇതാണു് വല്യച്ചന്റെ ആഹ്വാനം.

വല്യച്ചന്റെ ഈ ആഹ്വാനം ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന നിങ്ങൾ എല്ലാവരും ഒരു സംഗതികൂടി ചെയ്യണം. ഒരു പ്രചരണം നടത്തണം. സത്യദീപത്തിന്റെ ഈ പ്രതികൾ വായിക്കാത്തവരായിരിക്കും നിങ്ങളുടെ ജ്യേഷ്ഠാനുജന്മാരും, പെങ്ങൾമാരും, കൂട്ടുകാരിൽ പലരും. അവരോടു് വല്യച്ചന്റെ ക്ഷണത്തെക്കുറിച്ചും ഈ യുദ്ധത്തിനു് ആളെടുക്കുന്ന കാര്യത്തെക്കുറിച്ചും പറഞ്ഞു മനസ്സിലാക്കണം. ഈ ഭാഗങ്ങൾ വായിച്ചുകേൾപ്പിച്ചാൽ ഏററവും നല്ലതു്. ഇങ്ങനെ ചെയ്തുകൊണ്ടു് അവരെക്കൂടി നിങ്ങളുടെ സേനയിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കണം. ഇതു വലിയ ഒരു പ്രേഷിതവേലയാണു്. നമുക്കു ജയം കൈവരുത്തുവാനുള്ള ഏററവും പററിയ മാർഗ്ഗവുമാണു്. ഇതിനു പുറമെ നിങ്ങളുടെ വേദോപദേശക്ലാസുകളിൽ നിങ്ങളെ പഠിപ്പിക്കുന്നവരോടു്, അവർ അദ്ധ്യാപകന്മാരോ, അദ്ധ്യാപികമാരോ, കന്യാസ്ത്രീകളോ, വൈദികരോ ആരുതന്നെ ആയിരുന്നാലും, അവരോടു ഇതുസംബന്ധിച്ചു് നിങ്ങൾ എന്തെല്ലാം ചെയ്യണമെന്നു് ചോദിച്ചു മനസ്സിലാക്കുകയും ഇതിൽ നിങ്ങൾക്കു് ആവശ്യമുള്ള എല്ലാ സഹായങ്ങളും ചെയ്യണമെന്നു് അപേക്ഷിക്കുകയും ചെയ്യണം. കഴിഞ്ഞതിന്റെ മുൻപിലത്തെ ലക്കത്തിൽ (മാർച്ച് 29) നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ നിങ്ങളുടെ പേരുകൾ വല്യച്ചനു് അയച്ചുതരുവാൻ അവർ നിങ്ങളെ സഹായിക്കും.

നമ്മുടെ ഏററവും പ്രിയ അമ്മയായ ഫാത്തിമാമാതാവു് നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

### കത്തിനു മറുപടി

പീററർ റോബിൻ റൊസാരിയോ

"ഏ. ബ. വല്യച്ചാ, കരുണാമൂർത്തിയായ പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെ സഹായത്താൽ വല്യച്ചനും ശേഷം ബാലരംഗാംഗങ്ങൾക്കും സൗഖ്യമാണെന്നു വിശ്വസിക്കുന്നു. അടുത്തകാലത്തു നമ്മുടെ (ഞങ്ങളുടെ: യുവാക്കളുടെ) മാതൃകയായ ഡോമിനിക്കു സാവിയോയെ കത്തോലിക്കാ സഭാമാതാവു് സിദ്ധന്മാരുടെ പട്ടികയിൽപ്പെടുത്തിയ സന്തോഷവാർത്ത ബാലരംഗാംഗങ്ങൾക്കു് അറിവുള്ളതാണല്ലോ. ആ പുണ്യബാലൻ നമുക്കാവശ്യമുള്ളതെല്ലാം മാതാവുവഴിയായി സാധിച്ചുതരും. പ്രിയ വല്യച്ചാ, ഞങ്ങളുടെ വർഷാവസാനപ്പരീക്ഷ അടുത്തിരിക്കുന്നു. ഞങ്ങൾക്കു എല്ലാവർക്കുംവേണ്ടി ബാലരംഗാംഗങ്ങളും വല്യച്ചനും പ്രത്യേകം പ്രാർത്ഥിക്കുമെന്നു വിശ്വസിക്കുന്നു. എന്റെ കാര്യത്തിൽ ലത്തീനു ഞാൻ കുറച്ചു പുറകിലാണു്."

പ്രിയ കുഞ്ഞേ, ലത്തീനും മറെറല്ലാ വിഷയങ്ങളും നല്ലപോലെ പഠിച്ചു് വിജയം വരിക്കുന്നതിനും ഡോൺബോസ്കോയുടെ ഉത്തമസന്താനമായി ഭവിക്കുന്നതിനുംവേണ്ടി ഞാനും ബാലരംഗാംഗങ്ങളും തീർച്ചയായും പ്രാർത്ഥിക്കുന്നതാണു്. ഡോമിനിക്കു സാവിയോയുടെ ചിത്രവും നമ്മുടെ മാതൃകയായി വിരാജിക്കുന്ന ആ പുണ്യബാലനെ സിദ്ധരുടെ പട്ടികയിൽ ചേർത്ത വിവരവും സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു കണ്ടിരിക്കുമല്ലോ. ബോസ്കോപുണ്യവാന്റെ ഓറട്ടറിബാലകരിൽ പ്രഥമഗണനീയനായിരുന്ന സാവ്യോ ഇപ്രകാരം സിദ്ധപദം പ്രാപിച്ചതിൽ നമുക്കു അഭിമാനംകൊള്ളാം. നമ്മുടെ ഈ മദ്ധ്യസ്ഥനെ തിരുസ്സഭ പുണ്യവാൻ എന്നുകൂടി പേർവിളിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്യാം. എന്നു് സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 കായേൻ സ്ഥാപിച്ച നഗരത്തിന്റെ പേരെന്തു്?

2 കാഹളധ്വനിയും അട്ടഹാസവും കേൾക്കയിൽ ഏതു നഗരത്തിന്റെ മതിലുകളാണു നിലംപതിച്ചതു്?

3 ശാമുവേലിന്റെ നഗരം ഏതായിരുന്നു?

4 ഏതു നഗരത്തിലേക്കു പോകുമ്പോഴാണു് വി. പൗലോസ് മനസ്സുതിരിഞ്ഞതു്?

5 വിൻസെൻറ് ഡി പോൾ സഖ്യം സ്ഥാപിച്ചതാരാണു്?

ഉത്തരങ്ങൾ

1 ഹെനോക്കു് (സൃഷ്ടി 4, 17)

2 ജറീക്കോ (ജോഷ്വാ 6, 1—20)

3 റാമഥ (1 രാജ. 27, 3.)

4 ഡമാസ്കസിലേക്കു് (നടപടി 9, 1—25).

5 ഫ്രെഡറിക് ഒസാനാം.

# സ്ത്രീധർമ്മം

(ശ്രീമതി അന്നമ്മ കുഞ്ചാക്കോ ബി എ ബി എൽ)

ആധുനികലോകത്തിൽ പുരുഷന്റെ പ്രവൃത്തിമണ്ഡലങ്ങളെല്ലാംതന്നെ സ്ത്രീയുടേയും പ്രവൃത്തിമണ്ഡലങ്ങളായി തീർന്നിട്ടുണ്ടു്. തന്മൂലം സ്ത്രീസ്വാതന്ത്ര്യമാണെന്നും, അതു ആധുനികയുഗത്തിന്റെ വലിയ നേട്ടമാണെന്നും സങ്കല്പിക്കുന്നു.

എന്നാൽ ക്രിസ്തുസഭയുടെ ആരംഭംമുതൽതന്നെ സുവിശേഷങ്ങളുടേയും വി. പൗലോസിന്റേയും പ്രബോധനങ്ങളേയും അനുവർത്തിച്ചു് കത്തോലിക്കാസഭ സ്ത്രീ പുരുഷനു തുല്യമായി കരുതിയിരുന്നു. ഉത്ഭവത്തിൽ അവൾ പുരുഷനു തുല്യയാണ്. ജീവിതത്തിന്റെ പരമോദ്ദേശം അവൾക്കും പുരുഷനും ഒന്നുതന്നെയാണ്. ക്രിസ്തുവിന്റെ പാവനരക്തംകൊണ്ടു രക്ഷിക്കപ്പെട്ടതിനാൽ അവിടുത്തെ ആത്മീയസമ്പത്തുകൾക്കു് തുല്യാവകാശമാണ് സ്ത്രീക്കുള്ളതു്. ക്രിസ്തുവിലുള്ള വിശ്വാസം വഴിയായി നിങ്ങൾ എല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ്........എന്നാൽ പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസമില്ല. വി. പൗലോസിന്റെ വാക്യങ്ങളുടെ അർത്ഥം വിശദമാണല്ലോ.



സ്ത്രീപുരുഷന്മാരുടെ ഈ സമാവകാശവാദംകൊണ്ടു് ഇവർ രണ്ടു കൂട്ടരും തുല്യജീവിതചര്യ അനുഷ്ഠിക്കേണ്ടതാണെന്നു സ്ഥാപിക്കുവാൻ ആരുംതന്നെ ഉദ്ദേശിക്കുന്നില്ല. സമാവകാശശബ്ദം സ്ത്രീകളിൽ പലരും തെററിദ്ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. അതു സ്വാതന്ത്ര്യത്തിന്റെ മാനദണ്ഡമായി കരുതുന്നു. ഈ തെററിദ്ധാരണ മൂലമാണ് പുരുഷന്റെ പരിധിയിൽ എത്തുപെടുന്ന ഏതു ജോലിയും ചെയ്യുവാൻ സന്നദ്ധരായി സ്ത്രീകൾ മുന്നോട്ടുവരുന്നതു്. ചില രംഗങ്ങളിൽ പുരുഷന്മാരെക്കാൾ സ്ത്രീകൾക്കു് ഉൽകൃഷ്ടതയുണ്ടെന്നു മാത്രമല്ല അതിൽ ആത്മാർത്ഥമായി ഭാഗഭാക്കാവുക എന്നുള്ളതു് സമുചിതവുമാണ്. എന്നാൽ പുരുഷനെ എല്ലാകാര്യത്തിലും അനുകരിക്കുകയെന്നതു് ഒരു ആവേശമായിത്തീർന്നിട്ടുണ്ടു്. സ്ത്രീയുടെ വിനയത്തേയും അഭിമാനത്തേയും സംരക്ഷിക്കുന്നതിനു തികച്ചും പര്യാപ്തമായിരുന്ന ആ പരമ്പരാഗതമായ വസ്ത്രധാരണരീതിയും, ഇന്നത്തെ അനുകരണഭ്രമത്തെ തൃപ്തിപ്പെടുത്തുന്ന വസ്ത്രധാരണരീതിയും തമ്മിലുള്ള വ്യത്യാസം ചില്ലറയാണോ? പ്രസംഗവേദികളിൽ നിന്നുകൊണ്ടു് ജനനനിയന്ത്രണത്തേയും സ്ഥിതിസമത്വവാദത്തേയും ആദരിച്ചു് ഉജ്ജ്വലപ്രഭാഷണങ്ങൾ നടത്തുന്ന പല സഹോദരികളേയും നമ്മുടെ ഇടയിൽ കണ്ടേക്കുവരാം. സ്ത്രീസ്വാതന്ത്ര്യം എന്നു പറയുമ്പോൾ പുരുഷനു തുല്യമായ വേതനങ്ങളും പുരുഷനു തുല്യമായ പരിഗണനയും ലഭിക്കുക എന്നാണ് വയ്പു്. സ്ത്രീയുടെ അതിരുകടന്ന സംരംഭങ്ങളിൽനിന്നും അവളെ നിരോധിക്കുന്നതു് അവളുടെ സ്വാതന്ത്ര്യനിഗ്രഹത്തിനല്ല; അവളുടെ നൈസർഗ്ഗികകൃത്യങ്ങളിൽത്തന്നെ അവൾ നിരതയായിരിക്കണമെന്നു വാദിക്കുന്നതു് അവളുടെ അഭിവൃദ്ധിമാർഗ്ഗങ്ങളെ അടച്ചുകളയുന്നതിനുമല്ല. പ്രത്യുത അവളുടെ അവകാശങ്ങളേയും സ്ഥാനമാനങ്ങളേയും സംരക്ഷിക്കുന്നതിനു മാത്രമാണ്. വെറും അനുകരണത്തിന്റെ പേരിൽ, തുല്യനിലയുടെ പേരിൽമാത്രം, ഒരു സ്ത്രീ തന്റെ കർമ്മപരിധിയെ അതിലംഘിച്ചു് പുരുഷന്മാരുടെ കർമ്മപരിധിയിലേക്കു് എപ്പോൾ കാൽ കുത്തുന്നുവോ അപ്പോൾ അവരുടെ അവകാശങ്ങളും അധികാരങ്ങളും അവഗണിക്കപ്പെട്ടുതുടങ്ങും. വിവാഹത്തിന്റെ ഐക്യം, വിശുദ്ധി, അഭേദ്യത എന്നിവകൊണ്ടാണ് സ്ത്രീയുടെ ഉന്നതനില സംരക്ഷിക്കപ്പെട്ടുപോന്നിട്ടുള്ളതു്. ക്രിസ്തീയവിവാഹം സ്ത്രീലോകത്തിന്റെ സ്വാതന്ത്ര്യരഹസ്യമാണ്. ബഹുഭാര്യാത്വം, വിവാഹമോചനം എന്നിവയായിരുന്നു അവളുടെ അടിമത്തം.

കത്തോലിക്കാസഭയെ, ഈശ്വരദത്തയായ വധുകുലസംരക്ഷകയായി മനസാ നമസ്കരിക്കതന്നെ വേണം. ഇന്നു ചാരിത്ര്യം അഥവാ പാതിവ്രത്യം അവളുടെ ഭൂഷണമായി കരുതപ്പെടുന്നുവെങ്കിൽ— ഇന്നു അവൾ പുരുഷന്റെ സഖിയായി പരിഗണിക്കപ്പെടുന്നെങ്കിൽ — ഇന്നു ഒരുത്തനും അവളെ ഒരു കളിപ്പാട്ടമായി കരുതുവാൻ ധൈര്യപ്പെടുന്നില്ലെങ്കിൽ, ഇന്നു ദാമ്പത്യജീവിതത്തിൽ അവളുടെ അവകാശത്തെ അനാദരിക്കുവാൻ യാതൊരാളും മുതിരുന്നില്ലെങ്കിൽ അവൾ അതിനു്, വിവാഹത്തിന്റെ ഏകതയേയും പരിശുദ്ധിയേയും അഭേദ്യതയേയും നിരന്തരം അവികലമായി പരിരക്ഷിച്ചുപോന്ന കത്തോലിക്കാസഭയോടാണ് കടപ്പെട്ടിരിക്കുന്നതു്.

സുവിശേഷങ്ങൾ പ്രദാനംചെയ്ത ഈ ഔന്നത്യത്തിനു അളവററ കൃതജ്ഞതയാണ് സ്ത്രീലോകം പ്രദർശിപ്പിച്ചിട്ടുള്ളതു്. വനിതാലോകത്തിന്റെ ഹൃദ്യമായ സഹകരണമില്ലാതിരുന്നുവെങ്കിൽ നമ്മുടെ ക്രിസ്തീയനാഗരികതയ്ക്കു് എന്തു സംഭവിക്കുമെന്നു ഊഹിക്കപോലും വഹിയാ. വിശ്വാസത്തേയും 'സാഹോദര്യത്തേയും ഭൂമുഖത്തു വ്യാപിപ്പിക്കുവാൻ ദത്തശ്രദ്ധകളായി നിത്യകന്യകാത്വം സ്വയംവരിച്ച കന്യകാമണികളുടെ കഥ പോകട്ടെ, എത്രയെത്ര കുടുംബങ്ങളാണ് ഒരു തള്ളയുടെ—ഒരു മകളുടെ— പ്രാർത്ഥനാഫലമായി ഈശ്വരകോപത്തിൽനിന്നു രക്ഷിക്കപ്പെട്ടുപോരുന്നതു്. പാപമൃത്യുവിലാണ്ടിരുന്ന എത്ര പുത്രന്മാരാണ് ഒരു വിധവയുടെ കണ്ണുനീരിന്റെ ഫലമായി പുനർജ്ജീവിക്കുന്നതു്. എത്രയെത്ര ലാസറന്മാരാണ് വല്ല അടുക്കളക്കോണിലും കഴിക്കുന്ന മർത്തായുടെയും മറിയത്തിന്റെയും പ്രാർത്ഥനയാൽ ശവക്കല്ലറയിൽനിന്നു വിമുക്തരാകുന്നതു്. എത്ര കുടുംബങ്ങളിലാണ് വിശ്വാസദീപം അണഞ്ഞുപോകാതെ നോക്കുന്ന കൃത്യം അബലകളായ യുവതികൾ സ്വയം നിർവ്വഹിച്ചുപോരുന്നതു്.

ആധുനികലോകത്തിനും വിശിഷ്യ നമ്മുടെ ഭാരതഭൂവിനും കത്തോലിക്കാവനിതകളുടെ നിസ്തുലസേവനം പൂർവ്വാൽ ആവശ്യമായിരിക്കും. ഒരു ജനതയുടെ സാന്മാർഗ്ഗികവും സാമൂഹികവും സാമ്പത്തികവുമായ പരോഗമനത്തിൽ അതിന്റെ മർമ്മസ്ഥാനങ്ങൾ അദ്ധ്യാപികൈകാര്യം ചെയ്യേണ്ടതു് സ്ത്രീകൾ തന്നെയാണ്. കുടുംബം വ്യക്തികളുടെ പരിശീലനക്കളരിയാണ്; സമുദായത്തിന്റെ അസ്ഥിവാരമാണ്. ഈ നിലയിൽ ലോകത്തിന്റെ സുസ്ഥിതിക്കും ജനഗുണത്തിനുമായി മാതാവു്, ഭാര്യ, സഹോദരി, കുടുംബിനി എന്നീ നിലകളിൽ അനർഘങ്ങളായ സേവനങ്ങൾ നാം ചെയ്യേണ്ടതുണ്ടു്. സ്ത്രീകളുടെ ധർമ്മങ്ങളിൽവച്ചു് ഏററവും പ്രധാനം സന്താനസംരക്ഷണമാണ്. കുഞ്ഞുങ്ങളെ ഈശ്വരസന്താനങ്ങളും ഉത്തമ ക്രിസ്തീയപൗരന്മാരുമായി വളർത്തുകയെന്നുള്ളതാണ് അവളുടെ പ്രഥമകർത്തവ്യം. കുട്ടികളുടെ സംസ്കാരം മാതാവിന്റെ ഉത്സംഗത്തിലാണ് ആരംഭിക്കേണ്ടതു്. ശിശുഹൃദയം മെഴുകിനു തുല്യമാണ്. അതിൽ എന്തും നിഷ്പ്രയാസം മുദ്രണംചെയ്യപ്പെടുന്നു. അങ്ങനെ ബാലമനസ്സിൽ മുദ്രണംചെയ്യപ്പെടുന്നവയെ പില്ക്കാലങ്ങളിൽ പ്രമാർജ്ജനം ചെയ്തുകളയുക എന്നതു് അതിദുഷ്കരമാണ്. പിതൃജനങ്ങൾ സാധാരണ കരുതുന്നതിലൊക്കെ വളരെനേരത്തെ ശിശുക്കൾക്കു് ഗ്രഹണശക്തിയുണ്ടാകുന്നു. തന്റെ ശിശുവിനു് ഈ ശക്തിയുണ്ടാകുന്ന ആദ്യമുഹൂർത്തത്തെ ഓരോ മാതാവും സനിഷ്കർഷം പ്രതീക്ഷിച്ചിരിക്കണം. അതിനെ പാഴാക്കാനിടയാകുന്നതു് അപരിഹാര്യമായ നഷ്ടമായിരിക്കും. ഓരോ ശിശുവിന്റെയും ഹൃദയത്തിന്റെ അടിത്തട്ടിൽ പതിഞ്ഞുകിടക്കുന്ന ആദ്യപാഠം മാതാവിൽനിന്നുള്ള മാതൃകാപാഠവും സ്വർഗ്ഗീയതത്വങ്ങളുമാകട്ടെ. നിർഭാഗ്യവശാൽ ഇന്നു് ബഹുകാര്യനിരതരായി സ്ത്രീകൾ തങ്ങളുടെ ഏററവും ഉൽകൃഷ്ടമായ ചുമതലകൾക്കു രണ്ടാംസ്ഥാനമേ കല്പിക്കുന്നുള്ളു. ഉദ്യോഗലബ്ധിയും വ്യവസായശാലകളിൽ പണിയെടുപ്പും സ്ത്രീകൾക്കു കുഞ്ഞുങ്ങളുടെകാര്യം ശരിയായവിധം നിർവ്വഹിക്കുവാൻ നിവൃത്തിയില്ലാതാക്കുന്നുണ്ടു്.

താഴെപറയുന്ന ഹേതുക്കൾ സ്വശിശുവിന്റെ പ്രഥമാദ്ധ്യാപികയായി വർത്തിക്കുവാൻ ഒരു മാതാവിനെ പ്രേരിപ്പിക്കേണ്ടതാണ്.

1 ശിശുവിന്റെ കായികപോഷണം മാതാവിന്റെ കൃത്യമായിരിക്കുന്നതുപോലെ നിത്യഭാഗ്യത്തിനും മനുഷ്യസേവനത്തിനും ഉപകരിക്കത്തക്കവിധത്തിൽ അതിന്റെ മാനസികപോഷണം സാധിക്കയെന്നതും അവളുടെ ഈശ്വരദത്തമായ കൃത്യമാണ്.

2 സ്വമാതൃസ്തന്യംകൊണ്ടു് പോഷിപ്പിക്കപ്പെടുന്ന ആ ശിശുക്കൾ അരോഗദൃഢഗാത്രരായിരിക്കുന്നതുപോലെ സ്വമാതാവിനാൽ ക്രിസ്തീയതത്വങ്ങളിൽ ശിക്ഷണം നൽകപ്പെടുന്ന കുട്ടി മററുള്ളവരാൽ അദ്ധ്യാപനം ചെയ്യപ്പെടുന്ന കുട്ടികളെക്കാൾ സുശിക്ഷിതനായിരിക്കും.

3 മാതൃപുത്രബന്ധം സാമീപ്യസംസർഗ്ഗങ്ങൾകൊണ്ടു് ഉപര്യുപരി ദൃഢതരമായിരിക്കുന്നു. പ്രത്യുത ദീർഘവിരഹം തൽബന്ധത്തെ ദുർബലമാക്കുകയാണ് ചെയ്യുന്നതു്.

4 ഒരു കുട്ടിക്കു് തന്റെ അദ്ധ്യാപകനിലുള്ള മതിപ്പും വിശ്വാസവുമാണ് ജ്ഞാനാർജ്ജനത്തിൽ അവനുള്ള പ്രധാന പ്രേരകം. തന്റെ മാതാവിനെക്കാൾ കൂടുതലായി ആരെയാണ് ഒരു ശിശു വിശ്വസിക്കുക. അവന്റെ സകല വൈഷമ്യങ്ങളിലും അമ്മയാണ് ആലംബം. അവളുടെ വാക്കുകൾ അവനു നിസ്തർക്കമായ പ്രമാണമാണ്. ഇങ്ങനെ ശിശുഹൃദയം മാതൃവചസ്സുകൾ സ്വീകരിക്കുന്നതിനു സന്നദ്ധമായിരിക്കുന്ന കാലം അതിനു് മതശിക്ഷണവും, പ്രബുദ്ധവും സത്യസന്ധവും സമർത്ഥവുമായ പൗരബോധവും നൽകുന്നതിനായി വിനിയോഗിക്കുവാനശേഷവും ഉപേക്ഷ വിചാരിച്ചുകൂടാത്തതാകുന്നു.

5 മാതാവും ശിശുവും പ്രായേണ ഒരേഭവനത്തിൽ വസിക്കുകയും ഒരേ പാത്രത്തിൽനിന്നു ഭക്ഷിക്കുകയും ചെയ്തുപോരുന്നു. തന്നിമിത്തം അതിനു ശിക്ഷണം നൽകുന്നതിനു് ഒരു മാതാവിനു ലഭിക്കുന്ന സന്ദർഭങ്ങൾ സംഖ്യാതീതങ്ങളാണ്.

(അ. കേ. ക. കോ. 25-ാമതു വാർഷിക മഹാമഹം പ്രമാണിച്ചു നടത്തിയ വനിതാസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽനിന്നു്.)


## സെൻറ് ജോസഫ്സ് ബോർഡിംഗ് ഹൗസ്

കോഴിക്കോട്

സ്ഥലത്തെ സെൻറ് ജോസഫ്സ് ഹൈസ്കൂളിനോടു് അനുബന്ധിച്ചു്, ഈശോസഭാവൈദികരാൽ നടത്തപ്പെടുന്ന ബോർഡിംഗ് ഹൗസ് അടുത്തുവരുന്ന ജൂൺ രണ്ടാം തീയതി തുറക്കുന്നതാണ്.

നിരക്കുകൾ

| | |
|---|---|
| ഒന്നാം ക്ലാസ്സ് പ്രതിമാസം | 45 ക. |
| രണ്ടാം ക്ലാസ്സ് „ | 35 ക. |

ചേരുവാൻ ആഗ്രഹിക്കുന്നവർ മെയ് മാസാവസാനത്തോടുകൂടിയെങ്കിലും ഹെഡ്മാസ്റ്ററുടെ കോൺടക്ററു് സർട്ടിഫിക്കാറു് സഹിതം അപേക്ഷിക്കേണ്ടതാണ്.

എന്നു്

ഡയറക്ടർ



## Thanksgiving
for favours received.



Inserted by
Mrs. Mariamma Joseph
Mampilly, Narakal.


## Beatitudes for Brides

*D. F. Miller*

1. Blessed is the wife who knows the value of money, but who does not value it too highly.

2. Blessed is the wife who encourages her husband in his work, makes her home wherever his work takes him, and neither demands that he change jobs to please her nor complains that he is less successful than others in making a living.

3. Blessed is the wife who gives neither too much attention to her own family, nor too little to her in-laws.

4. Blessed is the wife who keeps her home neat and clean, and her personal appearance attractive, not only on occasion to please outsiders, but at all times to please her husband; and who is determined to please him with her cooking.

5. Blessed is the wife who is prepared to overlook her husband's faults, to forgive his mistakes, and to bear no grudge beyond sundown.

6. Blessed is the wife who despises and foreswears the use of tears, tamtrums and nagging against her husband.

7. Blessed is the wife who has no need of jealousy of her husband's friends because she knows how to hold first place in his affections.

8. Blessed is the wife who knows that children are the primary purpose of marriage, who looks forward to having them, welcomes them when they come, and has forearmed herself against all arguments in favour of the sinful limitation of her family.

9. Blessed is the wife who takes frequent refreshment and strength from the Sacraments, who is determined to build her home around the practice of family prayer, and whose first and all-embracing purpose is to help her husband and her children reach heaven.

10. Blessed is the wife who asks not so much to be loved as to love; not so much to be served as to serve.

Sathya Deepam

Vol 23 — Ernakulam April 19 1950 — No 32

# ആ വാടാപ്പൂക്കൾ

(1-ാം പേജു് തുടർച്ച)

പുഷ്പവ്യാപാരി പ്രത്യേകം ഏതോ മരുന്നിൽ മുക്കിയ പുഷ്പങ്ങളായിരുന്നു അവ എന്നായി മററുചിലർ. എന്നാൽ റോസപ്പൂക്കൾക്കു് നിത്യനവത്വം കൊടുക്കുന്ന മരുന്നുകൾ ഇതുവരെ ശാസ്ത്രജ്ഞന്മാർപോലും കണ്ടുപിടിച്ചതായി അവകാശപ്പെടുന്നില്ല എന്നറിഞ്ഞപ്പോൾ ആ വാദം അധഃപതിച്ചു.

പൂക്കളുടെ ഞെട്ടുകളെ ചേർത്തു കെട്ടിയിരുന്ന കമ്പിനൂലുകളിൽ ആകാശത്തിലെ ജലബിന്ദുക്കൾ ഘനീഭവിച്ചു പതിയുകയും ആ ജലം വലിച്ചെടുത്തു് പൂക്കൾ വാടാതിരിക്കയും ചെയ്യുന്നു എന്നു് ചിലർ വാദിച്ചു. എന്നാൽ അതേ മാതിരി കമ്പികൾകൊണ്ടു് കെട്ടിയ മററു പല മുടികൾ പരീക്ഷാർത്ഥം അവിടെ കൊണ്ടുവരികയും അവ എല്ലാം വാടുകയും ചെയ്തു എന്നുകണ്ടു് ഈ ശാസ്ത്രജ്ഞന്മാരും പിൻവാങ്ങി.

വിവാദവിഷയമായ പൂമുടി തടികൊണ്ടുണ്ടാക്കിയ ഒരു സ്വരൂപത്തിലാണു് അപ്പിച്ചതു് എന്നും, മുടിയിലെ കമ്പിയോ, പുഷ്പങ്ങളുടെ തണ്ടുകളോ, ഏതെങ്കിലും ഒന്നു് ആ രൂപം ഉണ്ടാക്കിയ തടിയുടെ ഇനിയും നിർജ്ജീവമാകാത്ത ഏതോ ഭാഗത്തു തട്ടി, ആ തടിയുടെ ജീവാംശം പൂക്കളിലേക്കു് പകർന്നതാണെന്നും ചില സസ്യശാസ്ത്രവിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടു. ഈ വ്യാഖ്യാനത്തിന്റെ സ്വഭാവംതന്നെ മതിയായിരുന്നു അതിനെ ത്യാജ്യകോടിയിൽ തള്ളുവാൻ.

പുഷ്പങ്ങളുടെ പ്രകൃതി സംബന്ധിച്ചു് പ്രത്യേകവൈദഗ്ധ്യം നേടിയ പല സസ്യശാസ്ത്രപടുക്കളും, വസ്തുസ്വഭാവനിരീക്ഷണകുതുകികളായ പല രസതന്ത്രശാസ്ത്രപടുക്കളും സ്റ്റോക്കപോർട്ടിലെ ഈ അത്ഭുതമുടി പരിശോധിക്കുവാനും സന്ദർശിക്കുവാനും അവിടെയെത്തി. പുഷ്പമുടി മാതൃസ്വരൂപത്തിൽ നിന്നു എടുത്തു മാററാതെ ഏതു പരീക്ഷണവും നടത്തുവാൻ സ്ഥലത്തെ വൈദികർ അവർക്കു അനുവാദവും നല്കി. ഒന്നിനുമേൽ ആക്ഷേപാർഹമായി സാമാന്യജനങ്ങൾക്കു തോന്നിയ ഒന്നിലധികം കാരണങ്ങൾ ഉന്നയിച്ചു് ആ അഭൗമമായ ദർശനത്തെ കേവലം ഭൗമ്യവും സാധാരണവുമാക്കിക്കാണിക്കാൻ പലരും ശ്രമിച്ചു. എന്നാൽ ആ പൂക്കൾ സകല ദുർവ്യാഖ്യാനങ്ങൾക്കും അതീതമായി നവസൗരഭ്യം തുളുമ്പിക്കൊണ്ടു് ആ ദേവാലയത്തിൽ പ്രശോഭിച്ചു.

ഇംഗ്ലണ്ടിലെ പത്രങ്ങൾ പലതും, പല അഭിപ്രായങ്ങളും എഴുതി. അകത്തോലിക്കാപത്രങ്ങൾ ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾ പ്രസിദ്ധപ്പെടുത്താൻ വെമ്പൽകൂട്ടി. എന്നാൽ അത്ഭുതങ്ങൾ പ്രവർത്തിച്ചുപോലും ലോകത്തെ തന്നിലേക്കാകർഷിക്കാൻ ശ്രമിക്കുന്ന പിതാവായ ദൈവത്തിന്റെ അനന്തമായ ശക്തിയിൽ വിശ്വസിച്ചിരുന്ന കത്തോലിക്കർ മാത്രം ഇതു് സ്വഭാവാതീതമായ ഒരു പ്രകടനമാണെന്നു് ഗ്രഹിച്ചു് അതിനു് മറെറാരു വ്യാഖ്യാനവും നല്കാൻ ബദ്ധപ്പെട്ടില്ല.

ദിവസങ്ങളും ആഴ്ചകളും പലതുകഴിഞ്ഞു. മാസങ്ങളും മുമ്പോട്ടുപോയി. പൂക്കൾവാടുന്ന ലക്ഷണം കാണുന്നില്ല എന്നു് പത്രങ്ങളിൽ റിപ്പോർട്ടു് തുടർന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടുമിരുന്നു.

ഏഴുകൊല്ലമായി തളർവാതരോഗബാധിതനായികിടന്ന ഒരു രോഗി ലൂർദ്ദിലെ തീർത്ഥജലസ്നാനംകൊണ്ടു് സുഖപ്പെട്ടശേഷം അവിടത്തെ മെഡിക്കൽ ബ്യൂറോ അധികൃതമായി അതു് അംഗീകരിച്ചു നല്കിയ സർട്ടിഫിക്കെറോടുകൂടി വീണ്ടും അവിടെവന്ന ആ മനുഷ്യനെ ഞാൻ കാണുകയുണ്ടായി. സ്വർഗ്ഗലോകത്തിലെ രഹസ്യങ്ങളുടെ ഏതോ ഒരു പ്രതിഫലനമാണു് ഞാൻ കാണുന്നതു് എന്നു് അപ്പോൾ എനിക്കു തോന്നി. അതുപോലെ ദൈവികപ്രവർത്തനങ്ങൾ ലൗകികവസ്തുക്കളിൽ പ്രകടമായി കാണുമ്പോൾ മനസ്സിനുണ്ടാകുന്ന വികാരങ്ങൾ പ്രത്യേകം അനുഭവയോഗ്യമാണെന്നുള്ള ചിന്ത സ്റ്റോക്കപോർട്ടിലെ വാടാപുഷ്പങ്ങൾ കാണുവാൻ എന്നെ പ്രേരിപ്പിച്ചു.

1947 ഒക്ടോബർ മുപ്പതാം തിയതി ആണെന്നു തോന്നുന്നു, സ്റ്റാഫോർഡിൽ നിന്നും ഞാൻ മാഞ്ചെസ്റ്ററിൽക്കൂടി അത്ഭുതപുഷ്പങ്ങൾ കാണുവാൻ യാത്രതിരിച്ചു. മാഞ്ചെസ്റ്റർവരെ തീവണ്ടിയിലും അവിടെനിന്നു ട്രാംകാർ മാർഗ്ഗവുമാണു് ഞാൻ പോയതു്. സ്റ്റോക്കപോർട്ടിൽ ഞാൻ ചെല്ലുമ്പോൾ സമയം അഞ്ചുമണിയോടടുത്തിരുന്നു. ട്രാമിൽനിന്നും ഇറങ്ങിയശേഷം ആദ്യം കണ്ട പോലീസുകാരനോടു് ഞാൻ ചോദിച്ചു: "ആ വാടാപുഷ്പങ്ങൾ ഉള്ള ദേവാലയം എവിടെയാണു്?"

അയാൾ ഒരു കത്തോലിക്കനായിരുന്നു എന്നു തോന്നുന്നില്ല. അതുകൊണ്ടു് എന്റെ ചോദ്യം അയാൾക്കു് അത്ര ഹൃദ്യമായിക്കണ്ടില്ല. എങ്കിലും ബ്രിട്ടീഷ് പോലീസിന്റെ കർത്തവ്യബോധം, അതു് വ്യക്തികളെ ആശ്രയിച്ചായിരുന്നില്ല. അയാൾ പറഞ്ഞു: "അതാ, ആ കാണുന്ന തെരുവിൽക്കൂടി നൂറുവാരമുമ്പോട്ടുപോയാൽ ഇടത്തോട്ടു് ഒരു ചെറിയ വീഥി കാണാം. ആ തെരുവിൽക്കൂടി നടന്നാൽ അടുത്തു വലതുവശത്തു്, ഒരു കുന്നിന്റെ മുകളിൽ കാണുന്നതാണു് നിങ്ങൾ അന്വേഷിക്കുന്ന സ്ഥലം.... പക്ഷേ പുഷ്പങ്ങൾ വാടിക്കഴിഞ്ഞിരിക്കുന്നു...."

പോലീസുകാരന്റെ മാർഗ്ഗദർശനത്തിനപ്പുറമുള്ള അഭിപ്രായം എന്നെ ഇച്ഛാഭംഗപ്പെടുത്തി. അതേസമയം അതു് ഒരു മനഃപൂർവ്വപ്രചരണത്തിന്റെ അംശമായിരിക്കുമോ എന്ന സംശയവും എനിക്കുണ്ടായി. ഏതായാലും നിർദ്ദിഷ്ടമായ മാർഗ്ഗത്തിൽക്കൂടി ഞാൻ ദേവാലയത്തിലേക്കു പോയി.

ഒരു വലിയ കുന്നിന്റെ മുകളിൽ പണിതിട്ടുള്ള സാമാന്യം വലിയ ഒരു ദേവാലയമായിരുന്നു അതു്. വളരെ അധികം ആളുകൾ അപ്പോഴും അവിടേക്കു വന്നും പൊയ്ക്കൊണ്ടും ഇരുന്നു. ഞാൻ അഞ്ചരമണിക്കു് ദേവാലയത്തിനുള്ളിൽ പ്രവേശിക്കുമ്പോൾ, ആ ദേവാലയം നിറയെ ആളുകൾ കൂടിയിരുന്നു. തിക്കിയും തിരക്കിയും ഞാൻ ഒരുവിധത്തിൽ മദ്ബഹായിലെ അഴികളുടെ അടുത്തെത്തി. ദൂരെമുതലേ മാതൃസ്വരൂപത്തിന്റെ ശിരോഭാഗത്തുതന്നെ നോക്കിക്കൊണ്ടാണു് ഞാൻ മുമ്പോട്ടടുത്തതു്. പൂക്കൾ കഷ്ടിച്ചുകാണാവുന്ന അകലത്തിൽ എത്തിയപ്പോൾ എനിക്കുതോന്നി, ആ പോലീസുകാരൻ പറഞ്ഞതു് സത്യമായിരുന്നു എന്നു്. "പൂക്കൾ വാടിക്കഴിഞ്ഞിരിക്കുന്നു." റോസപ്പൂക്കൾ — ചുവന്നുതിളങ്ങുന്ന ഇതളുകളോടുകൂടിയ ആ പൂക്കളെ പ്രതീക്ഷിച്ചുചെന്ന ഞാൻ ആ പോലീസുകാരൻ പറഞ്ഞുപോലെ ഉണങ്ങി നിറംകെട്ട പൂക്കളെ കാണുന്നതായി മനസാ സമ്മതിച്ചു. സ്വരൂപത്തോടു വീണ്ടും അടുത്തു. ചുററും നിരവധി പുഷ്പമാല്യങ്ങളും മുടികളുംകൂട്ടിയിരിക്കുന്നു. ഇരുപതിനാലുമണിക്കൂറിലധികം പഴക്കമില്ലാതിരുന്ന അവയെല്ലാം വാടിക്കരിഞ്ഞുകിടക്കുന്നു. വാടിക്കരിഞ്ഞ ആ മുടികളെ ഞാൻ സൂക്ഷിച്ചുനോക്കി. മഞ്ഞപ്പൂക്കൾ — മഞ്ഞറോസപ്പൂക്കളാണു് ഞാൻ കണ്ടതു്. അപ്പോൾമാത്രമേ, മുടിയിലെ പുഷ്പങ്ങളും മഞ്ഞറോസപ്പൂക്കളായിരിക്കാമെന്നു് ഞാൻ ആലോചിച്ചുള്ളു. വീണ്ടും കൗതുകത്തോടും താല്പര്യത്തോടുംകൂടി ഞാൻ വാടാപുഷ്പമുടിയെ പരിശോധിച്ചു. ഇന്നും ആവർത്തിച്ചു പറയാൻ എനിക്കു ധൈര്യം തോന്നുന്നു, ആ പുഷ്പങ്ങളിലെ ഒരു ഇതൾ പോലും വാടുകയോ പൊഴിയുകയോ ചെയ്തിരുന്നില്ല എന്നു്. ചുവന്ന പൂക്കൾ പ്രതീക്ഷിച്ച എന്റെ കണ്ണിൽപ്പെട്ട മഞ്ഞപ്പൂക്കളാണു് വാടിയപൂക്കളെന്നു് എന്നെ തെററിദ്ധരിപ്പിച്ചതു്.

അനേകം നാളുകൾക്കുമുമ്പു് ബെർണ്ണദെയുടെ ഗീതം എന്ന സിനിമാ കണ്ടുകൊണ്ടിരുന്നപ്പോൾ ഒരു പ്രസ്താവന വെള്ളത്തിരയിൽ തിളങ്ങുന്നതു ഞാൻ കണ്ടു. ആ വസ്തുത ഈ സന്ദർഭത്തിൽ ഞാൻ അനുസ്മരിച്ചു. തിരശ്ശീലയിൽ വെണ്മയേറിയ അക്ഷരങ്ങൾ പെറുക്കി നിരത്തി അവർ എഴുതിയിരുന്നു:

"ദൈവത്തിൽ വിശ്വസിക്കുന്നവർക്കു് ഈ മാതിരി പ്രകടനങ്ങൾക്കു് ഒരു വ്യാഖ്യാനവും ആവശ്യമില്ല. ദൈവത്തിൽവിശ്വസിക്കാത്തവർക്കു് ബോദ്ധ്യംവരുത്താവുന്നവ്യാഖ്യാനങ്ങൾസാദ്ധ്യവുമല്ല."

അതെ, ഈ പൂക്കൾ ഉദ്ദേശം എട്ടുമാസത്തോളം വാടാതിരുന്നതിന്റെ കാരണം ഒട്ടും ക്ലേശിക്കാതെ എനിക്കു മനസ്സിലായി. ദൈവം അതു് അങ്ങനെയാകട്ടെ എന്നു തീരുമനസ്സായി. അവിശ്വാസികൾ ആ വ്യാഖ്യാനം അംഗീകരിച്ചില്ല എന്നു ഞാൻ അറിഞ്ഞു. അതിൽ എനിക്കു് അസഹിഷ്ണുതയല്ല സഹതാപമാണു് അനുഭവപ്പെട്ടതു്.

ആ വാടാപുഷ്പങ്ങളെ നോക്കിക്കൊണ്ടു് കുറെസമയം നിർന്നിമേഷനായി ഞാൻ അവിടെ നിന്നു. ജനങ്ങൾ ധാരാളമായി അവിടെ വന്നുംപോയും ഇരുന്നു. കുറെസമയം കഴിഞ്ഞു് ഞാനും അവിടെനിന്നു് തിരിച്ചുപോയി.

ആ പുഷ്പങ്ങളെപ്പററിയുള്ള വാർത്തകൾ പത്രത്തിൽ കാണുമ്പോൾ ഞാൻ അന്നു കണ്ടകാഴ്ചകളെ അനുസ്മരിക്കാറുണ്ടു്. അന്നു ഞാൻ കണ്ട പുഷ്പങ്ങൾ മൂന്നു കൊല്ലങ്ങൾക്കുശേഷം ഇന്നും വാടാതിരിക്കുന്നതായി പത്രങ്ങളിൽ കാണുന്നു. അതു് വിശ്വസിക്കുവാൻ എനിക്കു പ്രയാസമില്ല. ഏഴുമാസങ്ങൾ വാടാതിരുന്ന പൂക്കൾ എത്ര എഴുമാസങ്ങൾപോലും അതുപോലെ ഇരിക്കുന്നതിൽ, കൂടുതൽ അവിശ്വസനീയതയ്ക്കു കാരണം ഒന്നുമില്ല.

1948 മേയിലും 49 മേയിലും 47ലേതുപോലെ തയാറാക്കിയ ഓരോ പുതിയ മുടികൾകൂടി ഒന്നിനൊന്നു് മുകളിലായി ആ സ്വരൂപത്തിൽ അപ്പിച്ചു എന്നും അവ മൂന്നും ഇന്നും വാടാതിരിക്കുന്നു എന്നും "സത്യദീപ"ത്തിൽ കണ്ട റിപ്പോർട്ടും, ആ വാടാപുഷ്പമുടികളുടെ ചിത്രവും വായനക്കാരുടെ ഓർമ്മയിൽനിന്നു മറഞ്ഞുകാണുകയില്ലല്ലോ.

വിശുദ്ധന്മാരുടെ മൃതദേഹം മരണശേഷം ലയംവരാതെ സ്ഥിതിചെയ്യുന്നതായി നമുക്കു് അറിയാം. അതു് വിശുദ്ധന്മാരുടെ ജീവിതരീതിയോ പുണ്യപൂർണ്ണതയോ അവരവരുടെ ശരീരങ്ങൾക്കു പ്രത്യേകമായ ഒരു ബാഹ്യശക്തി നല്കിയിരുന്നു എന്നു കരുതുന്നതിലും നല്ലതു്, അവരുടെ ലോകാദരണീയമായ ജീവിതധർമ്മത്തെ മഹത്വപ്പെടുത്തുവാൻ ദൈവം അവരുടെ മൃതദേഹത്തിൽക്കൂടി ഒരു അത്ഭുതം പ്രവർത്തിച്ചു എന്നു വിശ്വസിക്കുകയായിരിക്കും. കൂടുതൽ ബുദ്ധിപൂർവ്വകവും, യുക്തിക്കുചേർന്നതും ഈ ചോദ്യംചെയ്യപ്പെടാത്ത വിശ്വാസമാകുന്നു എന്നു പറയുന്നതും യുക്തിവാദികളുടെ ദൃഷ്ടിയിൽ പരിഹാസ്യമായിരിക്കാം. എന്നാൽ സ്റ്റോക്ക്പോർട്ടിലെ പുഷ്പങ്ങൾ വാടാത്തതിന്റെ കാരണം, അവയുടെ തണ്ടിനെ ചുററുന്ന കമ്പികളുടെ കാന്തശക്തിയോ വൈദ്യുതശക്തിയോ ആണെന്നു് വിശ്വസിക്കുന്നതായി നടിക്കുന്നവരുടെ "വിശ്വാസ"മനോഭാവമല്ലേ കൂടുതൽ ദയനീയം എന്നു ഞാൻ ചിലപ്പോൾ സമാധാനപ്പെടാറുണ്ടു്.



വാടാത്ത മൂന്നു പുഷ്പമുടികൾ

Permissu Ecclesiastico
Printed & Published by
K L Varkey
at the Mar Louis Memorial Press
Ernakulam